# മലയാളരാജ്യം

## ആഴ്ചപ്പതിപ്പ്





# THE MALAYALA RAJYAM ILLUSTRATED WEEKLY

Vol. XXII | As. 2 | No. 214

20th February 1950

ശാസ്ത്രപംക്തി

# കണ്ണും കാഴ്ചയും

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

പരിണാമസിദ്ധാന്തപ്രകാരം ഏറ്റവും താണപടിയിൽ നില്ക്കുന്ന ജന്തുക്കൾക്ക് മിക്കതിനും കണ്ണോ കാഴ്ചയോ ഇല്ല. ഇവയുടെ എണ്ണം ഒട്ടും കുറവല്ലതാനും. കൂടുതൽ കൂടുതൽ പുരോഗതിനേടിയിട്ടുള്ള ജന്തുക്കളിൽ കൂടുതൽ കൂടുതൽ സങ്കീർണ്ണമായ ശരീരഘടനയും ഇന്ദ്രിയപ്രവർത്തനങ്ങളും കാണപ്പെടുന്നു. മണ്ണിര അട്ടകൾ മുതലായ ജീവികൾക്ക് കണ്ണും കാഴ്ചയും ഇല്ലാത്തതിനാൽ അവ പരിപൂർണ്ണ അന്ധന്മാരാണ്. ഇങ്ങേയറ്റത്ത് ഈ ജന്തുക്കളെ നിർത്തിയാൽ അങ്ങേയറ്റത്ത് മനുഷ്യനെക്കാൾ വളരെമടങ്ങ് കാഴ്ചശക്തിയുള്ള പക്ഷികളും മനുഷ്യന്റെ ഇന്ദ്രിയങ്ങൾക്ക് ഗോചരമല്ലാത്ത അൾട്രാവൈലറ്റ് രശ്മികളിൽ കാണാൻ കഴിവുള്ള തേനീച്ചകളും നില്ക്കുന്നതായി നമുക്കു വിചാരിക്കാം. ഈ രണ്ട് അതിരുകൾക്കുള്ളിൽ പല ഗ്രേഡിലുള്ള കാഴ്ചക്കാരെ നാം കണ്ടെത്തുന്നു.

കണ്ണില്ലാത്ത മിക്കവാറും എല്ലാ ജന്തുക്കൾക്കും ഇരുട്ടും വെളിച്ചവും തമ്മിൽ വിവേചിച്ചറിയാനുള്ള കരുത്തുണ്ട്. പ്രകാശരശ്മികൾ പതിക്കുന്നിടങ്ങളിൽനിന്ന് അന്ധകാരമുള്ള ഭാഗങ്ങളിലേക്ക് നീങ്ങിമാറുവാൻ അവയ്ക്കു സാധിക്കുന്നു. അന്ധകാരത്തിലെ ജീവിതമാണ് അവയ്ക്കിഷ്ടം. മനുഷ്യനും മറ്റ് അനവധി ജന്തുക്കളും ഇരുട്ട് വെറുക്കുന്നതുപോലെ അവ വെളിച്ചം വെറുക്കുന്നു. ഈ ജീവികൾക്ക് നമ്മുടെ പ്രപഞ്ചത്തെപ്പറ്റിയുള്ള ധാരണയെന്താണ്? നാം അവയെപ്പറ്റി പരിതപിക്കുന്നതുപോലെ ഒരുപക്ഷേ അവ നമ്മെപ്പറ്റിയും പരിതപിക്കുന്നുണ്ടാവാം! ചില മതവിശ്വാസികൾ അന്യരെ വിചാരിച്ച് പരിതപിക്കുന്നതുപോലെയാണ് നമ്മുടെ നിലയും.

ഒച്ചുകൾ, അട്ടകൾ, ഈച്ചകൾ മുതലായവയും അവയെക്കാൾ പ്രാകൃതരായ മറ്റനവധി ജീവികൾക്കും കണ്ണിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് പറയപ്പെടുന്ന 'കൺപൊട്ടുകൾ' (eye spots) ഉണ്ട്. ഈ കൺപൊട്ടുകൾക്ക പ്രകാശരശ്മികൾ തിരിച്ചറിയാനുള്ള ശേഷിയുണ്ട്. കണ്ണിന്റെ ഏറ്റവും പ്രാകൃതമായ ഒരു ദശയാണ് ഇവയിൽ നാം കാണുന്നത്. തലച്ചോറിന്റെയോ നാഡികേന്ദ്രങ്ങളുടെയോ നിയന്ത്രണമോ സഹായമോ ഈ കൺപൊട്ടുകൾക്കില്ല. കൂടുതൽ പുരോഗതി നേടിയിട്ടുള്ള ജന്തുക്കളിൽ ഈ ബന്ധം സുസ്ഥാപിതമാണ്.

ഇഴജന്തുക്കളിൽ കണ്ണിന്റെ പരിണാമത്തിലെ പല ദശകളും നമുക്കു കണ്ടെത്താൻ കഴിയും. പാമ്പിന്റെ കണ്ണുകൾ വലിപ്പമേറിയതാണെങ്കിലും കാഴ്ചശക്തികുറഞ്ഞവയാണ്. ഇതുമായി സാമ്യപ്പെടുത്തിയാൽ ഓന്ത്, അരണ മുതലായവയുടെ കാഴ്ച കൂടുതൽ ശക്തിയുള്ളതാണെന്നു പറയാം. ഇരതേടലിന് ഇതു ആവശ്യമാണുതാനും. ഇവയിൽ ചില ജീവികളുടെ കൺപോളകൾക്ക ചലനശക്തിയുണ്ട്. വാനരന്മാർക്കുള്ളത്ര ദൂരക്കാഴ്ച ഇവയ്ക്കുണ്ടത്രെ!

വെള്ളത്തിൽവച്ചുള്ള കാഴ്ചയ്ക്കു അനുകൂലമായ വിധത്തിലാണ് മത്സ്യങ്ങളുടെ സൃഷ്ടി. ശിരസ്സിന്റെ ഇരുഭാഗങ്ങളിലായി കാണപ്പെടുന്ന കണ്ണുകൾ വളരെ പരന്നിരിക്കുന്നു. മത്സ്യങ്ങൾക്കു മറ്റു പല ജീവികളെയുംകാൾ ഭേദമായവിധം നിറങ്ങൾ തിരിച്ചറിയാൻസാധിക്കും. തിമിംഗലത്തിന്റെ കണ്ണ് അതിന്റെ ശരീരവുമായി താരതമ്യപ്പെടുത്തിയാൽ വളരെ ചെറുതാണ്.

പരിപൂർണ്ണമായ ഇരുട്ടിൽ കാണാൻകഴിവുള്ള ജീവികൾ ഇല്ലതന്നെ. നക്തഞ്ചരരായ പല ജീവികൾക്കും ഇരുട്ടിൽ സാമാന്യം ഭംഗിയായി കാണാൻകഴിയും. നത്ത്, മൂങ്ങ, പൂച്ച മുതലായവ ഇതിനുദാഹരണങ്ങളാണ്. മനുഷ്യനു കാറിരുട്ടായിത്തോന്നുന്ന രാത്രികളിൽ ആകാശത്തിൽ മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങൾ പ്രസരിപ്പിക്കുന്ന അതിലോലമായ പ്രകാശരശ്മികൾ മതിയാവും അവയ്ക്ക് കണ്ണുകാണാൻ! മനുഷ്യദൃഷ്ടിക്ക് ലക്ഷീഭവിക്കാത്ത പ്രകാശരശ്മികൾമതി അവയ്ക്കു് വെളിച്ചത്തിന്! അവസരോചിതമായി കണ്ണുദൃഷ്ടിയെ വ്യത്യാസപ്പെടുത്താനും ഈ ജീവികൾക്ക് കഴിയുന്നു. കൂടാതെ വളരെ വലിപ്പമുള്ള കണ്ണുകളുമാണ് അവയുടേതു്. ഇക്കാരണങ്ങളാൽ ലഭ്യമാകുന്ന പ്രകാശരശ്മികൾ എല്ലാം സംഭരിച്ച് ഉപയോഗിക്കാൻ അവയ്ക്കു് സാധിക്കും. വളരെ വളരെ മങ്ങിയ വെളിച്ചത്തിൽ വളരെ ഉയരത്തിൽ സഞ്ചരിക്കുമ്പോഴും തറയിൽ അനങ്ങുന്ന പുഴുവും കൃമിയുംപോലും മൂങ്ങയുടെ ദൃഷ്ടിയിൽപെടും! രാത്രിയിലത്തെ ഇരതേടൽ അതിന് ഏറ്റവും ഉത്സാഹകരമാണ്.

മനുഷ്യനെക്കാൾ പതിന്മടങ്ങ് കാഴ്ചശക്തിയുള്ള കണ്ണുകളാണ പക്ഷികൾക്കുള്ളതു്. കണ്ണിന്റെ ഘടനാവിശേഷത്തിലും കാഴ്ചയുടെ പരിധിയിലും പക്ഷികൾ മനുഷ്യനെ പരാജയപ്പെടുത്തിയിരിക്കുന്നു. കഴുകന്റെ കണ്ണിന്റെ കാര്യം എല്ലാവർക്കും അറിയാം. ആകാശത്തിൽ വളരെ ഉയരത്തിൽ വട്ടംചുറ്റിപ്പറന്നുകൊണ്ടിരിക്കുമ്പോൾ താഴെ തറയിൽ വളരെ ചതുരശ്രമൈൽ വിസ്താരത്തിൽ സ്ഥിതിചെയ്യുന്ന നിസ്സാരവസ്തുക്കൾപോലും അതു് കാണുന്നുണ്ട്. ഈ പക്ഷിയെപ്പോലെ അതിസൂക്ഷ്മമായ കാഴ്ച വേറെ ജന്തുക്കൾക്കൊന്നിനുംതന്നെയില്ല. ദൂരക്കാഴ്ചയുടെ കാര്യത്തിലും പക്ഷികളെ രണ്ടാംകിടയിലാക്കാൻ മറ്റു ജന്തുക്കൾക്കൊന്നിനും സാധിക്കുന്നില്ല. നീർപ്പക്ഷികളുടെ കണ്ണുകൾ അവയുടെ ജീവിതരീതിക്കനുസരണമായിട്ടാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളതു. മരക്കൊമ്പിലിരിക്കുന്ന പൊന്മാന് ആഴമുള്ള കയങ്ങളുടെ അടിത്തട്ടിൽ കഴിയുന്ന മത്സ്യങ്ങളെക്കാണാൻ ഒരു വിഷമവുമില്ല.

കലമാൻ നായ് കുറുക്കൻ മുതലായ ജന്തുക്കളുടെ കാഴ്ച താരതമ്യേന മോശമാണ്. അവ പ്രധാനമായി ഘ്രാണേന്ദ്രിയത്തെ ആശ്രയിച്ചാണ് കാര്യങ്ങൾ കാണുക. കണ്ണിനെക്കാൾ മൂക്കും ചെവിയുമാണ് അവ ഉപയോഗപ്പെടുത്തുന്നതു. ഈ ജന്തുക്കൾക്കെല്ലാം ദൂരക്കാഴ്ചയും വളരെക്കുറവാണ്.

കണ്ണും കാഴ്ചയുമുള്ള ജന്തുക്കളിൽ ഒരു വലിയവിഭാഗത്തിനും പ്രകൃതിയിലെ വിവിധനിറങ്ങൾ തിരിച്ചറിയാനുള്ള ശേഷിയില്ല. വിവിധവർണ്ണങ്ങളാൽ മോടിയാക്കപ്പെട്ടിട്ടുള്ള ഈ പ്രകൃതിയെ വെളുപ്പും കറുപ്പുംആയിമാത്രമേ അവ അറിയുന്നുള്ളു. മറ്റു നിറങ്ങളൊന്നും അവയുടെ ഇന്ദ്രിയങ്ങൾക്ക ഗോചരമല്ല. നായ്, പൂച്ച, പശു, ആട്, കുതിര, കാള മുതലായവയ്ക്കൊന്നിനും വിവിധനിറങ്ങൾ കാണാൻ കഴിവില്ല. എന്നാൽ വാനരങ്ങൾക്ക് അതിനുള്ള ശേഷിയുണ്ട്. പക്ഷിവർഗ്ഗം ഇതിൽനിന്നു ഭിന്നമാണ്. പക്ഷികളിലെല്ലാംതന്നെ വിചിത്രരീതികളിൽ വിവിധവർണ്ണങ്ങളാൽ വളരെ മനോഹരമാക്കപ്പെട്ടിരിക്കുന്നു. ഇണയെ ആകർഷിക്കാനാണ് അധികവും ഈ അലങ്കാരങ്ങളെല്ലാം. ചുവപ്പ്, പച്ച, മഞ്ഞ, ഓറഞ്ച് ഇവ അവയ്ക്കു വളരെ വ്യക്തമായി തിരിച്ചറിയാൻ സാധിക്കും. നീലനിറം പ്രത്യേകിച്ചറിയാൻ ചില ഇനം പക്ഷികൾക്ക കഴിയുന്നില്ല. മത്സ്യവർഗ്ഗത്തിനു നിറങ്ങൾ തിരിച്ചറിയാൻകഴിയുമെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ട്. അതിനു ശേഷിയുള്ളവയെല്ലാംതന്നെ വിവിധവർണ്ണാങ്കിതങ്ങളാണുതാനും. ചിത്രശലഭങ്ങളിൽ വിവിധജാതികൾക്കു നിറഭേദങ്ങൾ തിരിച്ചറിയാനുള്ള ശേഷി പലവിധത്തിലാണ്. ഇവയ്ക്കും നിശാശലഭങ്ങൾക്കും നിറങ്ങൾ മിക്കതും നല്ലതുപോലെ കാണാം. ഇതുപോലെതന്നെയാണ തേനീച്ചകളെങ്കിലും പൂവിലെ മധുവിന്റെ മണംപിടിച്ചാണ് അവ ചെന്നെത്തുക. നീലവും മഞ്ഞയുമാണ അവയ്ക്കു ഏറ്റവും പ്രിയമുള്ളതു്. ചുവപ്പും കറുപ്പും അവയ്ക്കു അത്ര നല്ലവർണ്ണം അറിവില്ലത്രേ! മനുഷ്യദൃഷ്ടിക്ക ഗോചരമല്ലാത്ത അൾട്രാവൈലറ്റ് രശ്മികളിൽ തേനീച്ചകൾക്ക കാഴ്ചയുണ്ട്. അതിനാൽ മനുഷ്യബോധത്തിനതീതമായ ഒരു മണ്ഡലം അവയ്ക്കുണ്ടെന്നു വിചാരിക്കാവുന്നതാണ്. ഈച്ചകൾക്ക നീലം തിരിച്ചറിയാമെങ്കിലും അതു് അത്ര പിടുത്തമല്ല. കൊതുകിനു വെള്ളയും, മഞ്ഞയും, കറുപ്പും കാണാൻകഴിയുമെങ്കിലും ആദ്യത്തെ രണ്ടു നിറങ്ങളോടു വിപരീതമാണുള്ളതു്.

പ്രകൃതിയിൽ നിലനില്പിനുവേണ്ടി നിരന്തരമായ പോരാട്ടമാണുനടക്കുന്നതു്. ഈ പോരാട്ടത്തിൽ ശത്രുവർഗ്ഗങ്ങളുടെ കണ്ണിൽപ്പെടാതെ ഒഴിഞ്ഞുനില്ക്കുവാനുള്ള കഴിവുമൂലം എത്രയെത്ര ജന്തുക്കൾ രക്ഷപ്പെടുന്നു! ആകൃതിവിശേഷമൂലവും വർണ്ണവിശേഷങ്ങൾമൂലവുമാണ് അധികവും ഇതു സാധിക്കുന്നതു്. ജീവികൾക്ക ചുറ്റുപാടുകൾക്കനുസരണമായ ആകൃതിയും നിറവും സാധാരണ കാണപ്പെടുന്നു.

മനുഷ്യൻ അവന്റെ പരിമിതമായ കാഴ്ചശക്തിയെ പലവിധ ഉപകരണങ്ങളുടെ ഉപയോഗംകൊണ്ട് വളരെയേറെ വർദ്ധിപ്പിച്ചിട്ടുണ്ട്. ഭൂതക്കണ്ണാടിയും ദൂരദർശിനിയുമെല്ലാം ഇതിനുദാഹരണങ്ങൾതന്നെ. അവന്റെ ഇന്ദ്രിയങ്ങളുടെ പിടിയിൽപ്പെടാതെ നില്ക്കുന്ന എത്രയെത്ര കാര്യങ്ങൾ അവൻ ഇന്ന് ശക്തിക്കധീനമാക്കിയിരിക്കുന്നു. കാര്യം ഇങ്ങനെയാണെങ്കിലും കണ്ണിനേയും കാഴ്ചയേയുംപറ്റിയുള്ള അവന്റെ അറിവ് എത്ര അപൂർണ്ണമാണ്! അറിവുള്ളതിനെക്കാൾ അറിവില്ലാത്ത സംഗതികളാണ അതിൽ കൂടുതൽ.

ഇന്ദ്രിയശക്തിയുടെ സാദ്ധ്യതകൾ വളരെ പരിമിതമാണ്. ഒരു ക്ലിപ്തമണ്ഡലംവിട്ടുയരുവാൻ അതിനു കഴിവില്ല. അഭാവത്തിലും ഭാവത്തിൻപരകോടിയിലും അവയ്ക്കുള്ള അനുഭവം ഒന്നുതന്നെ. "ഭാവത്തിൻ പരകോടിയിൽ സ്വയം അഭാവത്തിൻ സ്വഭാവംവരും!"—എന്നു മഹാകവി പാടിയതു് എത്രപരമാർത്ഥം. ഇന്ദ്രിയശക്തിയുടെ അസ്ഥിരതയ്ക്കു് ഇതിലേറെ തെളിവെന്തിനു? ആധുനികശാസ്ത്രം പുരോഗമിക്കുംതോറും ഇന്ദ്രിയശക്തികളെ അവിശ്വസിച്ചുതുടങ്ങേണ്ടതിന്റെ അത്യാവശ്യമാണ് ശാസ്ത്രജ്ഞന്മാർക്ക് അനുഭവപ്പെട്ടുവരുന്നതു്.

—o—

# ശിവരാത്രി

—:*:—

സാധുശീലൻ
കെ. പരമേശ്വരൻപിള്ള

ഈ വർഷത്തിൽ ഫെബ്രുവരി ൧൯-ാംനു ശിവരാത്രി ആഘോഷിച്ചിരിക്കുന്നു. ഹിന്ദുക്കൾക്കാകമാനം മതപരമായി ഏറ്റവും പ്രാധാന്യമുള്ള ഒരു ഉപവാസദിനമാണ് ശിവരാത്രി. കർമ്മം, ജ്ഞാനം, ഭക്തി, യോഗം ഈ മാർഗ്ഗങ്ങളിലേതെങ്കിലും ഒന്നിൽകൂടി മനുഷ്യർ ജന്മസാഫല്യം നേടേണ്ടിയിരിക്കുന്നു. എല്ലാവർക്കും അനുകരണീയമായ ദിഗ്ദർശനമാണ് ശിവന്റെ കോമളരൂപം നമുക്കു നൽകുന്നതു്.

മുക്തിപ്രദനും ഉപനിഷൽപ്രതിപാദ്യനുമായ ശിവനെ പുരാണങ്ങളിൽ ഉഗ്രമൂർത്തിയായും സൗമ്യമൂർത്തിയായും കാണിച്ചിട്ടുണ്ട്. ധർമ്മമുള്ളേടത്തു ശിവന്റെ സാന്നിദ്ധ്യം പ്രത്യക്ഷീഭവിക്കും എന്ന വാസ്തവത്തെ കാണിക്കുവാനാണ് പരമശിവനെ വൃഷഭവാഹനനാക്കി വർണ്ണിക്കുന്നതു്. ശിവന്റെ മൂന്നു കണ്ണുകൾ അദ്ദേഹം ത്രികാലജ്ഞാനിയാണെന്നതിന്റെ ലക്ഷണമാണ്. ആത്മജ്ഞാനത്തെ പ്രദാനംചെയ്യുന്ന യോഗീശ്വരനാണ് ശിവൻ എന്നുള്ളതിന്റെ സൂചകമായിട്ടാണ് ശിവനെ ശ്മശാനവാസിയായി കല്പിക്കുന്നതു്. ഗൃഹസ്ഥാശ്രമത്തിന്റെ ഉൽകൃഷ്ടമായ ആദർശത്തെ കാണിക്കുവാനാണ് ശിവനെ അർദ്ധനാരീശ്വരനാക്കി കല്പിക്കുന്നതു്. അന്യർക്ക് അമൃതം നൽകുവാൻവേണ്ടി കാളകൂടവിഷത്തെ ശിവൻ പാനംചെയ്തു നീലകണ്ഠനായിത്തീരുന്നു. പാപവാസനകളാകുന്ന സർപ്പങ്ങൾ ശിവന്റെ അനന്തസുന്ദരമായ കളേബരത്തിൽ ചുറ്റിപ്പിണഞ്ഞുകിടക്കുന്നുവെങ്കിലും അദ്ദേഹത്തെ ദംശിക്കുന്നില്ല. വിഭിന്നരൂപങ്ങളിൽ മൃത്യു അദ്ദേഹത്തെ വലയംചെയ്യുന്നുവെങ്കിലും ശിവനെ സ്പർശിക്കുവാൻ കഴിയുന്നില്ല. ശിവന്റെ താണ്ഡവനൃത്തം ലോകത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരാത്മകമായ ഗതിയെയാണ് സൂചിപ്പിക്കുന്നതു്. ശിവൻ ഭക്തവത്സലനും സംഹാരരുദ്രനുമാണ്. അദ്ദേഹം യോഗികളുടെ മഹേശ്വരനും ഭക്തന്മാരുടെ മംഗളകരനുമാണ്.

ശിവരാത്രി മാഹാത്മ്യത്തിനു ആസ്പദമായ ഒരു പുരാണകഥയുടെ സാരം ഇപ്രകാരമാണ്. കഷ്ടതകൾകൊണ്ടു ദുഃഖിതനായ പുഷ്കരൻ എന്ന ഒരു വേടൻ ഒരിക്കൽ ഒരു കൂവളവൃക്ഷത്തിൽ കയറി, കണ്ണുനീർ വാർത്തുകൊണ്ടിരുന്നു. രാത്രി മുഴുവനും വില്വപത്രങ്ങൾ ഇറുത്തു താഴെയിട്ടുകൊണ്ടു ഉറങ്ങാതെതന്നെയിരുന്നു. അവൻ പൊഴിച്ച കണ്ണുനീരുകൾ വില്വവൃക്ഷച്ചുവട്ടിൽ ഉണ്ടായിരുന്ന ശിവവിഗ്രഹത്തെ അഭിഷേകം ചെയ്തു. അവൻ ഇറുത്തിട്ടുകൊണ്ടിരുന്ന വില്വപത്രങ്ങൾ ആ ദിവ്യവിഗ്രഹത്തിൽ അർച്ചനയായി ഭവിച്ചു. അന്നൊരു ശിവരാത്രി ആയിരുന്നു. നേരം പുലർന്നപ്പോഴേയ്ക്കും ധ്യാനനിരതനായിരുന്ന ആ വേടൻ ശിവഭൂതന്മാരാൽ പരിവേഷ്ടിതനായി ശിവലോകത്തിലേയ്ക്കു ആനയിക്കപ്പെട്ടു.

ഈ ദിവ്യകഥകളെക്കൊണ്ടു നാം മനസ്സിലാക്കേണ്ടതു എന്താണ്? എങ്ങനെയെങ്കിലും ഉറക്കമൊഴിക്കാനുള്ള ദിവസമല്ല ശിവരാത്രി. ശിവരാത്രി ഉപവാസത്തിനും, ആരാധനയ്ക്കും, ധ്യാനത്തിനുമുള്ള പുണ്യദിനമാണ്. വിശേഷിച്ചു ഓരോ യാമത്തിലും ആരാധനയും പൂജയും നടത്തേണ്ടതാണ്. ഇത്തരം പുണ്യദിനങ്ങളുടെ വൈശിഷ്ട്യങ്ങളെപ്പറ്റി ഇന്നെത്ര ഹിന്ദുക്കൾ അറിയുകയും അറിയാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്? ഈ പുണ്യദിനങ്ങളുടെ ശരിയായവണ്ണമുള്ള ആചരണങ്ങളുടെ വെളിച്ചത്തിലാണ് ഭാരതീയസംസ്കാരം പ്രകാശമാനമാകുന്നതു്. അതറിഞ്ഞു ഹിന്ദുക്കൾ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നെങ്കിൽ......!

—o—

നാരായണീയം

സവ്യാഖ്യാനം

വ്യാഖ്യാതാക്കൾ { മഹോപാദ്ധ്യായ എൻ. രാമൻപിള്ള
കാവുങ്കൽ നീലകണ്ഠപ്പിള്ള

കവികുലകൂടസ്ഥനായ മേല്പുത്തൂരിന്റെ നാരായണീയത്തെപ്പറ്റി വിവരിക്കേണ്ട ആവശ്യമേയില്ല. എല്ലാ പദ്യങ്ങൾക്കും സാരവും അതിഗഹനങ്ങളായ പ്രയോഗങ്ങളുടെ സ്വാരസ്യങ്ങളും ഇതിൽ സംഗ്രഹമായി ലളിതഭാഷയിൽ ചേർത്തിട്ടുണ്ട്. വില രൂ: 1. ണ 8.

മാനേജർ, ശ്രീരാമവിലാസംപ്രസ്സ് കൊല്ലം

ബ്രാഞ്ചുകൾ—തിരുവനന്തപുരം, ആലപ്പുഴ.






# മലയാളരാജ്യം

## ആഴ്ചപ്പതിപ്പ്

പുസ്തകം ൨൨ | കൊല്ലം, ൧൧൨൫ കുംഭം ൯-ാംനു തിങ്കളാഴ്ച 20th February 1950. | ലക്കം ൨൧൮


# വിദ്യാഭ്യാസപരമായ കൈമാററപരിപാടി

## ന്യൂഡെൽഹിയിൽവച്ച് ഇന്ത്യയും യു. എസ്സും ഫുൾബ്രൈററ്കരാറിനു ഒപ്പുവച്ചു

യു. എസ്സിനും ഇന്ത്യയ്ക്കും അന്യോന്യം ഗുണപ്രദമാംകുമാറു വിജ്ഞാനം കൈമാററംചെയ്യുന്നതിനു സൗകര്യംനൽകിക്കൊണ്ടു ഇന്ത്യാഗവണ്മെൻറും യു. എസ്. ഗവണ്മെൻറും തമ്മിൽ ന്യൂഡെൽഹിയിൽവച്ചു ഫെബ്രുവരി രണ്ടാംതീയതി ഒരു ഉടമ്പടി ഒപ്പുവച്ചു. ഇന്ത്യയ്ക്കുവേണ്ടി ഇന്ത്യാപ്രധാനമന്ത്രി പണ്ഡിത ജവഹർലാൽനെഹ്റുവും, യു. എസ്സിനുവേണ്ടി ഇന്ത്യയിലെ അമേരിക്കൻസ്ഥാനപതിയായ മി: ലായി ഡബ്ളിയു. ഹെൻഡേഴ്സനും ഒപ്പുവച്ചു. ഉടമ്പടി ഉടനടി നടപ്പിൽവരുന്നു. ഇന്ത്യാപ്രധാനമന്ത്രിയുടെ വിദേശകാര്യാലയത്തിൽവച്ചു നടന്ന

ഉടമ്പടിവ്യവസ്ഥകൾ:— ഇന്ത്യയിൽ സ്ഥാപിതമായിട്ടുള്ള ഉന്നതവിദ്യാലയങ്ങളിലും സ്ഥാപനങ്ങളിലും യു. എസ്. പൗരന്മാരുടെ വിദ്യാഭ്യാസങ്ങൾക്കും ഗവേഷണസംരംഭങ്ങൾക്കും മററു വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കുമായി രൂപ ചിലവഴിക്കുവാൻ ഈ ഉടമ്പടി വ്യവസ്ഥചെയ്യുന്നു. ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിൽ സംബന്ധിക്കുവാൻ യു. എസ്സിലേയ്ക്കു പോകുന്ന ഇന്ത്യൻപ്രജകളെ അവിടെ കൊണ്ടുപോകുന്നതിനുള്ള ചിലവുകൾക്കും ഇതു വ്യവസ്ഥചെയ്യുന്നുണ്ടു്. ഇതിനു ചില പരിമിതികളുണ്ടു്. എന്നിരുന്നാലും അംഗീകൃതവിദ്യാഭ്യാസപരിപാടികളിൽ ഈ ഫണ്ടിൽനിന്നു എത്രയും അധികം ഇന്ത്യൻപ്രജകൾക്കു

റിചെയർമാൻ ഇന്ത്യയിലെ യു. എസ്. സ്ഥാനപതി ആയിരിക്കും. ബോർഡംഗങ്ങളുടെകൂട്ടത്തിൽ ഇന്ത്യയിലെ നാലു പൗരന്മാരും യു. എസ്സിലെ നാലു പൗരന്മാരും ഉൾപ്പെടുന്നു. ഈ വിദ്യാഭ്യാസഫൗണ്ടേഷൻെറ ജോലികൾ നിർവ്വഹിക്കുവാൻ ഉടനടി ഒരു എക്സിക്യൂട്ടീവ് ആഫീസ് സ്ഥാപിക്കുന്നതാണു്. ഈ ഉടമ്പടികൊണ്ടു പ്രയോജനപ്പെടുത്തുവാൻ ആഗ്രഹിക്കുന്ന സ്ഥാപനങ്ങളിലും വ്യക്തികളിലുംനിന്നുള്ള അപേക്ഷകൾ ഈ ആഫീസ് പര്യാലോചിക്കുന്നതുമാണു്. ൭൯-ാമത്തെ യു. എസ്. കാൺഗ്രസ്സിൽ പാസാക്കിയ പൊതുനിയമം അനുസരിച്ചു് രൂപീകരിച്ചു



ഈ ഒപ്പുവയ്ക്കൽചടങ്ങിൽ സന്നിഹിതരായിരുന്നവരുടെകൂട്ടത്തിൽ ഇന്ത്യാവിദ്യാഭ്യാസമന്ത്രി മൗലാനാ അബ്ദുൽകലാം ആസാദും വിദ്യാഭ്യാസവകുപ്പിലെ ഡാ: താരാചന്ദും വിദേശകാര്യാലയത്തിലെ മെ: സി. എസ്. ഝാ, ഐ. എസ്. ചോപ്രാ എന്നിവരും ന്യൂഡെൽഹിയിലെ അമേരിക്കൻപ്രതിപുരുഷാലയത്തിലുള്ള മെ: ജെ. എം. സ്റ്റീവ്സ്, ജെ. ജെ. ജാൺസ് എന്നിവരും ഉൾപ്പെട്ടിരുന്നു. ഇതരരാജ്യങ്ങളുമായി യു. എസ്. ഒപ്പുവയ്ക്കുന്ന ൧൩-ാമത്തെ ഫുൾബ്രൈററ് ഉടമ്പടിയാണിതു്.

പ്രയോജനം ലഭിച്ചേക്കും. ഈ ഉടമ്പടിയിൽ ൧൨ വകുപ്പുകളും ഒരപ്പൻഡിക്സും ഉൾപ്പെടുന്നു. ഇന്ത്യയിൽ അധികംവരുന്ന അമേരിക്കൻവസ്തുവകകളുടെ വില്പനയിൽനിന്നുണ്ടാകുന്ന ഫണ്ടുകളിൽനിന്നു പ്രതിവർഷം ൪ ലക്ഷം ഡാളറിൽ കവിയാത്ത ഒരു തുക ചിലവാക്കുവാൻ ഇതു വ്യവസ്ഥചെയ്യുന്നു. ഇന്ത്യയിൽ ഈ ഫണ്ടു് ഇന്ത്യയിലെ യു. എസ്. വിദ്യാഭ്യാസഫൗണ്ടേഷൻ എന്നറിയപ്പെടുന്ന ഒരു ബോർഡിൻെറ കീഴിലായിരിക്കും. ഈ ബോർഡിൽ എട്ടംഗങ്ങളുണ്ടായിരിക്കും. ഇതിൻെറ ആണറ

ഉടമ്പടിയാണിതു്. ഇതിനെ ഇപ്പോൾ ഫുൾബ്രൈററ്ആക്ട് എന്നാണു വിളിക്കുന്നതു്. സെനാററർ ജെ. വില്യം ഫുൾബ്രൈററ് സെനററിൽ അവതരിപ്പിച്ച ഒരു ബില്ലിൻെറ ഫലമായിട്ടാണു് ഈ നിയമമുണ്ടായതു്. ഈ ഉടമ്പടിഒപ്പുവയ്ക്കൽകൊണ്ടു് സമാരംഭിക്കപ്പെടുന്ന പരിപാടി വിപുലമായ തോതിലുള്ള വിജ്ഞാനകൈമാററത്തിനു വ്യവസ്ഥചെയ്തിരിക്കുന്നതുകൊണ്ടു് യു. എസ്സിലേയും ഇന്ത്യയിലേയും ജനങ്ങൾക്കു ഗുണകരമായിരിക്കുമെന്നു പ്രത്യാശിക്കപ്പെടുന്നു.

USIS

ഹെറാൾഡ് ട്രിബ്യൂൺ ഫോറമിലേയ്ക്കുള്ള ഇന്ത്യൻ ഡെലിഗേററ് അമേരിക്കൻ ഐക്യനാടുകളിലെ ഒരു പ്രമുഖ ദിനപത്രമായ ന്യൂയാർക്ക് ഹെറാൾഡ് ട്രിബ്യൂണിൻെറ ഉത്സാഹത്തിലാരംഭിച്ചിരിക്കുന്ന ഹൈസ്കൂളുകൾക്കുവേണ്ടിയുള്ള അഞ്ചാം പ്രതിവർഷഫോറമിൽ സംബന്ധിക്കുവാൻ മദ്ധ്യപൂർവ്വദേശത്തേയും തെക്കുകിഴക്കേ ഏഷ്യയിലേയും ൧൬ രാജ്യങ്ങളിൽ നിന്നെത്തിയ ൨൭ ഹൈസ്കൂൾ വിദ്യാർത്ഥികൾ ഇപ്പോൾ യു. എസിലുണ്ടു്. ഈ ഫോറം ൧൯൫൦ മാർച്ച് ൪-ാംനു ന്യൂയാർക്ക് സിററിയിൽ ആരംഭിക്കുന്നതാണു്. യു. എസ്സിൽ ആയിരിക്കുമ്പോൾ ഈ സന്ദർശകർ ന്യൂയാർക്ക് നഗരപ്രാന്തത്തിലെ വിവിധസമുദായങ്ങളിൽപെട്ട ഹൈസ്കൂൾ വിദ്യാർത്ഥികളുടെ അതിഥികളായിരിക്കും. ഒരു സുപ്രസിദ്ധ വ്യോമയാ



നസംഘടനയായ യു. എസ്. സിവിൽ എയർപട്രോളിൻെറ അതിഥികളായി ഈ സന്ദർശകർ ഇപ്പോൾ യു. എസ്സിലെ വിവിധനഗരങ്ങളിൽ പര്യടനം നടത്തിവരുന്നു. തങ്ങളുടെ ആതിഥേയരാജ്യത്തെപ്പററി വിദ്യാർത്ഥികൾക്കു നേരിട്ടുള്ള പരിജ്ഞാനം പ്രദാനംചെയ്വാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണു് ഈ പര്യടനം. തെക്കുപടിഞ്ഞാറെ യു. എസ്സിലെ ടെക്സാസിലുള്ള ഡലിസിലേയ്ക്കു് വിദ്യാർത്ഥികൾ സി. ൪൭ എന്ന ടാൻസ്പോർട്ടുവിമാനത്തിൽ സഞ്ചരിച്ചവേളയിൽ അതിനകത്തുവച്ചു എടുത്ത ചിത്രമാണിതു്. ഇടത്തുനിന്നു വലത്തോട്ടു്: ഫിലിപ്പീൻദ്വീപിൽനിന്നുള്ള ഏകമാഗാർഷ്യയും ഇന്ത്യയിൽ ലക്നൗവിൽനിന്നുള്ള ഉഷാറായിയും ഒരു യു. എസ്. പത്രം വായിക്കുന്നു.

# ഉയരത്തെഴ നേൽപ്പ്

—:*:—

ജി. കുമാരപിള്ള

ഉയരുന്നിതുയരുന്നു ചങ്ങലക്കളെങ്ങാംവി-
ട്ടണരുന്നൊരങ്ങാംതൻ നായകന്മാർ;

ജനവൈരിവർഗ്ഗത്തൊടേറ്റേററ്വമർളിതർ
ചുട്ടചോരചിന്തുന്ന നാട്ടുതോറും

വിരിമാറിൽ തീയുണ്ടയേറ്റേററ്റ മുന്നം
രണധീരർ ചുംബിച്ചവീഥിതോറും

നരവർഗ്ഗസ്നേഹത്തെ ക്രൂശിക്കും കഴുവിന്റെ
പുതുരക്തപ്പശയാന്ന തൂമ്പുതോറും

ഉണരുന്നിതുണരുന്നു മരണത്തെവെന്നുകൊം-
ണ്ടുയരുന്ന ഞങ്ങാംതൻ നായകന്മാർ.

വലിയോരന്നെയ്യൂട്ടുവാൻപൊരിയുന്നകർഷകൻ
വിളകാക്കും നെല്പാടവീഥിതോറും

ഒരുവെള്ളിക്കാശിനായ് പരലക്ഷംജന്മങ്ങാം
ചതയുന്ന യന്ത്രാലയങ്ങാംതോറും

പഴമതൻ ബ്രഹ്മാണ്ഡഭാരത്താൽ യൗവനം
ഞെരിയുന്ന വിദ്യാലയങ്ങാംതോറും

ഉയരുന്നിതുയരുന്നു നവജീവശക്തിതൻ
ജയശംഖമൂതുന്ന നായകന്മാർ.

മുരടിച്ചുവിളറുന്ന ഹൃദയത്തിൻമൊട്ടുകാം
വിടരാതെ കൊഴിയുന്ന നാട്ടിലെല്ലാം

മാനുജതാം വികസിക്കാൻ പരിശുദ്ധാദ്സ്നേഹ-
[ത്തിൻ
നവതേനിനുറവെങ്ങും പൊട്ടിവീഴാൻ

ഹൃദയത്തിൻസൗരഭ്യം ദിക്കെങ്ങും പ്രസരിക്കാം-
നദയത്തിൻപുതുവെട്ടം വീശിവീശി

ഉയരുന്നിതുയരുന്നു മരവിച്ചസംസ്കാര-
വനികയ്ക്കുനവജീവദായകന്മാർ.

ജനതതൻമജ്ജാസ്ഥിമാംസത്താൽനിർമ്മിച്ച
മണിമേടവിറയാർന്നു നോക്കിനിൽക്കേ

മരവിച്ചപഴമയ്ക്കു കുഴലൂതുംമൂഢന്മാർ
തലകാഞ്ഞുവെമ്പിക്കിതച്ചുവീഴ്കേ

തളിരിട്ടഭാവിതൻ തലകൊയ്യുംപാപികാം
കരവാളുംകൈവിട്ടു ഞെട്ടിവീഴ്കേ

ഉണരുന്നിതുയരുന്നു ഭുവനത്തെവെല്ലുന്ന
നവജീവശക്തിതൻ നായകന്മാർ.

ഉണരുന്നിതണിചേർന്നു മരണത്തെവെന്നുകൊം-
ണ്ടണയുന്നുഞങ്ങാംതൻ നായകന്മാർ.

—o—


## SUN BEAMS

ഞങ്ങളുടെപക്കൽ പുതിയ സ്റ്റോക്ക സ്വര്ണ്ണവേലയ്ക്കുള്ള എല്ലാംവിധ പണിസാധനങ്ങളും മൊത്തമായും ചില്ലറയായും വില്പനയ്ക്കുണ്ട്.

| | | | |
|---|---|---|---|
| പിച്ചളബ്രഷ് സ്പെഷൽ ഒന്നുക്ക | 2 | 4 | 0 |
| ടി 1-ാംതരം " | 2 | 0 | 0 |
| ടി 2-ാംതരം " | 1 | 8 | 0 |
| കാർബൊറണ്ടം സ്റ്റോൺസ് " | 6 | 0 | 0 |
| കട്ടിസെററ 5 തോലസെററിന് | 2 | 8 | 0 |
| ടി 10 " " | 3 | 8 | 0 |
| ടി 5 പവൻ " | 2 | 4 | 0 |
| ടി 10 " " | 3 | 4 | 0 |
| നൂൽഅച്ച് ഇഞ്ചിന് | 0 | 6 | 0 |
| മോതിരഅളവ് 1-ാംതരം സെററിന് | 2 | 0 | 0 |
| ടി 2-ാംതരം " | 1 | 8 | 0 |
| ചെയിൻ കുഴൽ ഒന്നുക്ക് | 1 | 0 | 0 |
| പ്ലാസ്റ്റിക്ക് പെണ്ടൻറ് ഡസന് | 4 | 0 | 0 |
| വെള്ളിഇനാമൽമോതിരം " | 9 | 0 | 0 |

സൺബീം ഡയമൺസ്,
ററി. ബി. റോഡ്, കോട്ടയം.



## ലേഖനമാല

—o—

ഗ്രന്ഥകർത്താ,
സാഹിത്യകുശലൻ, ടി. കെ. കൃഷ്ണമേനോൻ.

അത്യന്തം ഗഹനങ്ങളായ അൻപതിൽപരം വിഷയങ്ങളെ അധികരിച്ച് രചിച്ചിട്ടുള്ള ലേഖനപരമ്പരകളുടെ ഒരു സമ്പൂർണ്ണസമാഹാരം!

വില ൨ രൂ. ൪ ണ.

ആവശ്യപ്പെടുക:- മാനേജർ,
ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.


# ഗണിതവിചാരം

എസ്സ്. പരമേശ്വരൻ

IV

## മയന്മാർ

വടക്കേ അമേരിക്കയുടെ ഭൂപടമൊന്നു നോക്കുവിൻ. ആ ഭൂഖണ്ഡത്തിന്റെ വീതി വടക്കുനിന്നു തെക്കോട്ടു കുറഞ്ഞു കുറഞ്ഞുവരുന്നു; ആകെക്കൂടി അതൊരു ത്രികോണാകൃതിയാണെന്നു സ്ഥൂലമായിപറയാം. വീതി കുറഞ്ഞ ഭാഗമൊന്നു സൂക്ഷിച്ചുനോക്കുക. അവിടെ മെക്സിക്കോ, സെൻട്രൽ അമേരിക്ക എന്നു രണ്ടു രാജ്യങ്ങളുള്ളതായിക്കാണാം. ആ പ്രദേശത്ത് താമസിച്ചിരുന്ന ആദിമവർഗ്ഗക്കാരാണ് മയന്മാർ.

അമേരിക്ക കണ്ടുപിടിച്ചതോടെ, മെക്സിക്കോ, സെൻട്രൽ അമേരിക്ക ഈ ഭാഗങ്ങളിൽ സ്പെയിൻകാർചെന്നു കുടിയേറിപ്പാർത്തുതുടങ്ങി. സ്പെയിൻകാരുടെ വരവിനുമുമ്പ് അവിടെ താമസിച്ചിരുന്നതു് മയന്മാരെന്ന വർഗ്ഗക്കാരായിരുന്നു. ക്രമേണ ഈ ആദിമനിവാസികളുടെ സംഖ്യകുറഞ്ഞുതുടങ്ങി. സ്പെയിൻകാർ സ്ഥിരതാമസം തുടങ്ങിയശേഷം ആ പ്രദേശത്തു പല സ്ഥലങ്ങളിലായി കുഴിച്ചുനോക്കീട്ടുണ്ട്. കൽക്കരിയും ധാതുവർഗ്ഗങ്ങളും അന്വേഷിച്ചായിരുന്നു അവർ കുഴിച്ചുതുടങ്ങിയതു്. ഇതിനിടെ അവർക്കു പല പഴയരേഖകളും കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ട്. അങ്ങനെ ലഭിച്ചിട്ടുള്ള ചില ശിലാലിഖിതങ്ങളും, ഗ്രന്ഥങ്ങളും ഇവയിൽനിന്നാകുന്നു മയന്മാരുടെ പ്രാചീനസംസ്കാരത്തെക്കുറിച്ച് നമുക്കു അറിവുകിട്ടീട്ടുള്ളതു്. ഇന്നും ഇത്തരം രേഖകൾ ലഭിച്ചുകൊണ്ടിരിക്കുകയാണ്. അവ ഓരോന്നും മയന്മാരപ്പററി കൂടുതൽവിവരങ്ങൾ നമുക്കു നൽകിപ്പോരുന്നുമുണ്ട്.

മയന്മാരുടെ പ്രാചീനഗണിതവിജ്ഞാനത്തെക്കുറിച്ചു നാളതുവരെ നമുക്കു ലഭിച്ചിട്ടുള്ള ബോധം ഏതാണ്ടിങ്ങനെ സംഗ്രഹിക്കാം

ക്രിസ്തുവർഷത്തിന്റെ ആരംഭത്തിൽത്തന്നെ അവർക്കു ഗണിതപരമായി നല്ല അറിവുസിദ്ധിച്ചുകഴിഞ്ഞിരുന്നു. അവർ സംഖ്യകളെഴുതിപ്പോന്നതു് ഈ രൂപത്തിലായിരുന്നു.

1 2 4 5 6 8 10 15 18

• •• •••• — ⸱ ... ≡ ≡ ...

പൂജ്യത്തിന് അവർക്കൊരു ചിഹ്നമുണ്ടായിരുന്നു. [ചിഹ്നം] എന്നതാണ് ആ ചിഹ്നം; ക്രമത്തെ 20, $20^2$ (20x20) $20^3$ (20x20x20)......ഇവയ്ക്കോരോന്നിനും പ്രത്യേകം പ്രത്യേകം പേരുകളുമുണ്ടായിരുന്നു. അവർ സംഖ്യകളെഴുതിപ്പോന്നതു് നാം എഴുതുന്നതുപോലെയായിരുന്നില്ല. നാം സംഖ്യകളെഴുതുന്നതു് ഇടത്തുനിന്നും വലത്തോട്ടാണല്ലോ. അവരാകട്ടെ സംഖ്യകളെഴുതിപ്പോന്നതു് മുകളിൽനിന്നു കീഴ്പോട്ടാണ്. അവർ എഴുതിപ്പോന്ന വിധത്തിൽ പന്ത്രണ്ട് എഴുതുന്നതു് ( $\frac{1}{2}$ , എന്നാണ്. അവർക്കു 'സ്ഥാനവലിപ്പ'ത്തെക്കുറിച്ചും ശരിയായ ബോധമുണ്ടായിരുന്നു.

നാം സംഖ്യകളെ ദശക്രമത്തിലാണല്ലോ വിഭജിച്ചിരിക്കുന്നതു്; അതായതു് സംഖ്യകളുടെ സ്ഥാനങ്ങൾക്ക് ഒന്ന്, പത്തു്, നൂറ്............ എന്ന മുറയ്ക്കാണല്ലോ വില കല്പിച്ചുപോരുക. അവർ ഇത്തരത്തിലല്ല സംഖ്യകൾക്കു വില കല്പിച്ചുവന്നതു്. ഇരുപതിൽ കുറഞ്ഞ സംഖ്യകളെല്ലാം അവർക്ക് ഒററ സ്ഥാനമുള്ള സംഖ്യകളായിരുന്നു. ഇരുപതും അതിനു മുകളിലുള്ളവയും രണ്ടു സ്ഥാനമുള്ള സംഖ്യകൾ. ആ രണ്ടു സ്ഥാനങ്ങൾ എഴുതിവന്നതു് മുകളിൽനിന്നും കീഴ്പോട്ടായിരുന്നു. ഏററവും താഴെയുള്ള സ്ഥാനം ഒന്നാംസ്ഥാനം; അതിനെ തൊട്ടുമുകളിലുള്ള സ്ഥാനം ഇരുപതാം സ്ഥാനവും. ഇരുപതു് എന്നെഴുതുവാൻ ഒന്നാംസ്ഥാനത്തുപൂജ്യവും രണ്ടാം സ്ഥാനത്തു് ഒന്നും എഴുതിയാൽ മതിയല്ലോ. അതായതു് [ചിഹ്നം] എന്നു്. 37 എന്ന സംഖ്യ എഴുതുന്നതെങ്ങിനെ എന്നുനോക്കാം. 37=20+17 അപ്പോൾ രണ്ടാംസ്ഥാനത്തു് ഒന്നും, ഒന്നാം സ്ഥാനത്തു പതിനേഴും എഴുതിയാൽ മതി. ചിഹ്നരൂപത്തിൽ [ചിഹ്നം] എന്നു്. അടുത്തതായി മൂന്നാംസ്ഥാനത്തിനു് അവർ എന്തുവില കല്പിച്ചിരുന്നു എന്നുനോക്കാം. അതിനു് 20x20 എന്ന വിലയല്ല; 18x20 എന്ന വിലയാണ് അവർ നൽകിയിരുന്നതു്. അതായതു് മൂന്നാംസ്ഥാനത്തുള്ള അക്കത്തിന്റെവില ആ അക്കത്തിന്റെ 360 മടങ്ങാകുന്നു. അപ്പോൾ 720 എന്നെഴുതുവാൻ മൂന്നാംസ്ഥാനത്തുരണ്ടും രണ്ടാംസ്ഥാനത്തും ഒന്നാംസ്ഥാനത്തും ഓരോ പൂജ്യവും എഴുതിയാൽ മതിയല്ലോ. അതായതു് [ചിഹ്നം] എന്നു്.

അവർ ഇങ്ങനെയുള്ള സ്ഥാനവലിപ്പക്രമം സ്വീകരിക്കുവാൻ കാരണമെന്തു്? അതായതു് ഒന്നാംസ്ഥാനത്തെ ഒന്നിന്റെയും, രണ്ടാംസ്ഥാനത്തെ ഇരുപതിന്റെയും, മൂന്നാംസ്ഥാനത്തെ മുന്നൂററിഅറുപതിന്റെയും ഗുണമായി വ്യാഖ്യാനിപ്പാൻ. ഇതിനുകാരണമായികാണുന്നതു് അവരുടെ പഞ്ചാംഗമാകുന്നു. ഇരുപതുദിവസം വീതമുള്ള പതിനെട്ടുമാസം; ബാക്കിവരുന്ന അഞ്ചുദിവസങ്ങളെ വർഷംതോറും—അവധിദിവസങ്ങൾ അധിവാസരങ്ങളായി കരുതിപ്പോരുക, ഇപ്രകാരമായിരുന്നു ഒരു വർഷത്തിലുള്ള 365 ദിവസത്തെ അവർ വിഭജിച്ചിരുന്നതു്. അഥവാ അവരുടെ ഇടയിൽ പ്രചരിച്ചിരുന്ന പഞ്ചാംഗക്രമം. മാസമൊന്നിനു് ഇരുപതുദിവസം എന്നും, ഒരുവർഷത്തിലെ അവധിദിവസങ്ങൾ പോകെയുള്ള 360 ദിവസങ്ങളെ പതിനെട്ടുമാസമായും വിഭജിച്ചിരുന്നതുകൊണ്ടാണ് അവർ, മുൻപറഞ്ഞപ്രകാരം സ്ഥാനങ്ങൾക്കു വില കല്പിച്ചുപോന്നതു.

## റോമാക്കാർ

സംഖ്യകളെഴുതുവാൻ റോമാക്കാർ ഉപയോഗിച്ചുവന്ന ചിഹ്നങ്ങൾ 'റോമൻ അക്കങ്ങൾ' എന്ന പേരിൽ ആഗോളപ്രസിദ്ധമായിത്തീർന്നിട്ടുള്ളവതന്നെയാണ്. പൂർണ്ണസംഖ്യകളെ സംബന്ധിച്ചിടത്തോളം നാം സ്വീകരിച്ചിരിക്കുന്ന വ്യവസ്ഥയായ ദശക്രമംതന്നെയാണ് അവരും സ്വീകരിച്ചിരുന്നതു്. പക്ഷെ ഭിന്നസംഖ്യകൾക്ക് അവർ നാം ഉപയോഗിക്കുന്നപോലെയുള്ള വ്യവസ്ഥ അല്ല സ്വീകരിച്ചിരുന്നതു്; അതിനുപകരം അവർ ദ്വാദശക്രമം ഉപയോഗിച്ചുപോന്നു. അതായതു് ഭിന്നസംഖ്യകളെ എല്ലാം അവർ 1/12 എന്നതും അതിന്റെ ഗുണങ്ങളുംകൊണ്ടു വ്യവഹരിച്ചുവന്നു. 'പൂജ്യം' 'സ്ഥാനവലിപ്പം' എന്നീആശയങ്ങളെക്കുറിച്ച് അവർക്കറിവില്ലായിരുന്നു. 'സ്ഥാനവലിപ്പം' അവർക്കു അറിഞ്ഞുകൂടായിരുന്നു എങ്കിലും 'വ്യവകലനസൂത്രം' (Subtractive Principle) എന്നൊരു നടപടി അവരുടെ ഇടയിൽ പ്രയോഗത്തിലിരുന്നു. സാധാരണയായി നാം സംഖ്യകളെഴുതിപ്പോരുന്നതു് വലത്തുനിന്നും ഇടത്തോട്ട് ഒന്ന്, പത്തു്, നൂറ്...എന്നീ സ്ഥാനങ്ങളോടുകൂടിയാണെല്ലോ. ഇതിന് വിപരീതമായിഎഴുതുന്ന ആ അക്കത്തെ അഥവാ അക്കങ്ങളെ മാത്രം ഋണസംഖ്യ (negative number) അഥവാ സംഖ്യകളായി കരുതേണ്ടതാണ് എന്നതാകുന്നു അവരുടെ 'വ്യവകലനസൂത്രം' ഉദാഹരണംകൊണ്ട് ഇക്കാര്യം വിശദമാക്കാം. IV എന്നെഴുതുമ്പോൾ, ഒന്നെഴുതിയിരിക്കുന്നതു് സാധാരണയിൽ വിപരീതമായ മട്ടിലാണെല്ലോ. അതിനാൽ "ഒന്നു്" ഋണസംഖ്യയായി; 'അഞ്ചു്' ധന (positive)വും. അപ്പോൾ കിട്ടുന്നതു് "നാലു്" ആണല്ലോ.

ഇതുപോലെ CM എന്നെഴുതുമ്പോൾ C (100) ഋണവും M (1000) ധനവും. അപ്പോൾ CM എന്നതു് 900 എന്നു കിട്ടും. ഈ 'വ്യവകലനസൂത്രം' മററുള്ള വർഗ്ഗക്കാരുടെ ഗണിതപദ്ധതികളിലൊന്നുംതന്നെ ഇല്ലെന്നു പറയാം.

റോമാക്കാരുടെ ഗണിതം അധികവും പ്രായോഗികമായിരുന്നു; അതായതു ദൈനംദിന ജീവിതത്തിലുദിക്കുന്ന പ്രശ്നങ്ങൾ അഥവാ സ്വത്തു ഭാഗംവയ്ക്കൽ, പലിശ കണക്കാക്കൽ തുടങ്ങിയ പ്രശ്നങ്ങളെക്കുറിച്ചുമാത്രം ഇത്തരം പ്രശ്നങ്ങളല്ലാതെ മററൊന്നും ഗണിതംസംബന്ധിച്ചു റോമാക്കാരിൽനിന്നും ലഭിച്ചിട്ടില്ല. ഗണിതപരമായി, റോമാക്കാരുടെ സംസ്കാരം വളരെയൊന്നും പുരോഗമിച്ചിരുന്നില്ല. അവർക്ക് ഗ്രീക്കുകാരിൽനിന്നു ലഭിച്ച ഗണിതശകലങ്ങളെത്തന്നെ അവർ കൂട്ടിക്കുഴയ്ക്കുകകൂടി ചെയ്തിട്ടുണ്ടെന്നുമാണ് കാണുന്നതു്.

—o—



ബ്രിട്ടനിലെ കാമൺവെൽത്തു് റിലേഷൻസ് സ്റ്റേററ് സെക്രട്ടറി മി: ഫിലിപ് നോയൽബേക്കർ കൊളമ്പുസമ്മേളനത്തിൽനിന്നു മടങ്ങുംവഴി ന്യൂഡെൽഹിയിലെത്തിയപ്പോളെടുത്ത ചിത്രം. ഇടത്തുനിന്നു വലത്തോട്ട്:- ലെഫ: ജന: ആർച്ചിബാൾഡ്നൈ, മി: കെ. പി. എസ്. മേനോൻ, മി: ഫിലിപ്നോയൽബേക്കർ, ഇന്ത്യൻ വിദേശകാര്യഡെപ്യൂട്ടിമന്ത്രി ഡാ: ബി. വി. കേസ്കർ.

# കണ്ണീരിന്റെ കഥ

—o—

എം. പി. പണിക്കർ

വാരിദസൂഹൃത്തേ! നീ വാനിടത്തിനിവിധം-
മാല്യററകണ്ണീരാണ്ടു സഞ്ചരിക്കുന്നതിളെ
ശോകമൂകനായ് നീണ്ടും നിമ്നമുഖത്തോടും
പ്രേമനൈരാശ്യത്തിന്റെ കാളിമകാൺമൂ-
[വ്യക്തം
നിദ്രയുംകൂടാതെനീ ഘോരമാമിരുട്ടിലും
വിദ്യുത്താംനേത്രംചിമ്മിയാരെയോതിരക്കുന്നു.
എരിയുംതാരത്തെപ്പോൽ ഖിന്നനായ് ഭവാൻ
[കൊച്ചു
നരകം നാകത്തിലും നിർമ്മിപ്പതെന്തിനാവോ?-

* * *

വാനിൽനിന്നിതവിധംകേട്ടുഞാനപ്പോൾശോകദീനമാം കണ്ണീരിന്റെ കഥതൻ തരംഗങ്ങൾ.
"അങ്ങുതൻദയയ്ക്കെന്റെവന്ദനം ഭവാനെന്റെ
മങ്ങിയനിഴൽപററിയിരിപ്പൂ പറയാം ഞാൻ
വാരിധിഗർഭംപൊട്ടിപ്പിണ്ണനാംതുടങ്ങിയെൻ-
മാനസംശോകത്തിന്റെ പശ്ചാത്തമായിമാറീ.
നിളെഞാൻ വിഹായസ്സിലൊന്നലഞ്ഞിട്ടും
കാളിട്ടംകനത്തിൻ കാലുഷ്യംകുറഞ്ഞില്ല.
ഒട്ടനാൾ കൊടുംകാടിൻപച്ചിലക്കാട്ടിൽ ധ്യാന-
നിഷ്ഠനായ് തപംചെയ്തു, താപമേകിടാൻമാത്രം
ഉന്നതഹിമവാന്റെ സാന്ദ്രമൽപ്രദേശത്തും
പുണ്യയാം ഗംഗാനദിതൻസൈകതതടത്തിലും
ഏകനായലഞ്ഞുഞാനെങ്കിലും പ്രശാന്തിതൻ
നേരിയനിഴൽപ്പാട്ട മെൻമനമറിഞ്ഞീല.
അന്നൊരുദിനംഞാനാ പൂർവ്വചക്രവാളത്തിൽ
ഖിന്നനായ് കണ്ണീർവാർത്തു തളർന്നുകിടക്കവേ
കണ്ടതായ്തോന്നീ വിശപ്പീപത്തെ പടി-
[ഞ്ഞാറേ
വിണ്ടലപ്രദേശത്തിൽ, ഞാൻസ്വയം മറന്നു
[പോയ്
വർമഴവില്ലിൻകാന്തി കണ്ടുഞാനെന്നിൽപ്രേമ
കാമനീയകത്തിന്റെ രൂപമായ് മാറിവിശ്വം
കണ്ണുനീർബിന്ദുക്കളിൽ കണ്ടപോൽതോന്നീ,
[കാന്തി
പൂർണ്ണമാംസത്യത്തിന്റെ നിസ്തുലപ്രകാശത്തെ.
ഉൽക്കടശോകം തിങ്ങിവിങ്ങു മൻമനം, മോദ-
നിർഭരം പുളകത്തിൻ പൊന്നലയുതിക്കവേ
കുന്നിണ തുറന്നെയ്തും—നോക്കിഞാൻചുററും,
[തമോ-
പൂർണ്ണമായ്നിൽപ്പൂ വിശ്വമൊക്കെയും വിഭ്രാ-
[ന്തിയോ
മിന്നിടുംതാരത്തോടു ചോദിച്ചുനോക്കി പക്ഷേ
കണ്ണുചിമ്മിയതല്ലാതൊന്നുമേ പറഞ്ഞില്ല.
പൂർവ്വപർവ്വതത്തോടു ചോദിച്ചുനോക്കിയല്ലോ.
ഭാവഭേദവുംകൂടിയാ മുഖത്തുണ്ടായീല
വെണ്മണൽകിടക്കയിൽ പള്ളികൊണ്ടീ-
[ടുമെന്റെ
ജന്മദാതാവിനോടീവസ്തുതയുണർത്തിക്കേ
ക്രൂരനാംകടൽകാററ നിർദ്ദയമോടിച്ചെന്നെ-
ഘോരമാമഴലിന്റെ യാഴത്തിൽപതിച്ചുഞാൻ

* * *

അന്നുതൊട്ടിന്നേവരെ തേടിഞാൻനടക്കയാം-
ണിന്നിയുംകണ്ടില്ല ഞാനന്നത്തെ പ്രകാശത്തെ.

—o—

# പ്രാചീനപ്രേമഗീതങ്ങൾ

അഥവാ

# മണിപ്രവാളം

(Ancient Love Lyrics in Malayalam.)

I

ഡാക്ടർ പി. കെ. നാരായണപിള്ള, എം. എ., പി. എച്ച്. ഡി.

പ്രേമഗീതം എന്ന സങ്കുചിതമായ അർത്ഥത്തിൽ മണിപ്രവാളസംജ്ഞ മലയാളത്തിൽ പ്രാചീനകാലത്തു ഉപയോഗിച്ചിരുന്നുവെന്നു് ഞാൻ മുൻപൊരവസരത്തിൽ ഈ പംക്തികളിൽതന്നെ സ്ഥാപിച്ചിരുന്നല്ലോ. * ഈ കാവ്യശാഖയെപ്പററി നടത്തുവാനിടയായ ഗവേഷണത്തിന്റെ ചില ഫലങ്ങൾ ഈ ലേഖനത്തിലൂടെ സഹൃദയസമക്ഷം സമർപ്പിച്ചുകൊള്ളട്ടെ.

മണിപ്രവാളകൃതികൾ പ്രായേണ നായികാവർണ്ണനപരങ്ങളാണ്. ശൃംഗാരസരസമായരീതിയിൽ നായികമാരെ വർണ്ണിക്കുന്നതിനു മണിപ്രവാളകവികൾ പ്രത്യേകം പ്രവണത പ്രദർശിപ്പിച്ചിരുന്നു. പല മണിപ്രവാളങ്ങളിലും ഈ ലക്ഷ്യത്തെ ആ കവികൾ വിശദമാക്കിയിരുന്നു. നായികമാരെ വർണ്ണിക്കുകമാത്രമല്ല അവരെ പ്രശംസിക്കുകയും അവർക്കു് സൽഭാവുകങ്ങളും ആശംസിക്കുകയും ചെയ്യുന്നതിൽ കവികൾ ദത്തശ്രദ്ധരായിരുന്നു. ഈ രീതിയിൽ രചിക്കുന്ന കാവ്യങ്ങൾ വർണ്ണനാവിഷയങ്ങളായ നായികമാർക്കു പ്രശസ്തിയും ഐശ്വര്യവും കൈവരുത്തുമെന്നു് അവർ വിശ്വസിക്കുകയും ആത്മവിശ്വാസത്തോടുകൂടി അതു് ഉൽഘോഷിക്കുകയും ചെയ്തിരുന്നു.

പല മണിപ്രവാളകൃതികളിലും നായികമാരെ വർണ്ണിക്കുന്നതു് ചില രാജാക്കന്മാരുടെ പ്രേരണയനുസരിച്ചാണെന്നു് വ്യക്തമാക്കിക്കാണുന്നു. കൗണോത്തരയെ ആസ്പദമാക്കിയുള്ള മണിപ്രവാളം വെൺപലരാജാവിന്റെ അഭിലാഷമനുസരിച്ചാണു് നിർമ്മിച്ചിട്ടുള്ളതു്. ഉണ്ണുനീലിയെ അധികരിച്ചുള്ള സന്ദേശകാവ്യവും വെൺപലമഹീപാലന്റെ നിയോഗമനുസരിച്ചു് രചിച്ചതായിരിക്കണം. ഇളയച്ചിയെ വാഴ്ത്തുവാനായി കവിയെ പ്രേരിപ്പിച്ചതു് ദേവനാരായണനാണെന്നു്,

കന്ദർപ്പോല്ലാസി തയ്യിത്തലമെഴമിളയച്ചീ!
തവാംഗം ഗുണശ്രീ-
സന്തത്യൈ ദേവനാരായണഗുരുകൃപയാ
വാഴ്ത്തുവാനുദ്യതോ ഞാൻ
1 (പദ്യരത്നം-ശ്ലോ-൫)

എന്ന ശ്ലോകാർദ്ധത്തിൽനിന്നും സ്പഷ്ടമാണ്. †

മണിപ്രവാളകൃതികളിൽ അനവധി നായികമാരെ നാമനിർദ്ദേശംചെയ്തു വർണ്ണിച്ചിട്ടുള്ളതായിക്കാണാം. ഇവരുടെ പേരുകൾ പ്രത്യേകം ശ്രദ്ധേയങ്ങളാണ്. പ്രഥമവീക്ഷണത്തിൽതന്നെ ഈ പേരുകൾ രണ്ടുതരത്തിലുള്ളവയാണെന്നു് ബോദ്ധ്യമാകും. ഉണ്ണുനീലി, ഉണ്ണിയച്ചി, ഇട്ടിയച്ചി, ചെറിയച്ചി, ഇട്ടിമാതവി, ചിരുതേവി, നാണി, ചീതമ്മ എന്നിങ്ങനെയുള്ളവ അക്കാലത്തെ സ്ത്രീകളുടെ സാക്ഷാൽ പേരുകൾതന്നെയാണെന്നുള്ളതിൽ സംശയിക്കേണ്ടതില്ല. എന്നാൽ സംസ്കൃതമയങ്ങളും ശൃംഗാരസാന്ദ്രങ്ങളുമായ കലാമണി, കലാമാലിക, കേളീലത, കേളീമണി, താരാമണി, പൂവണേരേഖ, മാരകേളി, മാരലേഖ, മേദിനീവെണ്ണിലാവു്, രാജചന്ദ്രിക തുടങ്ങിയ മനോഹരനാമങ്ങൾ നായികമാർക്കു സ്വതേ ഉള്ളവയായി പരിഗണിക്കാൻ നിവൃത്തിയില്ല. ഉണ്ണിയച്ചിയെന്നും ഇട്ടിമാതവിയെന്നും കേട്ടാൽ ഇന്നു നമുക്കുണ്ടാകുന്ന വൈരസ്യം അന്നുണ്ടായിരുന്നവരിൽ ചിലർക്കു തോന്നിയിരിക്കണം; സംസ്കൃതബഹുലമായ ഒരു മനോഹരഭാഷാശൈലിയുപയോഗിച്ചു കാവ്യരചനചെയ്ത കവികൾക്കു വിശേഷിച്ചും നായികമാരെ വർണ്ണിക്കാൻ ആരംഭിക്കുമ്പോൾ കവികൾ സരസങ്ങളായ പേരുകൾ അവർക്കു കല്പിക്കാറുണ്ടായിരുന്നുവെന്നു കവിവാക്യംകൊണ്ടുതന്നെ തെളിയിക്കാം. ഉത്തരാചന്ദ്രിക എന്ന നായികയെ പുരസ്കരിച്ചുള്ള കാവ്യത്തിന്റെ ആരംഭശ്ലോകത്തിൽ, ഓടനാട്ടിലെ നായികയായ അവരെ വർണ്ണിക്കുവാനായി അവർക്കു 'ഉത്തരാചന്ദ്രിക' എന്നപേരു് നൽകുന്നതായി കവി പ്രസ്താവിച്ചിരിക്കുന്നു.

ഭക്ത്യാകൈക്കൊണ്ടുമല്ലാടരിയ ഗുരുപദം,
വാരണാസ്യം വണങ്ങി-
ച്ചിത്താനന്ദായ വന്ദിച്ചടനിനിയവചോ
നായികാമായവർണ്ണം,
പത്താരാന്തേ പരക്കുംപടി പുകഴ് പുകഴ്‌വാ
നോടനാട്ടീട്ടലാവും
മുഗ്ദ്ധേ! കേളുത്തരാചന്ദ്രികമയമയി! തേ
നൽകിടുന്നേൻ നാമധേയം.
(പദ്യരത്നം-ശ്ലോ-൧൦)

ഉണ്ണിയാടിക്കു് 'മാരമാല' എന്നൊരു അപരാഭിധാനംകൂടിയുണ്ടായിരുന്നുവെന്നു് രേഖപ്പെടുത്തിക്കാണുന്നു.

* ൧൧൨൫ വൃശ്ചികം ൨൦-ാംതീയതിയിലെ മലയാളരാജ്യം ആഴ്ചപ്പതിപ്പു നോക്കുക.

1 തിരുവിതാംകൂർ സർവകലാശാലാ ഭാഷാഗ്രന്ഥാവലി അങ്കം ൫.

† 'ജയ്ഭാരതം' ൧൯൪൮ ഡിസംബർ ലക്കത്തിലെ ഉണ്ണുനീലീസന്ദേശത്തെപ്പററിയുള്ള ലേഖനത്തിൽ ഇക്കാര്യം ലേഖകൻ കൂടുതൽ വിശദമാക്കിയിട്ടുണ്ടു്.

പ്രഥമപ്രഥിതം മനോഹരാംഗി-
ക്കൊരു പേരഞ്ചിതമുണ്ണിയാടിയെന്നു്;
തിരളിന്റിതുമററൊന്റിദാനീം
തിരുനാമം ഭുവി മാരമാലയെന്നും.

ഉണ്ണിയാടി എന്നതു് ഈ നായികയുടെ ആദ്യത്തെ പേരായിരുന്നുവെന്നും പിന്നീടു് 'മാരമാല' എന്ന പേരുംകൂടി നൽകപ്പെട്ടുവെന്നും ആണല്ലോ ഇതിൽനിന്നും മനസ്സിലാക്കേണ്ടതു്.

പ്രേമഗീതം എന്ന സങ്കുചിതമായ അർത്ഥത്തിൽ മണിപ്രവാളസംജ്ഞ മലയാളത്തിൽ പ്രാചീനകാലത്തു ഉപയോഗിച്ചിരുന്നുവെന്നു് ഞാൻ മുൻപൊരവസരത്തിൽ ഈ പംക്തികളിൽതന്നെ സ്ഥാപിച്ചിരുന്നല്ലോ. ഈ കാവ്യശാഖയെപ്പററി നടത്തുവാനിടയായ ഗവേഷണത്തിന്റെ ചില ഫലങ്ങൾ ഈ ലേഖനത്തിലൂടെ സഹൃദയസമക്ഷം സമർപ്പിച്ചുകൊള്ളട്ടെ.

കവികളുടെ ഇടയിൽ ഇങ്ങനെ പുതിയ പേരുകൾ കൊടുത്തു് സ്ത്രീകളെ വർണ്ണിക്കുന്ന പതിവുണ്ടെന്നു് ലീലാതിലകകാരൻ രേഖപ്പെടുത്തുകയും അതിനെ ശക്തിയായി അപലപിക്കുകയുംചെയ്തിട്ടുള്ളതുകൂടി ഇവിടെ ചൂണ്ടിക്കാണിച്ചുകൊള്ളട്ടേ. *

പ്രസ്തുത പ്രാചീനകൃതികളിൽ വർണ്ണിക്കപ്പെട്ടിട്ടുള്ള നായികമാരിൽ പലരിലും വേശ്യാധർമ്മം ആരോപിച്ചുകാണുന്നു. ഉണ്ണിച്ചിരുതേവിയുടെ ഗൃഹത്തിൽ തരുണകാമുകന്മാരും മുതുവിടന്മാരും തിക്കിക്കയറിയിരുന്നു. ഉർവ്വശിയിൽനിന്നു മുതൽവിച്ച കലത്തിലെ നായികയായ ഉണ്ണുനീലി കാമുകനാം "നേത്രശ്രേണീമധുപനളിനി" യാണ്.

* ലീലാതിലകം നാലാംശില്പത്തിന്റെ അവസാനം നോക്കുക.

ശശ്ശോപാന്തേ സലളിതമിരുന്നുണ്ണുനീലീമി(രുത്തി-
ക്കുമ്രാകാരേ നിജകരതലേ കാന്തതൻകയ്യുമേന്തി

ഇങ്ങനെയാണു് സന്ദേശവാഹകൻ ഉണ്ണുനീലിയോടു നായകവാർത്ത അറിയിക്കേണ്ടതു്. 'കൗണോത്തര' എന്ന നായികയെ എന്നാണിനിക്കാണുന്നതെന്നു് വിലപിക്കുന്ന കാമുകൻ തോഴനോടു് അതിനുമുൻപിലത്തെ ദിവസം അവളുടെ ഗൃഹത്തിൽ പോയിരുന്ന കഥ പറയുന്നു.

ഞാനും കല്യാണി കൗണോത്തരമത്തുമൊഴിയും
കേളുതീതേ ദിനാന്തേ
തേനോലുംപൂവിരപ്പാൻ നവരമുപവനേ
തോഴ! ചെന്റോരുനേരം
താനേ താനേ മദാശാലരികഫലവരീ
ദൈവയോഗേന, തസ്യാ-
മാനന്ദോന്മേഷമെന്നും കനികനിവിലെട്ട-
ത്താസ്വദിച്ചേൻ തദാനീം!
(പദ്യരത്നം ശ്ലോ. ൪൨)

കൗണോത്തരയോടു് ആശംസാരൂപത്തിൽ കവി പറയുകയാണ്—

ആത്താനന്ദംവഴങ്ങിക്കനിവൊടുമണിവാ
പുണ്യഭാജാമിതുനീ-
ടാസ്ഥാംകൈക്കൊണ്ടു കൗണോത്തരമലർവ-
നീളനാൾ നീയിവണ്ണം. (നിതേ!

'ഓരോ തരുണർ പരിഭവരവന്നുമാഴ കേണാർനിന്റോ' എന്നാണു് ഇളയച്ചിക്കു കൊടുക്കുന്ന ആശംസ. മാരലേഖയെ സംബോധനചെയ്തിരിക്കുന്നതാകട്ടെ,

കാന്താളീചിത്തമാം പഞ്ജരകുഹരപുടീ
ശാരികേ! മാരലേഖേ

എന്നിങ്ങനെയാണ്. 'ഏകമത്താന'ത്തെ നായികയോടു്, തരുണന്മാർ പുഴവും ഉണ്ടായിരിക്കുന്നതാണു് ആഭിജാത്യമെന്നു കവി പറയുന്നതു നോക്കുക:—

നല്ലാക്കെല്ലായിലും ഭൂഷണമിതു, സവിധേ
മന്മഥാർത്ത്യാന്തകാമം
വല്ലാതേ വേണമത്രേ ചിലതരുണ,രത-
ല്ലായ്കിലെന്താഭിജാത്യം?
എല്ലാംഭോജാവലീനാം ചില മധുപകുലം
കൂടിയാടായ്കലുണ്ടോ
കല്യാണംവന്നുകൂടിന്റതു പരമമതമ-
ത്താനമമ്പും മനോജ്ഞേ!
(വൃത്തം ശ്ലോ. ൨൨൭)

വേശ്യകളാണെങ്കിലും അനുരാഗവതികളായിട്ടുവേണം നായികമാരെ കാവ്യത്തിൽ ചിത്രീകരിക്കുന്നതു് എന്നു് ലീലാതിലകത്തിൽ അനുശാസിച്ചിട്ടു് ചില ഉദാഹരണങ്ങൾ കൊടുക്കുന്നുണ്ടു്. അവയിൽ ഒന്നു്—

'നീരാടമ്മേ! നിവസനമിദംചാർത്തു, ദേവാർച്ച-(നായാം-
മെപ്പോഴ്ംനീകൃതമതി,രതും മുട്ടമാറായിതല്ലോ'
എന്നീവണ്ണം നിജപരിജനപ്രാർത്ഥനാംകേട്ടു-(കാമാ
കേഴന്തീ വാ രഹസി വിരഹവ്യാകുലാ വല്ല-(ഭാ മേ.

എന്ന പദ്യമാണ്. ഇതു് ഏതോ ഒരു അജ്ഞാതസന്ദേശകാവ്യത്തിൽ ഉള്ളതായിരിക്കണമെന്നു വേണം അനുമാനിക്കാൻ. ലീലാതിലകത്തിൽ ഉദ്ധരിച്ചിട്ടുള്ള "ആടിന്റതാടകമഴിഞ്ഞുവീഴും" എന്നാരംഭിക്കുന്ന ശ്ലോകം വേശ്യയോടു് പറയുന്നതാണെന്നും വൃത്തിയിൽ സ്പഷ്ടമാക്കിയിരിക്കുന്നു. ഇതിൽനിന്നെല്ലാം മണിപ്രവാളകൃതികളിലെ നായികമാരെ പ്രായേണ കുലീനകളായല്ല വർണ്ണിച്ചിരിക്കുന്നതെന്നു സിദ്ധമാകുന്നു.

പരകീയകളായ ഈ നായികമാരുടെ കൂട്ടത്തിൽ ചിലരിൽ നാടുവാഴികളായിരുന്ന രാജാക്കന്മാർ ആഭിമുഖ്യംകാണിച്ചിരുന്നുവെന്നുള്ളതു് സ്പഷ്ടമാകുന്നു. ഉണ്ണുനീലി വെൺപലരാജാവായ മണികണ്ഠന്റെ 'പൂന്നാര'മായിരുന്നു. 'വെൺപലക്ഷ്മാരമണഗുരുവിന്റെ നിയോഗമനുസരിച്ചാണു് കൗണോത്തരയെപ്പററി കാവ്യം രചിച്ചിരിക്കുന്നതു്. ഈ കൗണോത്തര 'കവിക്ഷ്മാരമണസുരലത'യായിരുന്നു. 'ദേവനാരായണഗുരുകൃപകൊണ്ടാണു്' ഇളയച്ചിയെ കവി വാഴ്ത്തിയിരിക്കുന്നതു്. പ്രസ്തുത നായികമാരും രാജാക്കന്മാരുമായുള്ള ബന്ധം എന്താണെന്നു വ്യക്തമല്ല. കൗണോത്തര 'കൗണക്ഷ്മാരമണവംശമണിപ്രദീപം' ആണെന്നു് വർണ്ണിച്ചിരിക്കുന്നതിൽനിന്നും ആ നായിക കൗണവംശജാതയാണെന്നല്ലേ തീർച്ചയാക്കേണ്ടതു്? ഇതുപോലെ ഉണ്ണുനീലി, ഇളയച്ചി എന്നിവർ വെൺപലനാട്ടുരാജാവിന്റേയും അമ്പലപ്പുഴരാജാവിന്റേയും വംശവുമായി ബന്ധപ്പെട്ടവരോ, വംശത്തിൽപ്പെട്ടവരോ ആയിരിക്കുമോ എന്തോ? ഉണ്ണുനീലീസന്ദേശത്തിൽ ആദിത്യവർമ്മയെ സന്ദേശഹരനാക്കിയിരിക്കുന്നതു് ഉണ്ണുനീലിയുടെ ക്ഷത്രിയകുലജാതത്വം സൂചിപ്പിക്കുന്നതല്ലേ എന്നും ചിന്തനീയമാണ്. അതുപോലെതന്നെ പൂയനായിക, ഉത്രമാതു്, ചോതിവനിത, തിരുവോണംപിറന്നേണനേത്ര എന്നിങ്ങനെ ജന്മനക്ഷത്രങ്ങളുടെ പേരുചേർത്തു് നായികമാരെ നാമകരണംചെയ്യുന്ന രീതിയും കാണുന്നുണ്ടു്. ഈ സമ്പ്രദായം ക്ഷത്രിയവംശത്തിൽപ്പെട്ടവരുടെ ഇടയിലാണു് സാധാരണ കണ്ടുവരുന്നതെന്നും പ്രത്യേകം ശ്രദ്ധേയമാണ്.

# ജ്യോത്സ്യാഭരണം പഞ്ചാംഗവും, കെ. പി. കെ. നമ്പ്യാർഅവർകളും

പി. ആർ. ഗോപാലവാര്യർ, പാണ്ടനാടു്

കഴിഞ്ഞ ധനു ലക്കം കേരളീയജ്യോതിഷമാസികയിൽ ജ്യോത്സ്യാഭരണം പഞ്ചാംഗം എന്ന ശീർഷകത്തിൽ കെ. പി. കെ. നമ്പ്യാരവർകൾ (ബാംബെ) എഴുതിയിരുന്ന ലേഖനത്തിലെ അനൗചിത്യത്തെപ്പററി ആരും ഇതിനകം ഒന്നും എങ്ങും പ്രസ്താവിച്ചുകണ്ടില്ല. അയഥാർത്ഥമായ ഇങ്ങനെയുള്ളലേഖനങ്ങൾ പ്രസിദ്ധീകരിക്കാതെയിരിക്കുകയോ മറുപടി കൊടുക്കുകയോ ചെയ്യേണ്ട ചുമതല ജ്യോതിശ്ശാസ്ത്രോദ്ധാരകനും കൂടിയായ അതിന്റെ പത്രാധിപക്കുമുണ്ടു്. മാത്രമല്ല, എന്റെ സതീർത്ഥ്യനായ ഒരു മാന്യൻ മറുപടി അയച്ചിട്ടു അതു ചേർക്കുകപോലും ചെയ്യുമില്ല. സകല ക്ലേശങ്ങളും സഹിച്ചും കഷ്ടനഷ്ടങ്ങൾ ജന്മപ്രഭൃതി ഏതാവൽപര്യന്തം അനുഭവിച്ചും ത്യാഗബുദ്ധിയോടുകൂടി ജ്യോതിശ്ശാസ്ത്രത്തിന്റെ അഭ്യുദയത്തെമാത്രം പുരസ്കരിച്ചുപ്രവർത്തിച്ചുവരുന്ന നിർമ്മത്സരശീലനും ജ്യോതിശ്ശാസ്ത്രപാരാവാരപാരീണനുമായ "ഗണിതവിദ്യാമണി" പി. എസ്. പുരുഷോത്തമൻ നമ്പൂതിരി അവർകൾ ഉണ്ടാക്കിയിട്ടുള്ളതും സമസ്തകേരളജ്യോതിഷപരിഷത്തു സമ്മാനിച്ചു് അംഗീകരിച്ചിട്ടുള്ളതുമായ ഗണിതനിർണ്ണയത്തിനും തദനുസൃതപഞ്ചാംഗത്തിനും മിഥ്യാപവാദത്തെ ജനിപ്പിക്കാനാമെന്ന ഏകോദ്ദേശം മാത്രമേ ഉള്ളു എന്നു പലപ്പോഴും എന്നെപ്പോലെയുള്ളവർക്കും തോന്നീട്ടുണ്ടു്. 1125 കർക്കടകം 27-ാംതീയതിയിലെ ബുധക്രാന്തരം $25^{\circ}$-58' എന്നും 29-ാംനു-യിലേതു $25^{\circ}$-17' എന്നും മി നമ്പ്യാർ പറഞ്ഞിരിക്കുന്നു. ഇതുകൊണ്ടു സ്ഫുടങ്ങളെ അന്തരിക്കുന്നതിനുപോലും ശ്രീ: നമ്പ്യാർക്കു പരിചയമില്ലെന്നു തോന്നിപ്പോകുന്നു. മാത്രമല്ല, രവികർണ്ണം പരമലംബ (983) എന്നും ബുധകർണ്ണം പരമഗുരു (467) എന്നും ശീഘ്രകേന്ദ്രം $90^{\circ}$. എന്നും സങ്കല്പിച്ചാൽ ശീഘ്രപരമഫലം $25^{\circ}$-25'. എന്നും ഇതിലധികം വരുന്നതു തെററെന്നും നമ്പ്യാർ സമർത്ഥിച്ചിട്ടുണ്ടു്. ശീഘ്രകേന്ദ്രം $90^{\circ}$നും ഈ കർണ്ണങ്ങൾക്കും പറഞ്ഞിരിക്കുന്ന ഫലം ശരിതന്നെ. ശീഘ്രകേന്ദ്രം $90^{\circ}$നു് ശേഷവും ശീഘ്രഫലം വർദ്ധമാനമാണെന്നു ഗണിതജ്ഞന്മാർക്കു് അറിയാം. മി: നമ്പ്യാർ ഇതും ധരിച്ചിട്ടില്ലെന്നു തോന്നുന്നു. ശീഘ്രകേന്ദ്രം $118^{\circ}$- എന്നു സങ്കല്പിച്ചു മുമ്പാത്തെ ബുധരവികർണ്ണങ്ങൾകൊണ്ടു് ഗണിച്ചുനോക്കുക, അപ്പോൾ ശീഘ്രഫലം $28^{\circ}$-38' വരുമെന്നതു സ്പഷ്ടമാണ്. ടി പഞ്ചാംഗത്തിൽ കർക്കടകം 27-ാംനു- ബുധക്രാന്തരം $25^{\circ}$-37'-ം 29-നു $26^{\circ}$-17'മാണു കാണുന്നതു്. ശ്രീ: നമ്പ്യാർ $29^{\circ}$-17' എന്നു പറഞ്ഞിരിക്കുന്നതു കേവലം അടിസ്ഥാനരഹിതവും അബദ്ധവും തന്നെ. അത്രമാത്രമോ ബുധൻ അസ്ഥിരസ്വഭാവിയും ആണും പെണ്ണും കെട്ടവനുമാണെന്നു് നമ്പ്യാർ ബുധനെ ശകാരിക്കുന്നു. ആകാശമദ്ധ്യത്തിൽ സൂര്യദൂതനായി സഞ്ചരിക്കുന്ന ബോധകാരകനായ ബുധനെപ്പോലും ധിക്കരിച്ചു പറയാൻ കൂസലില്ലാത്ത മി: നമ്പ്യാർക്കു ഏതാദൃശങ്ങളായ മിഥ്യാരോപങ്ങൾക്കു തല്പര്യം ജനിക്കുന്നതിൽ അത്ഭുതമില്ല. ഒരു കാര്യം എല്ലാവരും അറിഞ്ഞിരിക്കേണ്ടതാണ്. പ്രതികാരബുദ്ധിയില്ലാതെ പരാർത്ഥമായി പ്രവർത്തിക്കുന്ന സജ്ജനങ്ങളിൽ ദോഷാരോപണംചെയ്യുന്ന ആ ദുഷിച്ചശീലം ഭാവിയിലെ ശ്രേയസ്സിനു പ്രതിബന്ധകമാണ്.

1125 കർക്കടകത്തിനുമേൽ കുറച്ചുമാസങ്ങൾകൂടി കഴിഞ്ഞാൽ സൂര്യനിൽനിന്നും അഞ്ചാറുരാശിക്കപ്പുറം കടക്കുന്ന ബുധനെ പിടിച്ചുകൊണ്ടുവരുന്നതു കാണാനാഗ്രഹിക്കുന്ന മി: നമ്പ്യാരുടെ കർണ്ണിണയുടെ ദുരാഗ്രഹവും ബുദ്ധിയുടെ അപകചതയും ഒട്ടും ക്ഷന്തവ്യങ്ങളല്ല.

നിഷ്പ്രയോജനങ്ങളും അയഥാർത്ഥങ്ങളുമായ ഏതാദൃശലേഖനങ്ങൾ സാധാരണന്മാരെ അമ്പരപ്പിക്കുന്നതാണ്. "ഉച്ചൈരുച്ചരിതവ്യം യൽ കിഞ്ചിദജാനതാപി പുരുഷേണ മൂർഖാ വിശ്വാസ്യന്തേ വിദ്വേഷാമപിസംശയോഭവതി." എന്നാണല്ലോ അഭിയുക്തവചനം. പക്ഷേ ഇതുകൊണ്ടു വന്നുകൂടുന്നതു ലേഖകന്റെ അജ്ഞതയും അവിവേകവും വെളിപ്പെടുകമാത്രമാണ്. പഞ്ചാംഗത്തിനും പഞ്ചാംഗകർത്താവിനുമല്ല ദോഷമെന്നു മനസ്സിലാക്കാൻപോലും ശ്രീ: നമ്പ്യാർക്കു കഴിഞ്ഞില്ലല്ലോ എന്നാണു് ഞാൻ ഖേദിക്കുന്നതു്. ഈ ഭാഗം ഇങ്ങനെ നില്ക്കട്ടെ.

ഗണിതനിർണ്ണയം ജ്യോതിഷപരിഷത്തു അംഗീകരിക്കുകയും അതിനുമുമ്പുതന്നെ തദനുസൃതപഞ്ചാംഗം പ്രചരിക്കുകയും രാജകീയമായ പ്രതിബന്ധം ഒഴിയുകയും ചെയ്തിട്ടും പഴയ പരഹിതവും ദൃക്കും ഇനിയും തുടർന്നു പഞ്ചാംഗം ഗണിക്കാൻ ചിലർ ഉദ്ദേശിക്കുന്നു എങ്കിൽ അതു് ശുദ്ധഗണിതത്തിന്റെ പ്രചാരത്തിനും സ്വീകാരത്തിനും ജനസമ്മതത്തിനുംഹാനികരമായിത്തീരുമെന്നു മാത്രമല്ല, ചിരകാലപ്രതീക്ഷിതമായ ശുദ്ധഗണിതത്തിന്റെ അഭ്യുദയത്തെ പാടേ വിപാടനംചെയ്യുന്നതുകൂടിയായിരിക്കുമെന്നു പറയാതെ നിവൃത്തിയില്ല. ആകയാൽ ഇനിയെങ്കിലും എല്ലാ പഞ്ചാംഗകർത്താക്കളും ശുദ്ധഗണിതം സ്വീകരിക്കുമെന്നു വിശ്വസിക്കുകയും അതിന്നായി അപേക്ഷിക്കയും ചെയ്തുകൊണ്ടു് ഇപ്പോൾ വിരമിക്കുന്നു.

# ഈ ആഴ്ചയിലെ നക്ഷത്രഫലം

സാമാന്യമായുള്ള ഈ ഫലത്തിന്ന പ്രായം, കാലം, നില, സ്ഥാനം, ഇവ അനുസരിച്ച് ചില വ്യതിയാനങ്ങൾ വരാം.

തകഴി കെ. രാമവാര്യർ

[illegible] മുതൽ [illegible] വരെ

അശ്വതി—സുഹൃത്തുക്കളുടെ സ്നേഹാനുകൂല്യം സംഭവിക്കും. വാണിജ്യവ്യവസായങ്ങൾക്ക വലിയ വ്യത്യാസം വരികയില്ല. സാമ്പത്തികമായ സങ്കടങ്ങൾ സംജാതമാകും.

ഭരണി—പരകാര്യനിരതത്വം നിമിത്തം സ്വന്തം കാര്യങ്ങൾക്ക കാലതാമസവും, നഷ്ടവും വരും. അർഹമായ ഗൃഹാവശ്യത്തിന്ന അന്യായമായ പല കാര്യങ്ങളും ചെയ്യേണ്ടിയിരിക്കും. [illegible]

കാർത്തിക—പല [illegible] കേൾക്കുന്നതിനിടയാവുകയാൽ അസന്തുഷ്ടിയുള്ള ആഴ്ചയാണ്. [illegible] അസുഖം സന്താനങ്ങളുടെ ആരോഗ്യഹാനി.

രോഹിണി—മിത്രങ്ങളുടെ അമിത്രഭാവം. [illegible] കടംവാങ്ങി ആവശ്യങ്ങൾ നിറവേറ്റേണ്ടതിനിടവരിക.

മകയിരം—അന്യകാര്യത്തിലും പണക്കുഴപ്പത്തിലും [illegible] ഈശ്വരാനുഗ്രഹം ഭാഗ്യവുംകൊണ്ട് അവകൾക്ക നിവാരണങ്ങൾ ലഭിക്കും.

തിരുവാതിര—അലസതയും അലക്ഷ്യവും നിമിത്തം പല കാര്യങ്ങളിലും നഷ്ടം നേരിടും. [illegible] ആഹാരങ്ങളുടെ അഭാവം ആരോഗ്യഹാനിക്കിടയാക്കും. അനാവശ്യമായ എതിർവാദം നടത്തും. ശത്രുക്കൾക്കിടയുണ്ടാകും.

പുണർതം—നല്ലകാര്യങ്ങൾക്കായി നിർബ്ബന്ധവും നിഷ്കളങ്കവുമായി പെരുമാറും. അസ്വാദ്യമനോഭാവമുണ്ടാക്കുവാൻ ചിലർ മുതിരും, സന്തോഷവും സൗഖ്യവും ലഭിക്കും, ധനവിഷയം ഗണനീയമല്ല.

പൂയം—സ്വാർത്ഥലാഭത്തിനുവേണ്ടി വിദ്വേഷമനോഭാവം പ്രകടിപ്പിക്കയും കുതന്ത്രമാർഗ്ഗങ്ങളും ആരായുകയും ക്ഷുൽപീഡ മനസ്താപം മുതലായതു വരുമെങ്കിലും അല്പമായ ചില ആശ്വാസങ്ങൾക്കും ന്യായമുണ്ട്.

ആയില്യം—മാപാപമായ കാര്യങ്ങളിൽ സമയവും മനസ്സും വിനിയോഗിക്കയും ഉന്നതിക്കായി പ്രവർത്തിക്കയും ബന്ധുക്കളെ പോഷണം ചെയ്യുന്നതിൽ സാമർത്ഥ്യവും വലിയവരെ സൽക്കരിക്കയും നയനപീഡാദി രോഗങ്ങൾ ഉണ്ടാകയും പാരുഷ്യങ്ങളിൽ വിരുത്തും ഫലം.

മകം—ഭയവും ബന്ധുവിരോധവും വരും. അലച്ചിലുകളും ബുദ്ധിമുട്ടും കൂടുകയും ചെയ്യും.

പൂരം—സന്താനങ്ങളാൽ സംതൃപ്തി, സമ്മേളനസക്തി, പുതിയ ബന്ധുക്കളുടെ സമാഗമം, സൽക്കാരത്തിൽ ഔത്സുക്യം കളത്രപീഡ നാൽക്കാലിവർഗ്ഗങ്ങളുടെ അനുഭവസുഖക്കുറവ് ജലഭോജ്യവൈഷമ്യത, ആഭരണക്രയവിക്രയം.

ഉത്രം—ശിരോരോഗം പാദങ്ങളുടെ പക്ഷവാതകൾ, അധികൃതരുടെ സ്നേഹാദരങ്ങൾ വളരും. ഗൃഹത്തിൽ സൈരജീവിതത്തിനുള്ള മാർഗ്ഗങ്ങൾ തെളിയും. അന്യസഹായത്തോടുകൂടി ചെയ്യേണ്ട പ്രവർത്തികളിൽ വിജയം വരിക്കും.

അത്തം—ശരീരത്തിൽ ക്ഷതമോ ചൊറിചിരങ്ങുകളോ ഉണ്ടാകാം. ചില ത്യാഗങ്ങൾ വേണ്ടതായ വരും. സഹായസഹപ്രവർത്തകർ സമയമാകുമ്പോൾ കാല്യമാവും. സഹകരണമനസ്സ് ഉണ്ടായാലും തന്നെക്കൊണ്ടുള്ള കഴിവു കുറയും മതപരമായ കാര്യങ്ങളിൽ ശ്രദ്ധകാണിക്കും.

ചിത്തിര—സാഹസികയത്നം ചെയ്ത് വരുമാനം വരുത്തുവാൻ ആഗ്രഹിക്കും. ജ്ഞാനസമ്പാദനത്തിൽ ഉൽസാഹം കൂടുതൽ പ്രകടമാക്കും, മൈത്രിയിൽ ഗുണം ലഭിക്കും, മേലധികാരികളുടെ വിരോധത്തിന് പാത്രമാകും.

ചോതി—ഭക്ഷണവസ്ത്രാദി ദൗർലഭ്യം വരും സാമൂഹ്യപ്രവർത്തനത്തിൽ ഭാഗഭാക്കാകും ലേഖനാസക്തിയുണ്ടാകും സന്താനനാശങ്ങളോ മാറു വിഷമതയോ സംഭവിക്കും. അനുചിതമല്ലാത്ത കാര്യങ്ങളിൽ ഇടപെടും.

വിശാഖം—കാരാഗൃഹവാസമോ തത്തുല്യമായ മററു വിപത്തുകളോ സംഭവിക്കാം. അപവാദങ്ങൾ വേണ്ടുവോളം ലഭിക്കും വിദ്യാഭ്യാസവിഷയങ്ങളിൽ കൂടുതലായി ക്ലേശിക്കും. ദിനചര്യയും സുഖപ്രദമല്ല.

അനിഴം—പല ഗൂഢപ്രവൃത്തികളിലും മനസ്സു പ്രവർത്തിച്ചുകൊണ്ടിരിക്കും. സ്ഥാനചലനമോ അസ്വസ്ഥതയോ വരും. സ്നേഹിതരെക്കൊണ്ട് വിടവുകൾ അടയും. ഔഷധങ്ങൾക്ക വ്യയം ഉണ്ടാകും.

കേട്ട—ശത്രുഭയമോ ചോരഭയമോ ഉണ്ടാകും. അവിചാരിതമായ ഉൽകർഷം സിദ്ധിക്കും. ഭക്ഷണകാര്യങ്ങൾക്ക് വിഷമതവന്നുചേരും. സാഹസികമായ കർമ്മങ്ങളാൽ ശരീരക്ഷീണത്തിനിടവരും.

മൂലം—നല്ലകാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി ഏതുവിധ ക്ലേശവും വരിക്കും. വേണ്ടപ്പെട്ടവരെ കണ്ട് ഗുണം ലഭിക്കും. ദേശസഞ്ചാരങ്ങൾ ചെയ്യും. ധനപരമായ മാറ്റങ്ങൾ നടക്കും.

പൂരാടം—ജോലിക്കുതക്ക പ്രയോജനം പ്രവൃത്തികളിൽനിന്നും കിട്ടുകയില്ല. പങ്കാളികളെക്കൊണ്ട് വിഷമിക്കും. കുടുംബഭരണക്ലേശം അനുഭവിക്കും. ഐക്യത്തിന് തുനിയും, നീർവീഴ്ച്ചയുണ്ടാകും.

ഉത്രാടം—ഭാസുരമായ ഭാവിയെക്കുറിച്ച് മനോരാജ്യംകാണും. രാഷ്ട്രസേവാവ്രതങ്ങളുടെ പൂർത്തി നടക്കും. സ്തുതിഗീതംപാടും. അവസാനത്തിൽ മനഃപീഡ മിച്ചംലഭിക്കും.

തിരുവോണം—ശരീരാസ്വാസ്ഥ്യംവരുത്തും നാനാമാർഗ്ഗങ്ങളിൽ പണം ഉണ്ടാക്കുന്നതിന് ശ്രമിക്കും. അല്പഗുണംകാണും. സ്ത്രീവർഗ്ഗമായ വിഷമത വലയംചെയ്യും. ചില ആലോചനകൾനടത്തും.

അവിട്ടം—കഫമിളകി വല്ല രോഗങ്ങളും ഉണ്ടാകും. ഹൃദയം കാക്കപനിക്കുതിരും. ഉറക്കമിളച്ചു ജോലിചെയ്യും. ധാന്യഗുണംകാണും. സംഘടനാസമ്മേളനങ്ങളിൽ ഔൽസുക്യംപ്രദർശിപ്പിക്കും.

ചതയം—കർത്തവ്യബോധംവളരും, അജ്ഞന്മാരിൽനിന്നും അനർത്ഥഹേതുകമായ പെരുമാറ്റങ്ങൾ സംഭവിക്കും സഹായികളെ കുട്ടിപിടിപ്പിക്കും അതിമോഹത്താൽ മനഃപീഡജനിക്കും അമിതാദായത്തിനായി അന്യരെക്കുറ്റപ്പെടുത്തും

പൂരുരുട്ടാതി—കുഴപ്പമേറിയ പലസംഗതികൾക്കുംപരിഹാരംതേടും. പണംചെലവാകുന്ന കാര്യത്തിൽ അന്യർ അലട്ടും ഉന്മാദികൃതത്താൽ ചില പീഡകൾവരും സംയുക്തപ്രവർത്തനം ഗുണപ്രദമാണ്.

ഉത്രട്ടാതി—വാസ്തവാവാസ്തവങ്ങൾ ധരിക്കാത്തതിനാൽ ശത്രുക്കൾ വളരും അന്യരിൽനിന്നു അപവാദവും അധികാരിയിൽനിന്നും വിരോധവും ജനിക്കും വിദ്യാഭ്യാസകാര്യത്തിൽ മൌഢ്യം പ്രാപിക്കും എന്നാൽ ചുമതലയേറിയ പലകാര്യങ്ങളുംചെയ്യും.

രേവതി—അഭിലഷിതകാര്യങ്ങളിൽ വിജയം മനസ്സന്തോഷം ഇളക്കങ്ങൾവരുത്തുക വളരെ കാലമായി ഉദ്ദേശിച്ചുവെച്ചിരുന്ന കാര്യങ്ങൾക്ക സാഫല്യതവന്നുചേരും. വ്യാപാരങ്ങൾക്കും മററു കാര്യങ്ങൾക്കും അധികം പണംമുടക്കും സൽകാര്യങ്ങൾചെയ്യും.

---

സിനിമാപംക്തി:—

## നൂർജഹാൻ

ചുരുങ്ങിയ കാലയളവിൽ എണ്ണപ്പെട്ട നിരവധി ഹിന്ദീചലച്ചിത്രങ്ങളിൽ അഭിനയിച്ചു സിനിമാപ്രേമികളുടെ ആരാധനാവിഗ്രഹമായി തീർന്നിട്ടുള്ള ഒരു അഭിനേത്രിയത്രെ നൂർജഹാൻ. അനന്യസാധാരണമായ അഭിനയവൈദഗ്ദ്ധ്യം മാദകമായ ആകാരസുഷമ, അന്യാദൃശമായ ഗാനമാധുര്യം എന്നിവ ആ കലാകാരിയിൽ മനോജ്ഞമായി ഒത്തിണങ്ങിയിട്ടുണ്ട്. ആയിരക്കണക്കിന് പ്രേക്ഷകരെ സിനിമാശാലകളിലേക്ക് ആകർഷിക്കുന്ന അത്ഭുതശക്തിയായി ആ നാമധേയം ഉയർന്നുകഴിഞ്ഞിട്ടുണ്ട്.

൧൯൨൯-ൽ ലാഹോറിൽ നൂർജഹാൻ ജനിച്ചു. ഉയർന്ന വിദ്യാഭ്യാസമൊന്നും ലഭിക്കുന്നതിന് ആ ബാലികയ്ക്ക് സൌകര്യം ലഭിച്ചില്ല. ചെറുപ്പത്തിൽതന്നെ സംഗീതത്തിലും നൃത്തകലയിലും അവർ വേണ്ടത്ര ശിക്ഷണം സമ്പാദിച്ചു. ഡയറക്ടർ ഷൌക്കത്ത്ഹുസൈൻ ഈ ബാലികയിൽ ഒളിഞ്ഞും മറഞ്ഞും കിടന്നിരുന്ന കലാവൈദഗ്ദ്ധ്യത്തെ കണ്ടെത്തുകയും അവയെ വികസിപ്പിക്കുന്നതിന് സാഹചര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. മുസ്ലീങ്ങളുടെ സാമുദായികജീവിതത്തിൽ പരിവർത്തനംസൃഷ്ടിക്കുന്നതിന് ഉപയുക്തമായ പല ചലച്ചിത്രങ്ങൾ ഷൌക്കത്ത്ഹുസൈൻ നിർമ്മിക്കുകയും അവയിലെല്ലാം നായികയുടെ ഭാഗം അഭിനയിക്കുന്നതിന് നൂർജഹാനെ തെരഞ്ഞെടുക്കുകയും ചെയ്തു. ഒടുവിൽ ഷൌക്കത്ത്ഹുസൈനും നൂർജഹാനും തമ്മിൽ പ്രണയബദ്ധരാകുകയും ദാമ്പത്യജീവിതത്തിലേക്ക് കാലൂന്നുകയും ചെയ്തു.

"ഹീർസിയാൽ" എന്ന ചിത്രത്തിലാണ് ബേബിനൂർജഹാൻ ആദ്യമായി വെള്ളിത്തിരയിൽ പ്രത്യക്ഷപ്പെട്ടത്. അവരുടെ അഭിനയവും ഗാനങ്ങളും പ്രേക്ഷകരേയും ശ്രോതാക്കളേയും അതിരററ് ആകർഷിച്ചു. തുടർന്ന് "ഗുൽബെകാവലി" "യംലാജട്ട്" എന്നീ ചിത്രങ്ങളിൽ അപ്രധാനഭാഗങ്ങളിൽ അഭിനയിച്ചു. അനന്തരം "ചൌധുരി" "ഖൻദാൻ" എന്നീ ചിത്രങ്ങളിൽ പ്രധാനഭാഗങ്ങളിൽ പ്രത്യക്ഷപ്പെട്ടു. "ഖൻദാൻ" എന്ന ചിത്രത്തിലെ അഭിനയത്തോടുകൂടിയാണ് നൂർജഹാന്റെ പ്രശസ്തിവർദ്ധിച്ചത്. "നൌക്കർ" "നാദാൻ", "ദോസ്ത്" തുടങ്ങിയ ചിത്രങ്ങളിൽ അവർ ഒരുപടികൂടി പുരോഗമിച്ചു. "ദിൽ" "ഗാവ്കീഗോരി" "ഭായിജാൻ" "ലാൽഹവേലി" "ഹംജോലി" "സീനത്ത്" "ബഡിമാം" മുതലായ ചിത്രങ്ങളിലും നൂർജഹാൻ ഹൃദയാവർജ്ജകവും വികാരോത്തേജകവുമായ വിധത്തിൽ അഭിനയിച്ചിട്ടുണ്ട്. "ജുഗ്നു" എന്ന ചിത്രത്തിന് ഇത്രമാത്രം പ്രശസ്തി നേടിക്കൊടുത്തതും നൂർജഹാന്റെ ഗാനങ്ങളാണ്. വികാരം ഗാനങ്ങളിൽകൂടെ ആവിഷ്ക്കരിക്കുവാൻ ദിവംഗതനായ സൈഗാളിനെ ഒഴിച്ചാൽ നൂർജഹാൻതന്നെയാണ് അതിൽ കൂടുതൽ വിജയം വരിച്ചിട്ടുള്ള നടി. "കയാബദലം" എന്നും "അജ്കിരാത്ത്" എന്നും ആ ചിത്രത്തിലെ രണ്ടുപാട്ടുകൾ വളരെയധികം പ്രശസ്തിനേടിയിട്ടുള്ളവയാണ്. നൂർജഹാന്റെ വിജയത്തിന്റെ പ്രധാന ഘടകമായി നിലകൊള്ളുന്നതും അവരുടെ മധുരഗാനചതുരതയാണ്. അവർ ഇപ്പോൾ ഫിലിം ഏഷ്യായുടെ ഒൊപട്ടാ എന്ന പുതിയ ചിത്രത്തിലും വിജയകരമായി അഭിനയിച്ചുകഴിഞ്ഞിട്ടുണ്ട്. വിവിധസ്വഭാവത്തിലുള്ള രസാഭിനയത്തിനു നൂർജഹാനെ ഉപയോഗപ്പെടുത്തി വിജയം വരിച്ചിട്ടുള്ള ഡയറക്ടർ അവരുടെ ഭർത്താവായ ഷൌക്കത്ത്ഹുസൈൻതന്നെയാണ്. മ്യൂസിക്ക്ഡയറക്ടറന്മാരിൽ നൌഷദിനെയാണ് അവർ ബഹുമാനിക്കുന്നതും. നൂർജഹാന്റെ ചിത്രങ്ങൾക്ക പൊതുവേ വലിയ സ്വീകരണം ലഭിച്ചുകൊണ്ടിരിക്കുന്നു. ആ അനുഗ്രഹീതയായ അഭിനേത്രിക്ക് കൂടുതൽ ഭാസുരവും ശോഭനവുമായ ഭാവി ആശംസിക്കാം.

* * *

മലയാളം "നല്ലതങ്ക" തമിഴിലേക്ക് "ഡബ്ബ്" ചെയ്യുന്നതിന്ന തീരുമാനിച്ചിട്ടുള്ളതായി അറിയുന്നു.

* * *

"സ്ത്രീ" എന്ന മലയാളംചിത്രം മാർച്ച് ആരംഭത്തിൽ റിലീസ്ചെയ്യുന്നതാണ്. തിക്കുറിശി സുകുമാരൻനായർ, വൈക്കംമണി, അരവിന്ദാക്ഷമേനോൻ, നീലകണ്ഠൻനായർ മുതലായവർ അഭിനയിച്ചിട്ടുള്ള ഈ ചിത്രം ഒരു മലയാളിയായ ആർ. വേലപ്പൻനായരാണ് ഡയറക്ട് ചെയ്തിരിക്കുന്നത്.

* * *

ടി. എസ്സ്. ബാലയ്യ, ലളിത, പത്മിനി പി. കെ. സരസ്വതി എന്നിവർ അഭിനയിക്കുന്ന "ചന്ദ്രിക" എന്ന ചിത്രത്തിലേക്ക് ശ്രീമതി ലീലയുടെ ഏതാനും പാട്ടുകൾ റിക്കാർഡുചെയ്തു കഴിഞ്ഞിട്ടുണ്ട്. എല്ലീസ്. ആർ. ഡങ്കനാണ് ചിത്രം ഡയറക്ട് ചെയ്യുന്നതെന്നും അറിയുന്നു.

* * *

കായംകുളം കലാനിലയക്കാർ കരുണ ചലച്ചിത്രത്തിലാക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

* * *

"മധുവിധു" എന്ന ചിത്രത്തിന്റെ ഷൂട്ടിംഗ് ആരംഭിച്ചിട്ടുണ്ട്. ടി. എസ്സ്. ബാലയ്യ, ദേവരാജ്, പി. കെ. സരസ്വതി, കെ. ശ്രീധരൻനായർ എന്നിവർ ഈ ചിത്രത്തിൽ അഭിനയിക്കുന്നതാണ്.

* * *

ശ്രീമാൻ. എൻ. പി. ചെല്ലപ്പൻനായർ രചിച്ചിട്ടുള്ള "ശശിധരൻ ബി. ഏ." ചലച്ചിത്രത്തിലേക്ക് രൂപാന്തരപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ത്രിവിക്രമൻനായർ, കൊട്ടാരക്കര ശ്രീധരൻനായർ, വൈക്കം മണി, കുമാരൻഭാഗവതർ, മിസ്സ് കുമാരി, മിസ്സ് ഓമന, മിസ്സ്. രേവമ്മ തുടങ്ങിയവരാണ് ഈ ചിത്രത്തിൽ അഭിനയിക്കുന്നത്.

* * *

ന്യൂട്ടോൺ സ്ററുഡിയോക്കാരുടെ തമിഴ് "ലൈലാമജ്നു" വിന്റെനിർമ്മാണം പൂർത്തിയാകാറാകുന്നു. ടി. ആർ. മഹാലിംഗം, എം. വി. രാജമ്മ, ബാലസുബ്രഹ്മണ്യം, കൃഷ്ണൻ, മധുരം, ലളിതാ, പത്മിനി മുതലായവരാണ് ഈ ചിത്രത്തിൽ അഭിനയിച്ചിട്ടുള്ളത്:

* * *

ടി. ആർ. മഹാലിംഗം, എം. വി. രാജമ്മ നാഗർകോവിൽ മഹാദേവൻ, എൻ. എസ്സ്. കൃഷ്ണൻ, ടി.ഏ. മധുരം മുതലായവർ അഭിനയിച്ചുകൊണ്ടിരിക്കുന്ന "പാരിജാതം" എന്ന ചിത്രത്തിന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

* * *

ടി. ആർ. മഹാലിംഗം, ടി. കെ. ഷൺമുഖം, എസ്. വി. സഹസ്രനാമൻ, ബീ. എസ്സ്. സരോജ, എം. എസ്സ്. ദ്രൌപതി മുതലായവർ ഏ. വി. എം. കമ്പനിക്കാരുടെ "ഒരു രാത്രി"യിൽ അഭിനയിച്ചുകൊണ്ടിരിക്കുന്നു.

* * *

ശ്രീ: വിജയലക്ഷ്മിപണ്ഡിററിന്റെ പുത്രി ഗീതാപണ്ഡിററ് "രാഗതരംഗിണി" എന്ന ചിത്രത്തിൽ അഭിനയിക്കുന്നതിന് ബോംബെ ടാക്കീസുമായി ഉടമ്പടിയിൽ ഏർപ്പെട്ടിരിക്കുന്നു.

* * *

ബംഗാളിലെ ഒരു ഐ. സി. എസ്സ്. ഉദ്യോഗസ്ഥന്റെ പത്നി മിസ്സിസ് ഉഷാബോസ് "ബൌംബാവു" എന്ന ചിത്രത്തിൽ അഭിനയിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു.

* * *

സുപ്രസിദ്ധ സിനിമാതാരമായ സുരയ്യായും ദേവാനന്ദും തമ്മിലുള്ള പ്രണയം മാർച്ചുമാസത്തിൽ വിവാഹത്തിൽ പര്യവസാനിക്കുന്നതാണ്.

* * *

ഭാവിയിലെ ചലച്ചിത്രങ്ങളുടെ ദൈർഘ്യം ൧൧൦൦ അടിയായി ക്ലിപ്തപ്പെടുത്തുവാൻ ഇന്ത്യാഗവമ്മെണ്ടു തീരുമാനിച്ചിരിക്കുന്നു.

* * *

മൈസൂരിൽ അടുത്തുതന്നെ അസംസ്കൃതഫിലിം നിർമ്മിക്കുവാനുള്ള ഒരു കമ്പനി ആരംഭിക്കുന്നതാണ്.

—o—


SPECIAL FOR STUDENTS
*Perfect out door groups*
SHUNMUGAM PHOTO STUDIO
MAIN ROAD, QUILON.
Pazhavangady, TRIVANDRUM &
East of Tower, NAGERCOIL.
വിദ്യാർത്ഥികൾക്ക് പ്രത്യേകസൌകര്യം
ഏററവും ഭംഗിയായ ഗ്രൂപ്പ്ഫോട്ടോയ്ക്ക്
ഷൺമുഖം സ്ററുഡിയോ സന്ദർശിക്കുവിൻ
കൊല്ലം, തിരുവനന്തപുരം, നാഗർകോവിൽ.



250 കലണ്ടറുകൾ
നിങ്ങളുടെ പേരും മേൽവിലാസവുംസഹിതം വെറും 25 രൂപയ്ക്ക്. മുൻകൂർ 10-രൂപാ അടയ്ക്കുക. 16 എണ്ണം അടങ്ങിയ സാമ്പിൾസെററ് രൂപാ 3 മാത്രം. തപാൽചിലവ് പ്രത്യേകം.
BHATIA BROTHERS,
Chuna Mandi, New Delhi.



ഉടൻ പുറപ്പെടുന്നു
മുരളി
വിനോദമാസിക
ചിരിക്കുവാനും, ചിന്തിക്കുവാനും, രസിക്കുവാനും വകയുള്ള വിനോദലേഖനങ്ങൾ, ഹാസ്യചിത്രങ്ങൾ, വിമർശനങ്ങൾ മുതലായവയ്ക്കു 'മുരളി' വിനോദമാസിക വായിക്കുവിൻ.
സമർത്ഥന്മാരായ ഏജൻറന്മാരെ ആവശ്യമുണ്ട്. ഉടനേ അപേക്ഷിക്കുക.
ഒററപ്രതി 3 ണ.
മാനേജർ, മുരളി, മാവേലിക്കര.

# ക്യാലൊറീസ്റ്റോ കമ്മ്യൂണിസമോ

## അടപ്പട്ടിണിനടമാടുന്ന ദക്ഷിണപൂർവേഷ്യ കമ്മ്യൂണിസ്റ്റ് പ്രചരണത്തിനുപററിയ വിളഭൂമിയാകുന്നു

കെ. എൻ. രാമനാഥൻ

ക്യാലറീസ്റ്റോ, കമ്മ്യൂണിസമോ എന്നതാണ് ദക്ഷിണപൂർവേഷ്യയിലെ ഇന്നത്തെ പ്രശ്നം.

൧൯ ലക്ഷം ചതുരശ്രമൈൽ വിസ്തീർണ്ണമുള്ളതും ൧൧൯ കോടി ജനങ്ങൾ അധിവസിക്കുന്നതും ആയ ഈ വിസ്തൃത ഭൂപ്രദേശം അർദ്ധപ്പട്ടിണിക്കാരെക്കൊണ്ടു നിറഞ്ഞിരിക്കുന്നു. ലോകസമാധാനത്തിന് ഏററവും വലിയ ഭീഷണിയായി നിലകൊള്ളുന്നതു ഈ പട്ടിണിയാണ്. കമ്മ്യൂണിസ്റ്റുകാരുടെ പ്രചരണത്തിന് ഇതു ഏററവും വലിയ പ്രേരണയും പ്രദാനം ചെയ്യുന്നു.

അസംതൃപ്തിയുടെ വിത്തുകൾ പാകുവാൻ, വിശന്നുപൊരിയുന്ന, വസ്ത്രംകിട്ടാതെ വിഷമിക്കുന്ന ജനങ്ങൾ പററിയ വിളഭൂമിയാണ്. കാലറീസ് വർദ്ധിപ്പിക്കട്ടെ; അപ്പോൾ കമ്മ്യൂണിസത്തോടുള്ള ആകർഷണത്തിന്റെ ശക്തിയും ഇല്ലാതാകും.

(ബ്രിട്ടീഷ് ദക്ഷിണപൂർവേഷ്യ, ബർമ്മ, സിലോൺ, ചൈന, ഇന്ത്യ, ഇൻഡോചൈന, ഇൻഡോനീഷ്യ, ജപ്പാൻ, കൊറിയ, നേപ്പാൾ, പാകിസ്ഥാൻ, ഫിലിപ്പൈൻസ്, തൈലണ്ട് എന്നീ പ്രദേശങ്ങളെയാണ് ദക്ഷിണപൂർവേഷ്യാ എന്നും പൂർവേഷ്യാ എന്നും ഈ ലേഖനത്തിൽ വിവക്ഷിച്ചിട്ടുള്ളതു്. ഈ രാജ്യങ്ങളിലെല്ലാം പല അളവിലാണെങ്കിലും കമ്മ്യൂണിസ്റ്റ് ഭീഷണി നിലവിലുണ്ട്.)

ദക്ഷിണപൂർവേഷ്യയുടെ അഭിവൃദ്ധി സമ്പത്തികസ്ഥിതി നന്നാക്കുന്നതുകൊണ്ടേ കൈവരുത്തുവാൻ സാധിക്കുകയുള്ളു എന്നതാണ് ഈയിടെ കൊളംബിൽ സമ്മേളിച്ച കാമൺവെൽത്തുമന്ത്രിമാരുടെ പൊതുവിലുള്ള അഭിപ്രായം. അവരുടെ ചർച്ചകളുടെ ഫലമായി ദക്ഷിണേഷ്യയിലും ദക്ഷിണപൂർവേഷ്യയിലും സമ്പത്തികാഭിവൃദ്ധി ഉണ്ടാകത്തക്ക വിധമുള്ള പദ്ധതികൾ കാമൺവെൽത്തു ഗവൺമെണ്ടുകൾക്ക് സമർപ്പിക്കണമെന്ന ഒരു ശുപാർശ ചെയ്യപ്പെട്ടിട്ടുണ്ട്.

കാമൺവെൽത്തു രാജ്യങ്ങളും യൂണൈറെറഡ് സ്റ്റേററ്സും കൈക്കൊള്ളുന്ന നടപടികൾ താമസിച്ചുപോകുമോ, വെള്ളമൊഴുകിപ്പോയതിൽ പിന്നെയാണോ ചിറകെട്ടുന്നതു് എന്നതാണ് സംഭവിക്കുവാൻ പോകുന്ന അപകടം.

ഹേഗിൽനിന്നു പുറപ്പെടുന്ന ഡി ടിജ്ഡ് എന്ന ഡച്ചുപത്രം ഈ മുന്നറിവു നൽകിയിട്ടുണ്ട്. അമേരിക്ക സഹായിക്കണമെന്ന് തീരുമാനിക്കുമ്പോഴേയ്ക്കും സമയം വളരെ കഴിയുമെന്നും ദക്ഷിണപൂർവേഷ്യയിലെ സംഭവവികാസങ്ങൾ ഒരു പടികൂടി മുന്നോട്ടു പോയിരിക്കുമെന്നും പത്രം പറയുന്നു.

അപകടം വളരെ യഥാർത്ഥമായിട്ടുള്ളതാണ്. ഒരു പ്രാവശ്യം അടിയേററ യു. എസ്. ഇരട്ടി സംശയിച്ചാണ് പെരുമാറുന്നതു്. ദേശീയചൈനയോടുള്ള പെരുമാററത്തിൽ അമേരിക്കയ്ക്കു വല്ലാത്ത പൊള്ളിയിരിക്കയാണ്. ചൂട്ടുപാലിൽ മുഖത്തികാണിച്ച പൂച്ചക്കുഞ്ഞു് ഏതുപാല്ക്കണ്ടാലും ഒഴിഞ്ഞുപോകുന്നപോലെ, ഏഷ്യൻരാജ്യങ്ങളെ സഹായിക്കുന്ന സംഗതിയിൽ അമേരിക്ക ഇപ്പോൾ ഭയപ്പെട്ടിരിക്കുകയാണ്. കൊറിയയെ സഹായിക്കുവാൻ ആറുകോടി ഡോളർ നൽകണമെന്ന ട്രൂമന്റെ നിർദ്ദേശം പ്രതിനിധിസഭ തള്ളിക്കളഞ്ഞതു് അതായിരിക്കണം. (ഈ തുക ഇപ്പോൾ അനുവദിക്കപ്പെട്ടിട്ടുണ്ട്. പ.)

വോട്ടുകളുടെ എണ്ണം ഏകദേശം തുല്യമായിവന്നതു് ൧൯൩-ഉം ൧൯൧-ഉം, ഭാവിയെപ്പററി ആശയ്ക്കു വകനൽകുന്നുണ്ട്. പശ്ചിമരാഷ്ട്രങ്ങളിലെ നേതാക്കന്മാർ പ്രസ്തുത പ്രശ്നത്തിന്റെ സങ്കീർണ്ണതയെപ്പററി ബോധ്യപ്പെട്ടിട്ടുണ്ടെന്നുള്ളതും പ്രോത്സാഹജനകമായ മററൊരു വസ്തുതയാണ്. പാശ്ചാത്യരാഷ്ട്രങ്ങളുടെ സഹായം ലഭിക്കാത്തപക്ഷം കമ്മ്യൂണിസ്റ്റുഭരണംവന്നു് ദക്ഷിണപൂർവേഷ്യയെ തുലയ്ക്കുമെന്ന് ബ്രിട്ടനിലെ യാഥാസ്ഥിതികകക്ഷിനേതാവും മുൻവിദേശകാര്യമന്ത്രിയും ആയ മി: അന്തോണി ഈഡൻ പ്രസ്താവിക്കുന്നു. അങ്ങിനെയാണെങ്കിൽ ദക്ഷിണപൂർവേഷ്യയിലെ ജനങ്ങൾ മാത്രമായിരിക്കുകയില്ല തുലയുന്നതു്. എന്തെന്നാൽ അതൊരു ചെറിയ ഏകലോകമാണ്. ചൈനയിലെ നാല്പതുകോടി ജനങ്ങളെ ഇതുമാതിരി എപ്പോഴെ ഗ്രസിച്ചുകഴിഞ്ഞു. ദക്ഷിണപൂർവേഷ്യയിൽനിന്നു അതിനു ലഭിക്കുന്ന ഓരോ മൈൽ പുരോഗതിയും പാശ്ചാത്യഡെമോക്രസികളെ ഏല്പിക്കുന്ന ഓരോ ആഘാതമാണ്.

ദക്ഷിണപൂർവേഷ്യയിലെയും പൂർവേഷ്യയിലെയും ഭക്ഷണപ്രശ്നം തന്നെ ഉദാഹരണമായെടുക്കുക. അതേപ്പററിപഠിച്ചതിനുശേഷം ഏററവും ജനനിബിഡമായ ചില പ്രദേശങ്ങളും ഉൾക്കൊള്ളുന്ന ഈ ദിക്കിലെ അർദ്ധപ്പട്ടിണിക്കാരും വേണ്ടപോലെ ആഹാരം കിട്ടാത്തവരുമായ ജനങ്ങളുടെ ഇടയ്ക്കു് കമ്മ്യൂണിസത്തിനു ഇതുവരെ അനുയായികളെ ലഭിക്കുന്നതിൽ അതിശയിക്കാൻ ഒന്നുംതന്നെയില്ല.

ഈ പ്രദേശത്തു് ഒരാൾക്കു ലഭിക്കുന്ന ശരാശരി ആഹാരത്തിന്റെ കണക്ക് ൧൬൦൦ കലോറി മാത്രമാണ്. യുദ്ധത്തിനു മുമ്പു തന്നെ അപര്യാപ്തമായിരുന്നതിൽ ൧൯൦ കലോറി കുറവാണ് ഇതു്.

ഐക്യരാഷ്ട്രസംഘടനയുടെ പോഷകാഹാരവിദഗ്ദ്ധന്മാരുടെ അഭിപ്രായം ഒരാൾക്ക് ൨൦൦൦ കാലറി ആഹാരത്തിൽ അധികം ലഭിക്കുന്നെങ്കിൽ മാത്രമെ സമ്പത്തികപുരോഗതി പ്രതീക്ഷിച്ചുകൂട എന്നാണ്. ഒരാൾക്ക് ഒരുദിവസം മൂവായിരം കാലോറി വീതം ലഭിക്കുമെങ്കിൽ മാത്രമെ ഓജസ്സും ധനശേഷിയും സമ്പാദിക്കുവാൻ കഴിയുകയുള്ളുവെന്നും അവർ അഭിപ്രായപ്പെടുന്നു.

ദക്ഷിണപൂർവേഷ്യയ്ക്കും പൂർവേഷ്യയ്ക്കും ഇതിൽ മൂന്നിൽ രണ്ടുഭാഗം മാത്രമെ ലഭിക്കുന്നുള്ളു. കമ്മ്യൂണിസത്തിനെതിരായുള്ള സമരത്തിൽ ആദ്യമായി നേരിടേണ്ടതും ജനങ്ങളുടെ പോഷകശക്തി തീരെ പോരാത്ത ഈ ആഹാരത്തിന്റെ കാര്യമാണ്. ഒരാൾക്കു് ലഭിക്കുന്ന ആഹാരത്തിലെ കാലറി ഇത്രമാത്രം കുറഞ്ഞിരിക്കുന്നിടത്തോളംകാലം സമ്പത്തികമായ അസംതൃപ്തിയും നിലനില്ക്കുന്നതാണ്. ദരിദ്രന്മാർക്ക് പുതിയ ഒരു സ്വർഗ്ഗവും ഒരു പുതിയ ഭൂലോകവും നൽകാമെന്നുള്ള കമ്മ്യൂണിസത്തിന്റെ വാഗ്ദാനവും അതിന്റെ ശക്തിയേറിയ പ്രചരണവും ശ്രവിക്കുന്ന ക്ഷുധാർത്തരായ സ്ത്രീപുരുഷന്മാർ അവയിൽ കുറെയൊക്കെ വിശ്വസിച്ചുപോകുന്നതിൽ അതിശയിക്കാനില്ല.

യുദ്ധകാലത്തിനു മുമ്പുതന്നെ ദക്ഷിണപൂർവേഷ്യയിലും പൂർവേഷ്യയിലും ഉള്ള ജനസംഖ്യയിൽ പത്തുശതമാനം വർദ്ധനവു ഉണ്ടായിട്ടുണ്ട് ഇവിടത്തെ ജനസംഖ്യ ൧൧൯ കോടിയായി ഉയർന്നിരിക്കുന്നു. ധാന്യങ്ങളുടെ വിളവാകട്ടെ യുദ്ധത്തിനു മുമ്പുള്ള കാലത്തേതിൽനിന്നു നാലു ശതമാനം കുറവുമാണ്. വളർത്തുജന്തുക്കളുടേയും പണിയെടുക്കുന്ന മൃഗങ്ങളുടേയും എണ്ണം ഇപ്പോഴും യുദ്ധത്തിനുമുമ്പുള്ളതിൽ ൨൫ ശതമാനം ആണ്.

യുദ്ധത്തിനുമുമ്പ് ഈ പ്രദേശത്തു പുറംദിക്കുകളിലേക്കു കയററി അയയ്ക്കുവാൻ മാത്രമുള്ള അരി ഉല്പാദിപ്പിക്കപ്പെട്ടിരുന്നു. ൧൯൩൪-മുതൽ ൧൯൩൮-വരെ ഈ പ്രദേശത്തുനിന്നു വർഷംപ്രതി ശരാശരി ൧൧൦൨൦൦൦ ടൺ മില്ലിൽ കുത്തിയ അരി വെളിയിലേക്ക് അയച്ചിരുന്നു.

യുദ്ധം ഈ നിലയ്ക്കു് മാററം ഉളവാക്കി. ൧൯൪൮-ൽ ഈ പ്രദേശത്തേക്ക് ൨൫൨൦൦൦ ടണ്ണും ൧൯൪൯-ലേക്കു ൩൦൭൦൦൦ ടണ്ണും അരി പുറത്തുനിന്നു ഇറക്കുമതിചെയ്യേണ്ടിവന്നു.

ആഹാരത്തിനുപയോഗിക്കുന്ന പന്നി, ആട്, കോഴി, താറാവ് എന്നീ വളർത്തുജന്തുക്കളുടെ എണ്ണത്തിലും കുറവുസംഭവിച്ചു. മത്സ്യത്തിന്റെ നിലയും മെച്ചമല്ല. യുദ്ധത്തിനുമുമ്പു ൨൦ ലക്ഷം ടൺ അതായതു് ലോകമാകെ പിടിക്കപ്പെടുന്ന മത്സ്യത്തിന്റെ ൪൭ ശതമാനം ഇവിടെ ലഭിക്കുന്നുണ്ടെന്നു കണക്കാക്കിയിരുന്നു. ഏഷ്യയിലേക്കും വിദൂരപൂർവദേശത്തേക്കും ആയുള്ള എക്കണോമിക്ക് കമ്മീഷന്റെ സെക്രട്ടറിയേററിൽ ലഭിച്ചിട്ടുള്ള വിരളമായ കണക്കുകളിൽനിന്ന് യുദ്ധാരംഭത്തിനുമുമ്പുണ്ടായിരുന്നതിൽ പകുതിമാത്രം മത്സ്യമാണ് ഇപ്പോൾ ലഭിക്കുന്നതെന്നുകാണുന്നു. യുദ്ധകാലത്തു മത്സ്യംപിടുത്തക്കപ്പലുകൾക്കു നേരിട്ട നഷ്ടമാണ് ഈ കുറവിനുള്ള ഹേതു.

ഐക്യരാഷ്ട്രസംഘത്തിന്റെ ഭക്ഷ്യവും കൃഷിയും സംഘടനയുടെ ഏററവും ഒടുവിലത്തെ റിപ്പോർട്ടുകളിൽനിന്ന് ഇന്ത്യയുടെ പോഷകാഹാരനില ഏററവും അതൃപ്തികരമാണെന്നു കാണുന്നു. ബർമ്മായ്ക്കു് ൧൯൯൦-ം സിലോണിന് ൧൯൧൦-ം ചൈനയ്ക്കു ൨൧൯൫-ം ഇൻഡോചൈനയ്ക്കു് ൨൦൩൯-ം ജപ്പാനു് ൧൯൫൫-ം വീതം കാലൊറികൾ ആളൊന്നുക്കു ലഭിക്കുമ്പോൾ ഇന്ത്യയ്ക്കു ലഭിക്കുന്നതു് ൧൫൬൦-മാത്രമാണ്. ഇന്ത്യയിൽ ഒരാൾക്ക് ഒരുദിവസം ൫൧൦ കാലൊറിവീതംകൂടെ ഉണ്ടതാണെന്നു ഐക്യരാഷ്ട്രസംഘത്തിന്റെ ഭക്ഷ്യവുംകൃഷിയും സംഘടനനിർദ്ദേശിച്ചിരിക്കുന്നു. ഇതുയുംവർദ്ധിപ്പിക്കേണ്ടതിന്റെ കണക്കു ചുവടെ ചേർക്കും പ്രകാരമാണ്. ധാന്യങ്ങളിൽ ൨൯ ശതമാനം വർദ്ധിപ്പിച്ചു ൩൦൦ കാലൊറികൾ കൂട്ടണം. കിഴങ്ങുവർഗ്ഗങ്ങൾ ൩൧൯ ശതമാനം (൫൦ കാലൊറി), പഴങ്ങളും സസ്യങ്ങളും ൧൩൯ ശതമാനം (൪൦ കാലൊറി) അണ്ടികളും പരിപ്പുവർഗ്ഗങ്ങളും ൨൯ ശതമാനം (൫൦ കാലൊറി) ഇറച്ചി, മീൻ, മുട്ട ൨൫൦ ശതമാനം (൨൦ കാലൊറി, പാലും ഗവ്യങ്ങളും ൪൪ ശതമാനം (൩൦ കാലൊറി) എണ്ണകളും കൊഴുപ്പുകളും ൨൪ ശതമാനം (൨൦ കാലൊറി).

ഈ വർദ്ധനവ് സംപ്രാപ്തമാക്കണമെങ്കിൽ ഇപ്പോഴുള്ള ഭക്ഷ്യസാധനങ്ങളിൽ ൩൩ ശതമാനം വർദ്ധിപ്പിക്കണം. ഇതു സാദ്ധ്യമാക്കണമെങ്കിൽ കൃഷിസമ്പ്രദായം പരിഷ്കരിക്കാതെ സാദ്ധ്യമല്ല. മൂലധനമില്ലായ്മ, സാങ്കേതികഉപദേശങ്ങളും സഹായങ്ങളും ലഭിക്കുവാനുള്ള ബുദ്ധിമുട്ട് എന്നിവയാൽ ഈ പ്രദേശത്തെ ഗവൺമെൻറുകൾക്ക് തങ്ങളുടെ പദ്ധതികൾ നടപ്പിൽ വരുത്തുവാൻ വിഷമം നേരിടുന്നുണ്ട്. ദക്ഷിണപൂർവേഷ്യയിലെയും പൂർവേഷ്യയിലെയും ഇന്നു ഉദ്ദിഷ്ടമായിരിക്കുന്ന പദ്ധതികൾ നടപ്പിൽ വരുന്നപക്ഷം ൧൯൫൨-൫൩-ലേക്ക ഭക്ഷ്യനിലയെ യുദ്ധാരംഭത്തിനുമുമ്പുള്ള സ്ഥിതിയിലെത്തിക്കുവാൻ സാദ്ധ്യമാകും. എന്നാൽ ആളെണ്ണി കണക്കാക്കുകയും യുദ്ധാരംഭത്തിനുശേഷം ജനസംഖ്യ പത്തുശതമാനം വർദ്ധിച്ചിട്ടുണ്ടെന്നു മനസ്സിലാക്കുകയും ചെയ്യുമ്പോൾ ആളൊന്നുവീതമുള്ള ഉല്പാദനം യുദ്ധാരംഭത്തിനു മുമ്പുള്ളതിൽ ൯൦ ശതമാനം മാത്രമായിരിക്കും.

കൃഷിപ്രവൃത്തിയിൽ ഏഷ്യയിൽ ഏക്കറൊന്നിനു പണി എടുക്കുന്ന ആളുകളുടെ എണ്ണംകൂടുതലാണെങ്കിലും ഓരോ ഏക്കറിൽനിന്നും ലഭിക്കുന്നആദായം പാശ്ചാത്യദേശങ്ങളെ അപേക്ഷിച്ചു കുറവാണ്. ൧൯൪൯-ൽ പ്രസിദ്ധീകരിക്കപ്പെട്ടതും ഏഷ്യയിൽ നടത്തിയ സമ്പത്തിക സർവ്വേയുടെ ഫലങ്ങൾ ഉൾക്കൊള്ളുന്നതും ആയ എക്കാഫേയുടെ റിപ്പോർട്ടിൽ ഏഷ്യയിലും പാശ്ചാത്യരാജ്യങ്ങളിലും ലഭിക്കുന്ന കാർഷികോല്പന്നത്തിന്റെ ഒരു താരതമ്യപട്ടിക നൽകിയിട്ടുണ്ട്. അരി (ഓരോ ഹെക്ടേറിനും കിൻറൽസ് കണക്കിൽ) ചൈന ൨൫.൨, കൊറിയ ൨൦.൪, ഇൻഡ്യ ൧൨.൩, ഇററലി ൩൯.൫, സ്പെയിൻ ൪൨.൩, ജപ്പാൻ ൩൩.൯.

ഗോതമ്പ് (ഓരോ ഹെക്ടേറിനും കിൻറൽസ് കണക്കിൽ) ചൈന ൧൦.൫, ജപ്പാൻ ൧൭.൨, കൊറിയ ൭.൫, ഇന്ത്യ ൬.൫, യു. എസ്. ൧൧.൬, ഡെന്മാർക്ക് ൩൩.൧.

ഉല്പാദനത്തിൽ നേരിടുന്ന കുറവിന്റെ കാരണങ്ങളെ അപഗ്രഥനം ചെയ്തുകൊണ്ട ൧൯൪൯ അക്ടോബറിൽ സിംഗപ്പൂരിൽ കൂടിയ എഫ്. ഏ. ഒ-യുടെ റീജിയണൽ കാൺഫറൻസ് പ്രസ്താവിച്ചിട്ടുള്ളതിൽ ചുവടെ പറയുന്ന വസ്തുതകളും ഉൾപ്പെടുന്നുണ്ട്.

൧) ഉല്പാദകർക്ക് ശരിയായ വില ലഭിക്കുമെന്നുള്ളതിന് ഉറപ്പില്ലായ്മ.

൨) പററിയ കൃഷിസ്ഥലങ്ങൾ വേണ്ടത്ര ഇല്ലായ്ക.

൩) നിലവിലുള്ള ജലസേചനപദ്ധതികൾ നന്നാക്കുകയും പുതിയ പദ്ധതികൾ നടപ്പിൽ വരുത്തുകയും ചെയ്യേണ്ടതിന്റെ ആവശ്യകത.

൪) നല്ലവിത്തു വേണ്ടത്ര ലഭിക്കായ്ക — പരിശീലനംസിദ്ധിച്ച വിത്തുചെടികൾ ഉല്പാദിപ്പിക്കുന്നവരുടെ കുറവ്, നല്ലതരംവിത്തുകൾ ധാരാളമായിഉല്പാദിപ്പിക്കേണ്ട ആവശ്യകത, അവ വിതരണം ചെയ്യുന്നതിനു ശരിയായ ഏർപ്പാടുകൾ അതു ഉപയോഗിക്കുവാൻ കൃഷിക്കാരെ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത.

൫) വളത്തിലുള്ള അപര്യാപ്തതയും മണ്ണിന്റെ വീര്യം നിലനിർത്തിക്കൊണ്ടുപോകുന്നതിനുള്ള മാർഗ്ഗങ്ങളുടെ കുറവും. ഈ പ്രദേശത്തു ലോകത്തു് ആകെയുള്ള കൃഷിഭൂമിയുടെ മൂന്നിലൊന്നു സ്ഥിതിചെയ്യുന്നുണ്ടെങ്കിലും ആകെ ഉല്പാദിപ്പിക്കപ്പെടുന്ന കെമിക്കൽ വളങ്ങളിൽ ൧൧ ശതമാനം മാത്രമാണ് ഇവിടെ ഉപയോഗിക്കുന്നതു്. ഇക്കാര്യത്തിലും യുദ്ധാരംഭത്തിനു മുമ്പുള്ള നിലയിലേക്ക് ഈ പ്രദേശം എത്തിയിട്ടില്ല. യുദ്ധാരംഭത്തിനു മുമ്പ് ഇവിടെ ൩൧൫൪൦൦൦൦ ടൺ ഉപയോഗിച്ചിരുന്നു. ൧൯൪൮-൪൯-ൽ ഇതു് ൫൧൪൧൦൦൦ ടണ്ണായിരുന്നു.

൬) വൻകിട കാർഷികോപകരണങ്ങളുടെ കുറവ്. ഈ സാമഗ്രികൾ അമേരിക്ക, ക്യാനഡാ മുതലായ സ്ഥലങ്ങളിൽനിന്ന് നാണയവിനിമയവിഷമതകളാൽ കിട്ടാൻ ബുദ്ധിമുട്ടുണ്ട്. തന്മൂലം ഭൂമികൾ പുതുതായി കൃഷിയോഗ്യമാക്കുന്നതിനും ജലസേചനപദ്ധതികളുംഡ്രെയിനേജുപദ്ധതികളും നടപ്പാക്കുന്നതിനും വിഷമതകളുണ്ട്. ൧൯൫൧ വരെ ൨൦൦൦ വൻതരം ട്രാക്ടറുകൾ ഉൾപ്പടെ പതിനായിരം ട്രാക്ടറുകൾ വേണമെന്നു കണക്കാക്കിയിരിക്കുന്നു.

൭) ചെറുതോതിലുള്ള കൃഷിക്ക് പററിയതരം ഉപകരണങ്ങളുടെ ഇല്ലായ്മ. ഈ ഉപകരണങ്ങൾ നിർമ്മിക്കാൻ ജപ്പാനുകഴിയും. ഇതുമുതൽ അടുത്ത മൂന്നുകൊല്ലത്തേക്കു വേണ്ടിയിരിക്കുന്ന പ്രധാനപ്പെട്ട ഒരു സാധനം ൨൦൦൦ ചെറിയ പമ്പുകളാണ്. ആറുകളിൽനിന്നും തോടുകളിൽനിന്നും വെള്ളം എടുക്കാനുള്ള കുഴൽകിണറുകൾക്കും ഡ്രെയിനേജ് ആവശ്യത്തിനും ആണ് അവ വേണ്ടിയിരിക്കുന്നതു്.

കാലിരോഗം കാലികൾക്കുള്ള തീററിസാധനദൗർല്ലഭ്യം ഉപദേശങ്ങൾ ലഭിക്കാനുള്ള ബുദ്ധിമുട്ട് സാമൂഹ്യമായ കുഴപ്പങ്ങൾ എന്നിവയാണ് മററു തടസ്സങ്ങൾ.

ഈ പ്രദേശത്തെ വിഭവങ്ങൾ കണക്കാക്കിയാൽ ഈ ആവശ്യങ്ങളുടെ ഒരു ഭാഗം നിർവഹിക്കാൻപോലുമുള്ള കഴിവ് അവയ്ക്കില്ലെന്നു കാണാം. യുദ്ധം തുടങ്ങിയപ്പോൾമുതല്ക്കേ ഏഷ്യയിലെ വികസനപദ്ധതികൾക്ക് പാശ്ചാത്യരാജ്യങ്ങൾ മുടക്കിയിട്ടുള്ള സംഖ്യ വളരെ കുറഞ്ഞുപോയിട്ടുണ്ട്. ദക്ഷിണപൂർവേഷ്യയിലും പൂർവേഷ്യയിലും കൃഷിവികസനത്തിന് എഴുനൂററിയൻപതുകോടിക്കും ആയിരംകോടിക്കും മദ്ധ്യേ ഡോളർ ആവശ്യമാണെന്നു് യു. എൻ. അധികാരികൾ കണക്കാക്കിട്ടുണ്ട്.

* * *

ഈ സഹായത്തിൽ അധികഭാഗവും യു. എസിൽനിന്നും കാമൺവെൽത്തിൽനിന്നും ആണ് ലഭിക്കേണ്ടതു്. അങ്ങിനെ അവർ സഹായിക്കുന്നപക്ഷം ഡെമോക്രസിക്കുവേണ്ടി ലോകത്തെ രക്ഷിക്കുകയായിരിക്കും അവർ ചെയ്യുന്നതു്.

പി. ടി. ഐ. (പ്രകപ്പവകാശം)

നോട്ടു്

ക്യാലൊറി — ചൂടിന്റെ ഒരു അളവ്; ആഹാരസാധനങ്ങളുടെ പോഷകശക്തിയെ സംബന്ധിച്ചാണ ഇതുപയോഗിക്കുന്നതു്.

കിൻറാൽ — സ്റ്റെയിനിൽ ൧൦൦ ലിബ്ബാ അല്ലെങ്കിൽ ൧൦൧.൪ പവുണ്ടു തൂക്കം. ഫ്രഞ്ചു കണക്കനുസരിച്ചു ൧൦൦ കിലോഗ്രാം അല്ലെങ്കിൽ ൨ ഹൺഡ്രഡ്‌വെയിററോളം.

ഹെക്ടേർ — ൧൦൦ ആർസു അല്ലെങ്കിൽ ൨.൪൭൧ ഏക്കർ.

## വിഷയവിവരം


പേജ്

1. കണ്ണും കാഴ്ചയും (ശാസ്ത്രപംക്തി) കോന്നിയൂർ ആർ. നരേന്ദ്രനാഥ് 2
2. വിദ്യാഭ്യാസപരമായ കൈമാററപരിപാടി 3
3. ഉയരത്തെഴുന്നേൽപ് (കവിത) ജി. കുമാരപിള്ള 4
4. ഗണിതവിഹാരം എസ്സ്. പരമേശ്വരൻ 4
5. കണ്ണീരിന്റെ കഥ (കവിത) എം. പി. പണിക്കർ 4
6. പ്രാചീന പ്രേമഗീതങ്ങൾ ഡാ: പി. കെ. നാരായണപിള്ള 5
7. ജ്യോത്സ്യാഭരണം പഞ്ചാംഗവും, കെ. പി. കെ. നമ്പ്യാർ അവർകളും പി. ആർ. ഗോപാലവാദ്ധ്യാർ പാണനോട്ട് 5
8. ഈ ആഴ്ചയിലെ നക്ഷത്രഫലം തകഴി കെ. രാമവാര്യർ 6
9. നൂർജഹാൻ (സിനിമാപംക്തി) 6
10. ക്യാലൊറീസ്റ്റോ കമ്മ്യൂണിസമോ കെ. എൻ. രാമനാഥൻ 7
11. ചിത്രങ്ങൾ — ശ്രീരാമകൃഷ്ണലീല ഘോഷാഘനാനന്ദ 8-9
12. ഗ്രന്ഥവിഹാരം 10
13. സോഷ്യലിസം ഏകമാർഗ്ഗം ,,
14. കമ്മ്യൂണിസം പുത്തേഴത്തു രാമമേനോൻ 12
15. കടയടപ്പുകച്ചവടം (ചെറുകഥ) എസ്. ശങ്കരനാരായണൻ ബി. ഏ. 13
16. വിനോദപംക്തി 14
17. ഗാന്ധിജിയും ഭഗവദ്ഗീതയും പി. കെ. പരമേശ്വരൻനായർ 15

മുഖചിത്രം — ശ്രീരാമകൃഷ്ണപരമഹംസദേവർ



ഹിന്ദീ സ്വയംശിക്ഷക്

—o—

പരസഹായംകൂടാതെ ഹിന്ദി പഠിക്കാവുന്ന ഒരുത്തമഗ്രന്ഥം

വില രൂ. 1 ണ. 8.

ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം





മുകളിലത്തെ വരിയിൽ ഇടത്തുനിന്നു വലത്തോട്ട്—ബേലൂർമഠം. ദക്ഷിണേശ്വരത്തിൽ ശിഷ്യഗണങ്ങളോടു ശ്രീരാമകൃഷ്ണൻ ഇരുന്നു സംഭാഷണം നടത്തിവന്നിരുന്ന ചെറിയ കോസടിയും അദ്ദേഹം നിദ്രചെയ്തുവന്നിരുന്ന വലിയ കോസടിയും മററും ഇപ്പോഴും സംരക്ഷിച്ചുപോരുന്നു. രണ്ടു കോസടികളിലും ശ്രീരാമകൃഷ്ണന്റെ ചിത്രങ്ങൾവച്ച് ദിവസവും ശിഷ്യഗണങ്ങളുടെ അച്ചനാദികൾ നടന്നുവരുന്നു. നിലത്ത് പൂജാപാത്രവും ഭസ്മത്തട്ടവും മററും കാണാം. ശ്രീരാമകൃഷ്ണൻ ധ്യാനംചെയ്ത മുറി. ഗുരുവിന്റെ പ്രമുഖശിഷ്യനായ സ്വാമി വിവേകാനന്ദൻ.

താഴത്തെ വരി ഇടത്തുനിന്ന്—ഭവതാരിണി എന്നും അറിയപ്പെടുന്ന ദിവ്യമാതാവായ കാളി. ദക്ഷിണേശ്വരം ക്ഷേത്രത്തിൽ കാളിയുടെ ഈ വിഗ്രഹമാണ് ശ്രീരാമകൃഷ്ണൻ ആരാധിച്ചുവന്നിരുന്നത്. ഗംഗാനദിയിൽനിന്നുള്ള ദക്ഷിണേശ്വരം ക്ഷേത്രാരാമത്തിന്റെ ഒരു വീക്ഷണം. ശിഷ്യനായ ശ്രീ. കേശവസേനന്റെ ഭവനത്തിൽവച്ച് ഒരു കീർത്തനം പാടിയപ്പോൾ ശ്രീരാമകൃഷ്ണൻ സമാധിയിൽ ലയിച്ചു നിൽക്കുന്നത്. അദ്ദേഹത്തെ താങ്ങിയിരിക്കുന്നതു ഹൃദയയാണ്. അദ്ദേഹം സംഭാഷണം നടത്തിവന്നിരുന്ന മുറിയും, ഇരുന്നിരുന്ന കോസടികളും, ധ്യാനംചെയ്ത സ്ഥാനവും, ആരാധിച്ചുവന്നിരുന്ന കാളീവിഗ്രഹവും, ദക്ഷിണേശ്വരം ക്ഷേത്രവും ഗംഗാനദിയുടെ മറുകരയിലുള്ള ബേലൂർമഠവുമൊക്കെ ഇന്നു മഹാപുണ്യസ്ഥലങ്ങളായി തീർന്നിരിക്കുന്നു. ഈ പുണ്യസ്ഥലം സന്ദർശിക്കുന്നവരുടെ സംഖ്യ ദിവസംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്നു.





# ശ്രീരാമകൃഷ്ണലീല - ദക്ഷിണേശ്വരം

ബോധാലനാനന്ദ

I

ഉത്തമഭക്തനും, സത്യസന്ധനും, സത്സ്വഭാവിയുമായ ശ്രീമാൻ ക്ഷുദിരാമന്റെയും ധർമ്മപത്നിയായ ശ്രീമതി ചന്ദ്രാദേവിയുടെയും മകനായിട്ട് ഗദാധരൻ (ശ്രീരാമകൃഷ്ണൻ) സദ്ധർമ്മോദ്ധാരണാർത്ഥം അവതരിച്ചിട്ടിപ്പോൾ ൧൨൫ സംവത്സരങ്ങളായിരിക്കുന്നു. അദ്ദേഹത്തിന്റെ ആദ്ധ്യാത്മികജ്യോതിസ് ഭാരതത്തിൽ മാത്രമല്ല അമേരിക്ക മുതലായ പാശ്ചാത്യരാജ്യങ്ങളിലും ഇതിനകം, ശ്രീമത് വിവേകാനന്ദസ്വാമികളാൽ സ്ഥാപിക്കപ്പെട്ട ശ്രീരാമകൃഷ്ണമിഷൻ മുഖേന, വ്യാപിച്ചുകഴിഞ്ഞിരിക്കുന്നു.

ശ്രീരാമകൃഷ്ണന്റെ ആദ്ധ്യാത്മികസാധനയ്ക്കു തക്കതായ ഒരു സ്ഥലം കാശീവിശ്വനാഥന്റെ ആജ്ഞയാലും അനുഗ്രഹത്താലും മുക്കവകുലത്തിൽ ജനിച്ച ഭക്തോത്തമയായിരുന്ന റാണിരാസമണി നേരത്തെതന്നെ ഒരുക്കുന്നുണ്ടായിരുന്നു. അത്, ശ്രീജഗദംബയുടെ സാന്നിദ്ധ്യത്താലും ശ്രീരാമകൃഷ്ണന്റെ സഹവാസത്തിനാലും തപസ്സിനാലും അദ്ധ്യാത്മപ്രദീപത്താൽ ശോഭിച്ചുകൊണ്ടിരുന്നതും ശോഭിക്കുന്നതുമായ ദക്ഷിണേശ്വരക്ഷേത്രമായിരുന്നു. ആ ദേവീക്ഷേത്രവും അതോടനുബന്ധിച്ചിട്ടുള്ള മററു ദേവാലയങ്ങളും ശ്രീരാമകൃഷ്ണന്റെ പരിപാവനമായ ആ ചെറിയ മുറിയും അദ്ദേഹം തപസ്സു ചെയ്തുകൊണ്ടിരുന്ന പഞ്ചവടീപ്രദേശവും സുപ്രസിദ്ധമായ ആ വലിയ വടവൃക്ഷവും ഇന്നും കാണാൻ കഴിയും.

ശ്രീരാമകൃഷ്ണന്റെകൂടെ താമസിക്കുന്ന എന്നതുതന്നെ ഒരു തപസ്സും സാധനയുമായിരുന്നു. അദ്ദേഹത്തിന്റെ പാദങ്ങളെ അഭയംപ്രാപിച്ചിരുന്നവർക്ക് മാത്രമേ ഇതിന്റെ യഥാർത്ഥരഹസ്യവും ഗുരുത്വവും മനസ്സിലാക്കാൻ കഴിഞ്ഞിരുന്നുള്ളു. ഈ ദക്ഷിണേശ്വരക്ഷേത്രത്തിൽവച്ചാണ് യുവാക്കന്മാരായ തന്റെ ശിഷ്യന്മാർക്ക് വേണ്ട ഉപദേശങ്ങൾ കൊടുത്തതും ആദ്ധ്യാത്മികസാധനകൾ ചെയ്യിപ്പിച്ചുകൊണ്ടിരുന്നതും. അന്നത്തെക്കാലത്ത് ആ പ്രദേശംമുഴുവനും ഒരു വിശേഷവിധിയായ ആദ്ധ്യാത്മികപ്രവാഹത്തിൽ ആറാടിക്കൊണ്ടിരുന്നു; എല്ലാവരിലും ഈശ്വരബോധം തുളുമ്പിക്കൊണ്ടിരുന്നു.

എന്നാൽ സന്ദർഭോചിതമായിട്ടുള്ള ചിരിയും കളിയും നേരംപോക്കുകളും ഭഗവാന്റെ—ശ്രീരാമകൃഷ്ണന്റെ—മുറിയിലും, ഓട്ടവും ചാട്ടവും മരക്കൊമ്പുകളിൽക്കയറിത്തൂങ്ങലും കീഴോട്ടു ചാടിക്കലും ക്ഷേത്രവളപ്പിൽ അന്നിടതിങ്ങി വളർന്നുനിന്നിരുന്ന കാട്ടിലും, നടന്നുകൊണ്ടിരുന്നു. ഈ അവസരങ്ങളിൽപോലും ശിഷ്യന്മാരുടെ ആദ്ധ്യാത്മികപുരോഗതി അവർക്കുപോലും അജ്ഞാതമായ ഒരു നവ്യരീതിയിൽ ഗൗരവാവഹമായി ഭഗവാൻ നിറവേററിക്കൊണ്ടിരുന്നു. ചുരുക്കത്തിൽ നേരംപോക്കിൽക്കൂടെയും ചിരിയിൽക്കൂടെയുംപോലും കാമകാഞ്ചനത്യാഗപരമായ പ്രായോഗികോപദേശങ്ങൾ അവർക്ക് ഭഗവാൻ നൽകിക്കൊണ്ടിരുന്നു.

ചില അവസരങ്ങളിൽ ഭഗവാൻ, പ്രതീക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്ന, മഹത്തായ അവരുടെ ഭാവിയെ പ്രദർശിപ്പിച്ചുകൊണ്ട്, അവരെ വളരെ പുകഴ്ത്തും. അടുത്ത നിമിഷത്തിൽ തന്നെ, നിസ്സാരമായ ശ്രദ്ധക്കുറവിനാൽപോലും ആദ്ധ്യാത്മികജീവിതത്തിൽ വന്നുചേരാവുന്ന അനിഷ്ടസംഭവങ്ങളെ ചൂണ്ടിക്കാണിച്ചും (എന്തെന്നാൽ, 'ക്ഷുരസ്യ ധാരാനിശിതാദുരത്യയാ ദുർഗം പഥസ്തത്കവയോ വദന്തി,') വിണ്ടും ഏററവും നിസ്സാരമായ തെററുകളിൽനിന്നുപോലും അവരെ വിരമിപ്പിച്ചും, അദ്ദേഹത്തിന്റെ ചൊൽപ്പടിയിൽ അവരെ വച്ചുകൊണ്ടിരിക്കുകയുംചെയ്യും. കായികാഭ്യാസങ്ങളിലും, ഗുസ്തിയിലും, അതിനിപുണനായ ഒരു ഗുരു, അംഗങ്ങൾക്ക് യാതൊരു ഭംഗവും വരുത്താതെ തന്റെ ശിഷ്യന്മാരെ അഭ്യസിപ്പിക്കുന്നതുപോലെ, ഭഗവാൻ തന്റെ ശിഷ്യന്മാരെ, അവരുടെ ബുദ്ധിക്കും, മനസ്സിനും, ഉത്സാഹത്തിനും, യാതൊരു കോട്ടവും തട്ടാനിടയാക്കാതവിധത്തിലും, സ്വാഭിമാനവും സ്വാശ്രയശക്തിയും ആത്മവിശ്വാസവും വളർത്തിക്കൊണ്ടും, ദൈനംദിനമുള്ള പുരോഗതിയെ ലാക്കാക്കിക്കൊണ്ടും ആദ്ധ്യാത്മികസാധനയിൽ സഹായിച്ചുകൊണ്ടിരുന്നു:

ഒരുദിവസം നരേന്ദ്രനാഥൻ ഭഗവാനെ സമീപിച്ച്, അടുത്തുള്ള ചണയന്ത്രശാലയിൽനിന്നുള്ള കുഴൽവിളി, മനസ്സിനെ ഏകാഗ്രമാക്കാനുള്ള തന്റെ ശ്രമത്തെ തടയുന്നു, എന്നു പറഞ്ഞു. അതേശബ്ദത്തിൽത്തന്നെ മനസ്സിനെ ലയിപ്പിക്കുക, ഉപദ്രവത്തിനുപകരം അതുപകാരമായി തീരുമെന്നുള്ള ഉപദേശം എത്രയും പരമാർത്ഥമായിത്തീർന്നു. മറെറാരവസരത്തിൽ, ധ്യാനാവസരത്തിൽ ശരീരബോധം സമ്പൂർണ്ണം വിട്ടുന്നില്ല എന്നുള്ള നരേന്ദ്രന്റെ ആവലാതിക്ക് ഉടനെതന്നെ തന്റെയടുത്ത് ശിഷ്യനെ ഇരുത്തുകയും ഭഗവാൻ നഖംകൊണ്ട് നരേന്ദ്രന്റെ ഭ്രൂമദ്ധ്യത്തിൽ അമർത്തി വേദനിപ്പിക്കുകയും അവിടെ മനസ്സിനെ നിർത്തി ധ്യാനിക്കാൻ പറയുകയും അസാധാരണമായ ഒരു ധ്യാനത്തിൽ—ശരീരബോധം ഒട്ടുംതന്നെ ഇല്ലാത്ത ഒരവസ്ഥയിൽ—നരേന്ദ്രൻ ലയിക്കുകയും ചെയ്തു. ഈ വിധത്തിലെല്ലാം, സരസവും സാരഗർഭവുമായ രീതിയിലും ശാസ്ത്രവിധിക്കനുകൂലമായ തരത്തിലും, ആദ്ധ്യാത്മികശിക്ഷണം ശിഷ്യന്മാർക്ക് ഭഗവാൻ നൽകിക്കൊണ്ടിരുന്നു:—

"ദേഹാഭിമാനേ ഗളിതേ വിജ്ഞാതേ
പരമാത്മനി
യത്ര യത്ര മനോ യാതി തത്ര തത്ര സമാധയഃ"

ഉറങ്ങിക്കിടന്നിരുന്ന സനാതനധർമ്മതത്വങ്ങൾക്ക് നവ്യമായ ഒരോജസ്സിനെ പ്രദാനംചെയ്യുന്നതിനും, അതിന്റെ പ്രകാശത്തിൽ സർവ്വമതതത്വങ്ങൾക്കും ഒരു പുതിയ വ്യാഖ്യാനം കൊടുക്കുന്നതിനും സർവ്വധർമ്മസാഹോദര്യം സ്ഥാപിക്കുന്നതിനുമുള്ള തന്റെ നവ്യസന്ദേശവാഹകനായി നരേന്ദ്രനാഥനെ തിരഞ്ഞെടുക്കുകയും രാമകൃഷ്ണസഹോദരസംഘനേതാവായി തീരത്തക്കവണ്ണം വേണ്ട യോഗ്യതകൾ ഭഗവാൻതന്നെ നരേന്ദ്രന് പ്രദാനംചെയ്യുകയും ചെയ്തിരുന്നു. ഒരു ഗുരുവിനുചേന്ന സ്നേഹവാത്സല്യങ്ങൾ ഭഗവാനിലും ഒരു ശിഷ്യനുചേന്ന ശ്രദ്ധാഭക്തികൾ നരേന്ദ്രനിലും കളിയാടിക്കൊണ്ടിരുന്നു.

ഉത്തമരാജ്യതന്ത്രജ്ഞനും സിംഹാസനാവിരോഹിയാൻ വിചാരിക്കുന്ന വയോവൃദ്ധനുമായ ഒരു മഹാരാജസിംഹത്തെപ്പോലെ തപോവൃദ്ധനായ ശ്രീ ഭഗവാനും, തന്റെ പിതാവിന്റെ പേരിനെയും പെരുമയെയും രാജകുടുംബപാരമ്പര്യമനുസരിച്ചുള്ള മര്യാദയെയും പൂർവ്വാധികം വർദ്ധിപ്പിച്ചുകൊണ്ടുപോകത്തക്കവണ്ണമുള്ള രാജ്യതന്ത്രധർമ്മങ്ങൾ പരിശീലിച്ചുകൊണ്ടിരിക്കുന്ന സിംഹാസനാവകാശിയുമായ ഒരു യുവരാജസിംഹത്തെപ്പോലെ ഋഷികുമാരനായ നരേന്ദ്രനാഥനും, അന്നവിടെ പ്രശോഭിച്ചുകൊണ്ടിരുന്നു.

## കാശീപുരോദ്യാനം

II

കണ്ഠരോഗബാധിതനായ ഭഗവാനെ ചികിത്സാർത്ഥം കാശീപുരോദ്യാനത്തിൽ കൊണ്ടുവന്നിരിക്കുന്നു. സംസാരിക്കാൻപോലും വയ്യാ. ഒരുദിവസം നരേന്ദ്രനെ വിളിച്ചടുത്തിരുത്തി ഈവിധം എഴുതിക്കാണിച്ചു: "നരേന്ദ്രൻ മററുള്ളവരെ പഠിപ്പിക്കും." "എനിക്കതുചെയ്യാൻ വയ്യാ" എന്ന് വൈമനസ്യത്തോടെ നരേന്ദ്രൻ പറഞ്ഞു. "നീ അപ്രകാരംചെയ്കതന്നെവേണം" എന്നു ഭഗവാൻ തീർത്തുപറഞ്ഞു. "എനിക്കു സ്വാധീനമുള്ള സിദ്ധികളെല്ലാം തക്കസമയത്തു നിന്നിൽക്കൂടി പ്രത്യക്ഷമാകും" എന്നു ഭഗവാൻ ഒരിക്കൽ പറഞ്ഞിരുന്നു. ഭഗവാന്റെ അവസാനദിവസം സമാഗതമാകുന്നു എന്ന് അദ്ദേഹത്തിനറിയാമായിരുന്നു. സായാഹ്നവേളകളിൽ നരേന്ദ്രനെ വിളിച്ചടുത്തിരുത്തി വിശേഷവിധിയായ നിർദ്ദേശങ്ങൾ നൽകിക്കൊണ്ടിരുന്നു. ഒരുദിവസം ഗുരുവും ശിഷ്യനും സമാധിയിൽ ലയിക്കുകയും തന്റെ സർവ്വശക്തികളും ശിഷ്യനിലേക്ക് പകരുകയുംചെയ്തു. "ഹാ നരേന്ദ്രാ, ഇന്ന് എനിക്കുള്ള സമസ്തവും നിനക്കുതന്നിരിക്കുന്നു. ഒരു സമ്പാദ്യവും ഇല്ലാത്തവനെപ്പോലെയായിരിക്കുന്നു ഞാൻ. നിനക്കുതന്നിട്ടുള്ള ഈ ദിവ്യശക്തിയുടെ പ്രഭാവത്താൽ പല വലിയ നല്ലസംഗതികൾ നീ ചെയ്യും" എന്ന് ബാഹ്യലോകബോധം അവർക്ക് രണ്ടുപേർക്കും സിദ്ധിച്ചപ്പോൾ ഗുരു ശിഷ്യനോടുപറഞ്ഞു.

പ്രത്യക്ഷാനുഭവംകൊണ്ടല്ലാതെ ഒന്നുംതന്നെ വിശ്വസിക്കാത്തവനായ നരേന്ദ്രനെ വിളിച്ച്, "ഓ എന്റെനരേന്ദ്രാ, നിനക്കിനിയും ബോദ്ധ്യമായിട്ടില്ലേ? യാതൊരു മഹത്ശക്തിയാണോ രാമനായും കൃഷ്ണനായും അവതരിച്ചത് അതേശക്തിതന്നെയാണ് ഈ രാമകൃഷ്ണനും, ആ മഹത്ശക്തിതന്നെയാണ് ഈ ശരീരത്തിലുള്ളതും" എന്ന് ഭഗവാൻ രോഗശയ്യയിൽ കിടന്നുകൊണ്ടു പറഞ്ഞ് തന്റെ ശിഷ്യനെ നഷ്ടമോഹനാം സ്മൃതിലബ്ധനുമുള്ളവനാക്കിത്തീർത്തു. ഇതുസം







# ഗ്രന്ഥവിഹാരം

## ഹൈന്ദവസംസ്കാരം

പ്രകാശകന്മാർ ഗുരുവായൂർ ദേവസ്വം

വി: രൂ: ൨.

൧൧൨൦ ജൂൺ ൧൧, ൧൨ തീയതികളിൽ ഗുരുവായൂർ വെച്ചു ചേർന്ന അഖിലകേരള ഹിന്ദുമതസംസ്കാര സമ്മേളനത്തിന്റെ റിപ്പോർട്ടു് മാതൃഭൂമി പ്രസ്സിൽ അച്ചടിച്ചു് ഗുരുവായൂർ ദേവസ്വംവകയായി പ്രസിദ്ധീകരിച്ചിട്ടുള്ളതാണു് ഹൈന്ദവസംസ്കാരം. കേവലം ഒരു അനുഭവ്യാനത്തിന്റെ ശുഷ്കത ഇതിൽ നമുക്കു ദർശിക്കുവാൻ സാധിക്കയില്ല. ഗുരുവായൂർ ദേവവിഗ്രഹം, ആ മഹാക്ഷേത്രത്തിന്റെ പല ഭാഗങ്ങളെ പ്രദർശിപ്പിക്കുന്ന ചിത്രങ്ങൾ തുടങ്ങിയ സംവിധാനങ്ങൾ ഈ ഗ്രന്ഥത്തിന്റെ അന്തസ്സത്തിനു അത്യന്തം അനുഗുണമാകുന്നുണ്ടു്. സരസസാഹിത്യകാരനായ ശ്രീ: പുത്തേഴത്തു രാമമേനോന്റെ സ്വാഗതപ്രസംഗം ആ മഹാസദസ്സിനു് പുളകോദ്ഗമപ്രസരമായിത്തന്നെ ഇരുന്നിരിക്കണം. അതു വരമൊഴിയിലേക്കു പകർന്നതു നമുക്കു ലഭിച്ചിട്ടുള്ളതെങ്കിലും അതിന്റെ പ്രതിപാദനഭംഗി ഉടനീളം വ്യാപരിക്കുന്നുണ്ടു്. സുപ്രസിദ്ധ സാഹിത്യകാരനും മദിരാശി ഹൈക്കോർട്ടിലെ ഒരു ജസ്റ്റീസും ആയ ശ്രീ: പഞ്ചാപകേശയ്യർ എം. എ. ഐ. സി. എസ്സ്. ബാർ-അറ്റ്-ലാ, പ്രസ്തുത മഹാസദസ്സിന്റെ ഉദ്ഘാടകനായി നിന്നുകൊണ്ടു് ഹിന്ദുമതതത്വങ്ങളേയും സംസ്കാരങ്ങളേയും പുരസ്കരിച്ചു ചെയ്തിരിക്കുന്ന പ്രൗഢ വിചിന്തനം ആ മഹായജ്ഞത്തിന്റെ യജമാനനു അനുയോജ്യമാംവിധം ആർഷവും ആകർഷകവുമായിരിക്കുന്നു. വൈദികസമ്മേളനം ഉപനിഷൽസമ്മേളനം ഐതിഹാസികസമ്മേളനം സാംസ്കാരികസമ്മേളനം എന്ന ഉപാഖ്യാനങ്ങളിലേക്കു കടന്നാൽ ശ്രീ: വി. കെ. നാരായണഭട്ടതിരി, സ്വാമി ആഗമാനന്ദൻ, സാഹിത്യകുശലൻ പി. ഗോപാലൻനായർ, കവിതിലകൻ വടക്കുംകൂർ രാജരാജവർമ്മരാജാ എന്നീ പ്രമുഖവ്യക്തികളെയാണു് അഗ്രാസനത്തിൽ നമുക്കു ദർശിക്കാൻ സാധിക്കുന്നതു്. വേദേതിഹാസാദിവിഭൂതികളുടെ വിലോഭനീയതയെ വിശദസ്ഫുടമാക്കിക്കൊണ്ടു വിജ്ഞേയമായ വാങ്മയങ്ങൾ പല വിദ്വന്മാരും ഈ സംസ്കാരികാധ്വരത്തിലേക്കു സംഭാവനചെയ്യുന്നതു കാണാം. ആ സേതുഹിമാചലമുള്ള ഹൈന്ദവജനതയിൽ അടുത്തകാലത്തു സംക്രമിച്ചിരിക്കുന്ന ഉണർവിനു ഗുരുവായൂർ ക്ഷേത്രസന്നിധിയിൽ നിന്നു ചതുർവിധവാദ്യങ്ങളാലുള്ള ഈ പള്ളിയുണർത്തൽ കാലോചിതമായ ഒരു സംരംഭംതന്നെയായിട്ടുണ്ടു്. ഗുരുവായൂർ ദേവസ്വം മാനേജർ കെ. മാധവമേനോൻ അവർകളുടെ ഈ ഉദ്യമപ്രാരംഭത്തിനു ഉപര്യുപരി മംഗളമാശംസിക്കുകയും ഹൈന്ദവതത്വാന്വേഷികൾക്കു അത്യന്തം ഉപയുക്തമായ ഈ പ്രസ്ഥാനത്തിൽ തുടന്നു പ്രവർത്തിക്കാൻ അദ്ദേഹത്തോടപേക്ഷിക്കയുമാണു ചെയ്യുന്നതു്.

—o—

## വിശ്വപ്രേമം

—o—

ഗ്രന്ഥകർത്താ,

വി. ജി. നമ്പൂതിരി, ശിരോമണി

എം എസ്. എസ്. ലൈബ്രറി,

തിരുവനന്തപുരം.

വില അ. 4.

അഞ്ചു ലഘുകവിതകളാണു് ഈ ഗ്രന്ഥത്തിലെ ഉള്ളടക്കം. ഈശ്വരനമസ്കാരത്തോടുകൂടി സാഹിത്യലോകത്തിൽ പ്രവേശിക്കുന്ന ഈ കവിക്കു കുലശുദ്ധിയും പ്രശസ്തമായ അഭ്യാസസിദ്ധിയും കൈവന്നിട്ടുണ്ടെന്നു കാണാം. ഒരു ശിരോമണിയായ അദ്ദേഹത്തിനു ശക്തിർനിപുണതാ തുടങ്ങിയ കവിതാസിദ്ധികളെപ്പറ്റി പറഞ്ഞുകൊടുക്കേണ്ട ആവശ്യമേയില്ല. പക്ഷേ, ഏകദേശ്യക്ഷരകുക്ഷിപിഷ്ഠികലനം സംഭാതമായ ജ്ഞാനലവദുർവിദഗ്ദ്ധത അദ്ദേഹത്തെ ബാധിക്കുന്നില്ല. ഈ സംസ്കൃതബോധം ഒരു രക്ഷാകവചമായി തീർന്നിട്ടുണ്ടെന്നല്ലാതെ, ഭാവനയിൽ അത്ഭുതകരമായ വ്യതിയാനമൊന്നും അതു വരുത്തിക്കാണുന്നില്ല. ലോകത്തിൽ ശാന്തിയും സുഭിക്ഷതയും സംഭവിച്ചു സർവ്വത്ര സമാധാനസംതൃപ്തമായ ഒരു ജീവിതലക്ഷ്യമാണു വിശ്വപ്രേമംകൊണ്ടു വെളിപ്പെടുത്തുന്നതു്. ഈ ഉന്നതാദർശത്തിലേക്കുള്ള ഉപകരണമായി സാഹിത്യം അദ്ദേഹം സ്വീകരിച്ചിരിക്കുന്നെന്നേയുള്ളു. ആ ഉപകരണത്തിനു വേണ്ടുന്ന ഉജ്ജ്വലത തികഞ്ഞിട്ടില്ലായിരിക്കാം അതിനെ വൈദഗ്ദ്ധ്യത്തോടുകൂടി പ്രയോഗിക്കുവാൻ ഇതുകൊണ്ടു സാധിച്ചിട്ടില്ലായിരിക്കാം. ക്രമാനുഗതമായിഉണ്ടാകേണ്ട ഈ പരിവർത്തനങ്ങളെ കടക്കുന്നതുവരെ ക്ഷമിക്കാനുള്ള മനസ്സു് അദ്ദേഹത്തിനില്ലാതെപോയിരിക്കാം. ഈ കുറവുകളെ പരിഹരിച്ചു വിശ്വപ്രേമലക്ഷ്യത്തിൽ ശ്രീ നമ്പൂതിരി അചിരേണ വിജയിച്ചുതുടങ്ങുമെന്നു നമുക്കു വിശ്വസിക്കാം.

—o—

## പാദോപഹാരം

അഥവാ

### ശ്രീഭൂതനാഥചരിതം

—o—

ഗ്രന്ഥകർത്താ,

ടി. എൻ നാരായണപ്പണിക്കർ

ചേർത്തല,

വി-അ-8.

അജ്ഞനും വിദ്യാവിഹീനനുമാണു് ഗ്രന്ഥകർത്താവെന്നു മുഖവുരയായി പറയുന്നു. ചികിത്സാർത്ഥം ശബരിയിൽ താമസിക്കുന്നകാലത്തു് ലഭിച്ച ഭഗവദനുഗ്രഹമാണത്രേ ഈ ഗ്രന്ഥപ്രണയനകാരണം. കേകമഞ്ജരി പാന തുടങ്ങിയ പ്രസിദ്ധവൃത്തങ്ങൾ സ്വീകരിച്ചു ശാസ്താവിന്റെ ഉത്ഭവാദിചരിത്രങ്ങൾ ഭക്തിമധുരമായി ഗ്രന്ഥകർത്താവു് പാടുന്നുണ്ടു്. സാഹിത്യകാരന്റെ മനോധർമ്മങ്ങളെക്കാൾ ഭക്തന്റെ ഹൃദയതൃപ്തിയാണല്ലോ ഇത്തരം കൃതികളുടെ ജീവനാധാരം. അതു് ഒരുവിധത്തിൽ ഈ പാദോപഹാരം സാധിക്കുന്നുണ്ടു്.

(സി. എം. പി.)

—o—

ഭവിച്ചതു് ൧൮൮൬ ആഗസ്റ്റുമാസം ൧൫-ാം തീയതി-൧൮-ാംതീയതി ആയിരുന്നു.

ആ മാസം ൧൫-ാംതീയതി സന്ധ്യാസമയത്തിനു് അല്പം മുമ്പായി ശ്വാസം മുട്ടുന്നു എന്നു ഭഗവാൻ പറഞ്ഞു; പൊടുന്നനവെ സമാധിയിൽ ലയിക്കുകയും ചെയ്തു. ഇതെത്രയും അപൂർവവും അസാധാരണവുമായ ഒരു സമാധിയായിരുന്നു. ശിഷ്യന്മാരിൽ ചിലർ കരഞ്ഞുതുടങ്ങി. ഏതാണ്ടു രാത്രി പന്ത്രണ്ടുമണികഴിഞ്ഞപ്പോൾ ഭഗവാൻ ബാഹ്യലോകബോധമുള്ളവനായി തീരുകയും വിശക്കുന്നു എന്നു പറകയും, പിന്നീടും വയറുനിറച്ചുണ്ടാക്കിയതും പാൽക്കഞ്ഞിക്കുസമാനവുമായ ഒരാഹാരം അൽപ്പം കഴിക്കുകയും ചെയ്തു. കാച്ചസുഖമുള്ളവണ്ണം കാണപ്പെട്ടു. തലയിണകളിൽ ഭഗവാൻചാരിയിരിക്കുന്നു, ശശി (രാമകൃഷ്ണാനന്ദസ്വാമികൾ) അദ്ദേഹത്തെ താങ്ങി പിടിച്ചിട്ടുണ്ടായിരുന്നു. നരേന്ദ്രനുകൊടുക്കാനുണ്ടായിരുന്ന അന്ത്യശാസനം ഏത്രയും മൃദുസ്വരത്തിൽ കൊടുത്തു. "അമ്മേ ബ്രഹ്മമയീ, അമ്മേ ബ്രഹ്മമയീ, അമ്മേ ബ്രഹ്മമയീ" എന്നു ജപിച്ചുകൊണ്ടു് മെല്ലെ കട്ടിലിൽ മലർന്നുകിടന്നു. ഭഗവാന്റെ ശരീരം കോൾമയിർക്കൊണ്ടു, രോമാഞ്ചമുണ്ടായി, നാസാഗ്രങ്ങളിൽ ദൃഷ്ടികൾ ഉറപ്പിച്ചു് നിലകൊണ്ടു; ആദ്ധ്യാത്മികാവേശത്തോടുകൂടിയ ദിവ്യപ്രഭാപൂരസമ്മിളിതസ്മേരവദനനായ, ഭഗവാൻ ശ്രീരാമകൃഷ്ണപരമഹംസൻ മഹാസമാധിൽ ലയിച്ചു—മഹാനിർവാണം പ്രാപിച്ചു—"ബ്രഹ്മവിത് ബ്രഹ്മൈവ ഭവതി." ഇപ്പോൾ മണി ഒന്നടിച്ചു രണ്ടുമിനിട്ടായിരിക്കുന്നു:—

"യഥോദകം ശുദ്ധേശുദ്ധമാസിക്തം
താദൃഗേവഭവതി
തഥാമുനേർ വിജാനത ആ-
ത്മാ ഭവതി ഗൗതമ."

കാമകാഞ്ചനത്യാഗമാകുന്ന മകുടം ധരിച്ചും, അദ്ധ്യാത്മവിദ്യാസമ്പന്നവുമായ ദിവ്യപ്രേമമാകുന്നവലയിൽ ലീലയാ ശ്രീരാമകൃഷ്ണൻ തന്റെ ശിഷ്യന്മാരെപ്പെടുത്തിയും, ജഗദംബയുടെ ഇച്ഛാനുസരണവും, ഭഗവാൻ അവരുടെ ജീവിതത്തെ കടഞ്ഞെടുത്തിട്ടില്ലായിരുന്നു എങ്കിലും, ഇന്നുകാണുന്ന ശ്രീരാമകൃഷ്ണസഹോദരസംഘം, ലോകത്തിനൊരു നവജീവിതത്തെ സാവധാനമെങ്കിലും സ്ഥായിയായിപ്രദാനം ചെയ്തുകൊണ്ടു്, വളർന്നുവരുമായിരുന്നോ; എന്തോ?

ഓം തത് സത്.

—o—


# ഇനാം! നിങ്ങളുടെ യോഗനില



പ്രേമം, ആരോഗ്യം, പരീക്ഷ, ജോലികാര്യം, സംരക്ഷണം, ഗ്രഹങ്ങൾ, കുട്ടികൾ, കച്ചേരികാര്യം, കലഹം, ബാധ ഉപദ്രവം എന്നീ വിഷയങ്ങളടങ്ങിയ നിങ്ങളുടെ 12-മാസത്തെ ജാതകഫലം വെറും സൌജന്യമായി പറയും. കൂടാതെ ദുഷ്യഫലങ്ങളെ അകറ്റുന്ന ഭാഗ്യമോതിരവും കുറഞ്ഞ റേറ്റിൽ അയയ്ക്കും. ഏതെങ്കിലും ഒരു പുഷ്പത്തിന്റെ പേരും എഴുതുന്ന സമയവും അറിയിക്കുക. (എഴുത്തു് ഇംഗ്ലീഷിൽ)

**Prof: Anand Royal Astrologer, P. B. 61,**
**(MRQ)**

**AMRITSAR.**


# സോഷ്യലിസം ഏകമാർഗ്ഗം

ഈയാഴ്ച നടക്കുന്ന ബ്രിട്ടനിലെ പൊതുതിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന കമ്മ്യൂണിസ്റ്റു് കക്ഷി പ്രസിദ്ധം ചെയ്തിട്ടുള്ള പ്രകടനപത്രികയിൽ വിഭാവന ചെയ്യുന്ന പ്രധാന പരിപാടികളാണു് ചുവടെ ചേർത്തിരിക്കുന്നതു്:

വർദ്ധിച്ചുവരുന്ന സാമ്പത്തിക വിഷമതയിൽ നിന്നു തൊഴിൽ ചെയ്യുന്നവരെ മോചിപ്പിക്കുന്നതിനും അവർക്കും അവരുടെ കുടുംബങ്ങൾക്കും ശാന്തിയും ഐശ്വര്യവും സൌഭാഗ്യവും കൈവരുത്തുന്നതിനും പര്യാപ്തമായ ഏക പരിപാടിയാണു് വിധിനിർണ്ണായകമായ ഈ തിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റുകക്ഷി സമർപ്പിക്കുന്നതു്.

'ഞങ്ങളുടെ നയപരിപാടിയുടെ പ്രധാന വശങ്ങൾ ഇവയാണു്. സാമ്പത്തികാധഃപതന നിരോധനത്തിനായി സമരം നടത്തുക, യുദ്ധത്തിലേക്കുള്ള ഗതി തടയുക, ബ്രിട്ടന്റെ മേലുള്ള അമേരിക്കൻ നിയന്ത്രണത്തിനു വിരാമമിടുക.

"വ്യവസായീകരണാർത്ഥം സാമൂഹ്യാശ്വാസ പദ്ധതികളിൽ വരുത്തിയിട്ടുള്ള കുറവുകൾ പരിഹരിക്കുകയും, പുതിയ ഭവനങ്ങൾ, വിദ്യാലയങ്ങൾ, ക്ലിനിക്കുകൾ, ആസ്പത്രികൾ എന്നിവ സ്ഥാപിക്കുന്നതിനു വൻതോതിലുള്ള ഒരു പദ്ധതി നടപ്പിൽ വരുത്തുക,

ജനങ്ങളുടെ വിദ്യാഭ്യാസത്തെയും ആരോഗ്യത്തെയും പരിപോഷിപ്പിക്കുന്നതിനുള്ള എല്ലാം പദ്ധതികളും വികസിപ്പിക്കേണ്ടതാണു്. അടിസ്ഥാനവ്യവസായങ്ങളും ഭൂസ്വത്തും ദേശീയമാക്കണം.

"പഞ്ചശക്തി സമാധാന ഉടമ്പടിക്കുവേണ്ടിയും ആറ്റംബോംബു് നിരോധനത്തെ സംബന്ധിച്ചുമുള്ള സോവ്യറ്റ പദ്ധതിയോടു ബ്രിട്ടൻ അനുകൂലിക്കേണ്ടതും തദ്വാരാ നമ്മുടെ ചെറുദ്വീപിനെ ഇന്നഭിമുഖീകരിക്കുന്ന വിപത്തിനെ നിർമ്മാർജ്ജനം ചെയ്യുകയും വേണം. ഐക്യരാഷ്ട്രസഭയെ ശക്തമാക്കുകയും അറ്റ്ലാൻറിക്കു് സമര ഉടമ്പടിപോലുള്ള യുദ്ധക്കരാറുകളെ അവസാനിപ്പിക്കുകയും ചെയ്യേണ്ടതാണു്.

"ഫ്രാങ്കോസ്പെയിനും ഫാസിസ്റ്റു് ഗ്രീസുമായി വാണിജ്യത്തിലേർപ്പെടുകയോ പ്രസ്തുത രാജ്യങ്ങൾക്കു അംഗീകാരം നൽകുകയോ അരുതു്. പശ്ചിമജർമ്മനിയിലെ നാസികൾക്കു ആയുധം നൽകുകയും അരുതു്.

"നമ്മുടെ തൊഴിലാളികൾക്കും തൊഴിലാളിപ്രസ്ഥാനത്തിനും അമേരിക്കൻ കുബേരന്മാരുമായി പൊരുത്തമുള്ള കാര്യമൊന്നുംതന്നെയില്ല. അവരെ ആശ്രയിക്കുന്നതു നിർത്തുകതന്നെ ചെയ്യണം. നമ്മുടെ നയം അവരുടെ ഉത്തരവനുസരിച്ചായിരിക്കുന്നതു അവസാനിപ്പിക്കണം. ബ്രിട്ടൻ പരാശ്രയത്വം ഉപേക്ഷിക്കണം.

"സോവ്യറ്റയൂണിയനുമായും, ജനായത്തഭരണമുള്ള ഇതരരാജ്യങ്ങളുമായും ചൈനായിലെ ജനകീയറിപ്പബ്ലിക്കുമായും നവവും സൗഹാർദ്ദപൂർണ്ണവുമായ ബന്ധമാണു നാം അഭിലഷിക്കുന്നതു്.

"സോവിയറ്റയൂണിയനിൽ ജനങ്ങളുടെ ജീവിതത്തോതു അനുക്രമം ഉയർന്നുവരികയാണു ചെയ്യുന്നതു്. അവർ സോഷ്യലിസ്റ്റു് വ്യവസ്ഥിതിയുള്ള ഒരു സമുദായത്തിൽ ജീവിക്കുകയായതിനാൽ ധനക്ഷാമത്തെയോ തൊഴിലില്ലായ്മയെയോ അവർക്കു ഭയപ്പെടേണ്ടതായില്ല. ബ്രിട്ടനിലെയും സോവ്യറ്റ് ലയനിലെയും ജനങ്ങളുടെ താല്പര്യങ്ങൾ വിഭിന്നമേ അല്ല. സമാധാനവും ഇരുകൂട്ടരും തമ്മിൽ വാണിജ്യവും മൈത്രിയും.

"സ്കോട്ട്ലൻഡിനും വെയിത്സിനും ആഭ്യന്തരകാര്യങ്ങളിൽ കഴിയുന്നത്രവേഗം സ്വയംഭരണം നൽകേണ്ടതു അത്യാവശ്യമാണു്.

"ട്രേഡ്യൂണിയൻ പ്രസ്ഥാനത്തിന്റെ എല്ലാവിഭാഗങ്ങളിൽനിന്നും കൂലിക്കൂടുതൽ സംബന്ധിച്ചു് ഉന്നയിക്കുന്ന വാദത്തോടു ഞങ്ങൾ അനുകൂലിക്കുന്നതാണു്. നിർബ്ബന്ധിതമായ മദ്ധ്യസ്ഥതാനിയമം അവസാനിപ്പിക്കുന്നതിനുള്ള വാദത്തെയും ഞങ്ങൾ പിൻതാങ്ങുന്നു.

"ട്രേഡ്യൂണിയൻ കാൺഗ്രസ്സിനെ വേൾഡ് ഫെഡറേഷൻ ആഫ ട്രേഡ്യൂണിയൻസുമായി (Wftu) സംഘടിപ്പിച്ചു ഫാക്ടറികളിലും, രാഷ്ട്രീയവും അന്താരാഷ്ട്രീയവുമായ മണ്ഡലങ്ങളിലും ട്രേഡ്യൂണിയൻസിനെ ഞങ്ങൾ ശക്തിപ്പെടുത്തുന്നതാണു്.

"ഉരുക്കുവ്യവസായം, കപ്പൽനിർമ്മാണം, കപ്പൽനന്നാക്കൽ എന്നീ വ്യവസായങ്ങൾ, എൻജിനീയറിങ്ങ്. ഭക്ഷ്യസാധനങ്ങൾ പാകപ്പെടുത്തുന്ന വ്യവസായം, കെമിക്കൽ, ഭവനനിർമ്മാണം, ഭവനനിർമ്മാണോപകരണനിർമ്മാണം, ഡോക്കുകൾ, ഭൂമി, എന്നിവയിലേക്കു ദേശീകരണപദ്ധതി വ്യാപിപ്പിക്കുന്നതാണു്.

"ലാഭമുണ്ടാക്കുന്നതിനുള്ള വ്യാപാരസംഘടനകൾക്കെതിരായി തൊഴിൽ ചെയ്യുന്നവരായ ഉപഭോക്താക്കളുടെ താല്പര്യത്തിനുവേണ്ടി സഹകരണപ്രസ്ഥാനത്തിന്റെ സംഘടനയും വ്യാപാരവികസനവും ശക്തിപ്പെടുത്തുന്നതിനു ഞങ്ങൾ മുൻഗണന നൽകുന്നതാണു്.

"കൂലിക്കൂടുതലും വിലക്കുറവും നടപ്പിൽ വരുത്തി സ്ത്രീജനങ്ങളുടെ വിഷമതകൾക്കു പരിഹാരം നേടുന്നതിനു ഞങ്ങൾ സമരം ചെയ്യും. ഇതുകൂടാതെ അവർക്കുവേണ്ടി താഴെവിവരിക്കുന്ന പരിപാടിയും അംഗീകരിച്ചു നടപ്പിലാക്കും. പ്രതിവർഷം ൪൦൦൦൦൦ ഭവനങ്ങൾ നിർമ്മിച്ചുകൊടുക്കുക; പുതിയ വിദ്യാലയങ്ങൾ, ക്ലിനിക്കുകൾ, ആസ്പത്രികൾ എന്നിവ സ്ഥാപിക്കുക, കടിഞ്ഞൂൽശിശുവിനു വേതനം അനുവദിക്കുന്നതുൾപ്പടെ കുടുംബ അലവൻസു് വർദ്ധിപ്പിക്കുക, തുല്യജോലിക്കു തുല്യമായി കൂലിനൽകുക; സുഖഭോഗസാമഗ്രികൾക്കൊഴികെയുള്ള വില്പനനികുതി റദ്ദാക്കുക.

## ദാരിദ്ര്യവും ദുഃഖവും തൊഴിലില്ലായ്മയും നിവാരണംചെയ്യാൻ

"സമാധാനസംസ്ഥാപനത്തിനുവേണ്ടിയും ധനികവർഗ്ഗത്തിനെതിരായി തൊഴിലാളിവർഗ്ഗത്തിനുവേണ്ടിയും സമരംനടത്തുന്ന ഒരു ഗവർമ്മെന്റു സ്ഥാപിക്കുന്നതിനുള്ള ആദ്യപടിയാണു് നമ്മുടെ നയപരിപാടി കുറിക്കുന്നതു്. സമരസന്നദ്ധമായ ഒരു തൊഴിലാളി ഐക്യപ്രസ്ഥാനത്തിൽ അധിഷ്ഠിതമായതും, കമ്മ്യൂണിസ്റ്റു് പ്രതിനിധികൾ അടങ്ങിയതും ആയ ഒരു ഗവർമ്മെന്റുണ്ടെങ്കിൽ മാത്രമേ ബ്രിട്ടനു സോഷ്യലിസത്തിന്റെ പന്ഥാവിൽ പ്രവേശിക്കുന്നതിനു സാദ്ധ്യതയുണ്ടാകുകയുള്ളു—അഖിലലോക തൊഴിലാളികളുടെ പ്രവർത്തനങ്ങളിലും ചിന്തയിലും ഉത്തമമായിട്ടുള്ളതിനെയെല്ലാം ഉത്തേജിപ്പിച്ചിട്ടുള്ള മഹത്തായ തത്വങ്ങളുടെ കലവറയായ സോഷ്യലിസത്തിന്റെ പന്ഥാവിൽ പ്രവേശിക്കുന്നതിനു ദാരിദ്ര്യവും തൊഴിലില്ലായ്മയും യുദ്ധവും എന്നന്നേയ്ക്കുമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ഏകരക്ഷാമാർഗ്ഗം സോഷ്യലിസംമാത്രമാണു്".

### ഈ ആഴ്ച നടക്കുന്ന ബ്രിട്ടീഷു് പൊതുതിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റുകക്ഷിയുടെ പ്രകടനപത്രിക

—o—


## റബ്ബർമുദ്രകൾ

വിവിധ ഡിസൈനുകളിൽ ഉറപ്പും ഭംഗിയുമുള്ള റബ്ബർമുദ്രകൾ മിതമായ നിരക്കിൽ ചെയ്തുകൊടുക്കുന്നതാണു്.

മാനേജർ,

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

# കൃഷ്ണവിജയം എന്ന തമിഴ് ചിത്രത്തിൽ എൻ. സി. വസന്തകോകിലവും ശ്രീ. രാഘവനും



ജൂപ്പിറ്ററെഴ സിൻ്റെ കൃഷ്ണവിജയം എന്ന ചിത്രത്തിൽ ശ്രീമതി എൻ. സി. വസന്തകോകിലം നാരദനായി അഭിനയിക്കുന്നു.



ശ്രീ. രാഘവൻ കൃഷ്ണൻ്റെ ഭാഗം അഭിനയിക്കുന്നു.

(പതിനഞ്ചാംപേജിൽനിന്നും തുടർച്ച)

സത്യഗ്രഹി എന്നുള്ള നിലയിൽ അദ്ദേഹം ആക്കം അശ്ലാഘ്യനായിത്തീർന്നതും ഗീതയിലെ മഹത്തായ ഉപദേശങ്ങൾ അനുസരിച്ചു ജീവിച്ചതുകൊണ്ടാണ്.

ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം ആത്മീയകാര്യവും ലൗകികകാര്യവും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ലാതിരുന്നു. ജീവിതത്തെ പല അറകളായി വിഭജിച്ച്, ഓരോന്നിലും പ്രത്യേക നയങ്ങൾ സ്വീകരിച്ച് ഏതുവിധത്തിലുള്ള അകൃത്യത്തിനും ന്യായീകരണം കല്പിക്കുന്ന 'ജീവിതവിദഗ്ദ്ധ'ന്മാരിൽനിന്നു ഗാന്ധിജി തികച്ചും വിഭിന്നനായിരുന്നു. അദ്ദേഹത്തിൻ്റെ തപസ്സരണിയിൽ ആത്മീയതയിൽനിന്ന് വ്യതിരിക്തമായ യാതൊരു ഭൗതികവൃത്തിയുമില്ല. അവതമ്മിൽ വൈരുദ്ധ്യവുമില്ല. ഈ നിലപാടും അദ്ദേഹം സമാർജ്ജിച്ചതു ഗീതയിൽനിന്നാണെന്നുവേണം വിചാരിക്കാൻ. അനാസക്തിയോഗത്തിൻ്റെ ആമുഖത്തിൽ അദ്ദേഹം ഇപ്രകാരം പറയുന്നു:—

"ധർമ്മവും അർത്ഥവും വിപരീതവസ്തുക്കളാണെന്നാണ് സാധാരണ വിശ്വസിച്ചുവരുന്നത്. വ്യാപാരം മുതലായ ലൗകികവ്യവഹാരങ്ങളിൽ ധർമ്മപരിപാലനം അസാദ്ധ്യമാണെന്നും, ധർമ്മത്തിനു അവിടെ സ്ഥാനമില്ലെന്നും മോക്ഷപ്രാപ്തിക്കുമാത്രം ഉപയോഗപ്പെടുന്ന വസ്തുവാണ് ധർമ്മമെന്നും, ധർമ്മവും അർത്ഥവും അതാതിൻ്റെ സ്ഥാനത്തു മാത്രമേ പ്രകാശിക്കുകയുള്ളുവെന്നുമുള്ള വ്യാമോഹത്തെ ഗീതാകാരൻ ദൂരീകരിച്ചിട്ടുണ്ടെന്നാണ് എനിക്കു തോന്നുന്നത്. അദ്ദേഹം മോക്ഷത്തിനും ലോകവ്യവഹാരത്തിനും തമ്മിൽ ഇപ്രകാരം ഒരു ഭേദം കല്പിച്ചിട്ടില്ല.

ഗാന്ധിജി തികച്ചും ഒരു ഭൗതികവിഷയമെന്നു പറയാവുന്ന രാഷ്ട്രീയകാര്യങ്ങളിൽകൂടി തൻ്റെ ധർമ്മനിർവഹണം നടത്താമെന്നു കരുതിയതിൻ്റെ അടിസ്ഥാനതത്വം മേൽ ഉദ്ധരിച്ച വാചകങ്ങളിൽ കാണാം. ഗീത തലമുറകളായി പഠിച്ചുവന്ന ഭാരതീയരിൽ അധികംപേർക്കും ഉദയംചെയ്യാത്ത ഒരു നവീനാശയമാണ് ഗാന്ധിജി നമ്മുടെ തലമുറയിൽ പ്രായോഗികമാക്കിക്കാണിച്ചുകൊടുത്തതു്. അതായതു് രാഷ്ട്രീയവും സാമൂഹ്യവുമായ പ്രവൃത്തനങ്ങൾ ഒരു ആത്മീയപുരുഷനു് വിധിച്ചിട്ടുള്ളതല്ലെന്നും അതൊക്കെ ലൗകികന്മാരുടെ അധികാരത്തിൽ മാത്രം പെട്ടതാണെന്നുമുള്ള വിശ്വാസത്തെ അദ്ദേഹം പാടെ മറിച്ചു. പക്ഷെ അതോടുകൂടിത്തന്നെ ഭൗതികപ്രവൃത്തനങ്ങളെ ഗ്രസിച്ചിരുന്ന ഒരു മഹാശാപത്തെ അദ്ദേഹം നിർമ്മാർജ്ജനം ചെയ്കകൂടിച്ചെയ്തു. അതു മറ്റൊന്നുമല്ല; രാഷ്ട്രീയസാമൂഹ്യപ്രവൃത്തനങ്ങളിൽ ധാർമ്മികമായ സരണിക്കു സ്ഥാനമില്ലെന്നുള്ള വിശ്വാസംതന്നെ. ചാണക്യന്മാർക്കും മക്കാവലിമാർക്കുമുള്ള പാഠങ്ങളാണ് രാഷ്ട്രീയസാമൂഹ്യപ്രവൃത്തനങ്ങൾക്കുള്ളതെന്നും അവയിൽ ധർമ്മത്തിനു സ്ഥാനമില്ലെന്നുമുള്ള വിശ്വാസം പാശ്ചാത്യരുടെയും പൌരസ്ത്യരുടെയും ഇടയ്ക്കു വളരെക്കാലമായിട്ടുള്ളതാണ്. അഹിംസയിലും സത്യഗ്രഹത്തിലുംകൂടി ഗാന്ധിജി ഭാരതത്തിനു സ്വാതന്ത്ര്യം സ്ഥാപിച്ചുകൊടുത്തതോടുകൂടി മേല്പറഞ്ഞ വിശ്വാസത്തെ അദ്ദേഹം തികച്ചും അടിസ്ഥാനരഹിതമാക്കിത്തീർത്തു. ഉദ്ദേശംമാത്രമല്ല, മാർഗ്ഗവും പരിശുദ്ധമായിരിക്കണമെന്നുള്ള തത്വത്തെ അദ്ദേഹം ഉപദേശിക്കുകയും പ്രവൃത്തിയിൽ കാണിച്ചുകൊടുക്കുകയും ചെയ്തു. ലോകവ്യവഹാരവും ധാർമ്മികസരണിയും തമ്മിൽ യോജിച്ചുപോകണമെന്നുള്ള ഗീതാതത്വംതന്നെയാണ് ഗാന്ധിജിയുടെ ഈ നവീനമാർഗ്ഗത്തിനു പ്രചോദനം നൽകിയതെന്നുള്ളതിനു യാതൊരു സംശയവുമില്ല.

ഗാന്ധിജിയുടെ അഹിംസാസിദ്ധാന്തത്തിനും, ഗീതയിലെ യുദ്ധംചെയ്യുവാനുള്ള ഉപദേശത്തിനും തമ്മിലുള്ള പൊരുത്തമില്ലായ്മയെ അദ്ദേഹം തന്നെ പരാമർശിച്ചിട്ടുണ്ട്. നിന്ദ്യമായ ഹിംസപോലും ഒരുവൻ്റെ ധർമ്മമായി വരുന്നപക്ഷം അതു ചെയ്യുവാൻ മടിക്കരുതെന്നല്ലാതെ, ഗീത ഹിംസചെയ്യണമെന്നുള്ള ഉപദേശം ആർക്കും നൽകുന്നില്ലെന്നു അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ഭാരതയുദ്ധത്തെ ഗീതാകാരൻ ഒരു സന്ദർഭമായി ഉപയോഗപ്പെടുത്തിയെന്നല്ലാതെ യുദ്ധം ഗീതയിലെ വിഷയമേ അല്ല. എന്നുതന്നെയുമല്ല 'ഫലാസക്തി കൂടാതെ കർമ്മം ചെയ്യുക' എന്നുള്ള ഉപദേശത്തിൽ സത്യവും അഹിംസയും താനെ അന്തർഭവിക്കുന്നുവെന്നാണ് ഗാന്ധിജിയുടെ വിശ്വാസം. ഗീതയുടെ അർത്ഥംതന്നെ ഗാന്ധിജി മനസ്സിലാക്കിയതു് ലൗകികമായ ഒരു യുദ്ധസന്ദർഭത്തെ അടിസ്ഥാനമാക്കിയല്ല. അദ്ദേഹത്തിൻ്റെ വാക്കുകൾതന്നെ ഉദ്ധരിക്കാം:—

"ഗീതയുടെ പ്രഥമാവലോകനത്തിൽതന്നെ അതു് ഒരു ഇതിഹാസഗ്രന്ഥമല്ലെന്നും, ലൗകികമായ ഒരു യുദ്ധം വർണ്ണിക്കുക എന്ന വ്യാജേന ഓരോ മനുഷ്യൻ്റെയും ഹൃദയാന്തർഭാഗത്തു് അനവരതം നടന്നുകൊണ്ടിരിക്കുന്ന ദ്വന്ദ്വയുദ്ധത്തെയാണ് അതിൽ വർണ്ണിച്ചിരിക്കുന്നതെന്നും എനിക്കു തോന്നി. ആ യുദ്ധത്തിൻ്റെ വർണ്ണന അധികം രസപ്രദമാക്കുവാനാണ് അതിൽ മനുഷ്യയോദ്ധാക്കളെ അവതരിപ്പിക്കുന്നതു്. മതത്തെയും ഗീതയേയുംപറ്റി സവിശേഷം വിചിന്തനംചെയ്തപ്പോൾ എൻ്റെ ഈ പ്രഥമാഭിപ്രായം ഒന്നുകൂടി ദൃഢമായി. മഹാഭാരതത്തെ അദ്ധ്യയനം ചെയ്തപ്പോൾ ഈ അന്തർജ്ഞാനത്തിനു് അധികം ദാർഢ്യംകിട്ടി. മഹാഭാരതം ഇന്നു കല്പിച്ചുവരുന്ന അർത്ഥത്തിലുള്ള ഒരു ഇതിഹാസഗ്രന്ഥമാണെന്നു് ഞാൻ വിശ്വസിക്കുന്നില്ല......അതിൽ വർണ്ണിച്ചിരിക്കുന്ന പാത്രങ്ങൾ ഇതിഹാസത്തോടു ബന്ധപ്പെട്ടാണിരിക്കുന്നതെങ്കിലും വ്യാസഭഗവാൻ അവയെ കേവലം ധർമ്മപ്രശ്നത്തിനുള്ള ഉപകരണങ്ങൾമാത്രമായിട്ടാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളതു്... ലൗകികമായ യുദ്ധത്തിൻ്റെ ആവശ്യകതയെയല്ല അതിൻ്റെ പ്രയോജനശൂന്യതയെയാണ് മഹാഭാരതകർത്താവ് സൂചിപ്പിക്കുന്നതു്. അതു വിജയികളെ കണ്ണീർകുടിപ്പിക്കുകയും പശ്ചാത്താപിപ്പിക്കുകയും മാത്രമേ ചെയ്യുന്നുള്ളു. അവർക്ക് ദുഃഖമല്ലാതെ യാതൊന്നും അവശേഷിച്ചിട്ടുമില്ല. ഗീത ആ മഹാഗ്രന്ഥത്തിൻ്റെ ശിരോമണിയായി ശോഭിക്കുന്നു. അതിലെ രണ്ടാം അദ്ധ്യായം ഭൗതികമായ യുദ്ധവ്യവഹാരത്തെ അഭ്യസിപ്പിക്കുന്നതിനുപകരം സ്ഥിതപ്രജ്ഞൻ്റെ ലക്ഷണങ്ങളെ വിസ്തരിക്കുകയാണ് ചെയ്യുന്നതു്. സ്ഥിതപ്രജ്ഞനു് ലൗകികയുദ്ധത്തോടു് യാതൊരുബന്ധവുമില്ലെന്നാണ് ആ ലക്ഷണങ്ങളിൽനിന്നു് എനിക്കു തോന്നുന്നതു്. ഗീതപോലെയുള്ള ഗ്രന്ഥങ്ങൾ ഭൗതികങ്ങളായ സാധാരണകലഹങ്ങളുടെ ഔചിത്യാനൌചിത്യങ്ങളെ നിർണ്ണയിപ്പാൻ രചിക്കപ്പെട്ടവയാകാൻ തരമില്ല."

ഇപ്രകാരമാണ് ഗാന്ധിജി അഹിംസാസിദ്ധാന്തത്തിൻ്റെ അടിസ്ഥാനത്തിന്മേൽ ഗീതയെ വീക്ഷിച്ചതു്. ഗീത യാതൊരുകാരണവശാലും അഹിംസയ്ക്കു് എതിരാണെന്നു് അദ്ദേഹത്തിനു് വിശ്വസിക്കാൻകഴിഞ്ഞില്ല. നേരെമറിച്ചു് അനാസക്തിയോഗത്തിൽ അദ്ദേഹം പരിപൂർണ്ണമായ സത്യവും അഹിംസയുംതന്നെ ദർശിച്ചു.

ഗാന്ധിജിയുടെ ജീവിതതത്വസരണിയുടെ രൂപവല്ക്കരണത്തിൽ പല വിശിഷ്ടവ്യക്തികളും അവരുടെ ഗ്രന്ഥങ്ങളും മുഖ്യസ്ഥാനംവഹിക്കുന്നുണ്ടെങ്കിലും ലേഖനാരംഭത്തിൽ പ്രസ്താവിച്ചതുപോലെ ഗീതയ്ക്കു തുല്യം മറ്റൊന്നിനേയും എടുത്തുപറവാനുണ്ടെന്നുതോന്നുന്നില്ല. ഈ പരമാർത്ഥം അദ്ദേഹംതന്നെ എത്ര ശക്തിയായ ഭാഷയിൽ സമ്മതിച്ചിരിക്കുന്നുവെന്നു നോക്കുക. ൧൯൨൫-ലെ ഹരിജനിൽ അദ്ദേഹം ഇപ്രകാരം എഴുതി:—

"ഇന്നു് ഗീത എനിക്കു എൻ്റെ ബൈബിളോ കൊറാനോ മാത്രമല്ല, അതിനുപരി എൻ്റെ മാതാവുംകൂടിയാണ്. എൻ്റെ ജനനത്തിനു ഹേതുഭൂതയായ അമ്മ എനിക്കു വളരെക്കാലം മുമ്പേ നഷ്ടപ്പെട്ടു; എന്നാൽ ഗീതയാകുന്ന ശാശ്വതമാതാവ് എന്നിൽ അവരുടെ സ്ഥാനം എന്നേയ്ക്കുമായി കരസ്ഥമാക്കിക്കഴിഞ്ഞു. അവർ പിന്നീട് ഒരിക്കലും മാറിയിട്ടില്ല, ഒരുകാലത്തും എന്നെ ഉപേക്ഷിക്കുകയുമില്ല. എനിക്ക് വിഷമങ്ങൾ വരികയോ കഷ്ടതകൾ നേരിടുകയോ ചെയ്യുമ്പോൾ ഞാൻ ഗീതാമാതാവിൻ്റെ മടിത്തട്ടിനെ അഭയം പ്രാപിക്കുന്നു."

അതിനുമുമ്പുതന്നെ (൧൯൨൭-ൽ) ഗാന്ധിജി കല്ക്കട്ടായിലെ ഒരു സംഘം മിഷനറിമാരെ അഭിസംബോധനംചെയ്തുകൊണ്ടു് ഇപ്രകാരം പ്രസ്താവിച്ചു:—

"സംശയങ്ങൾ എന്നെ ആവേശിക്കുമ്പോൾ, നൈരാശ്യം എന്നെ തുറിച്ചുനോക്കുമ്പോൾ, ചക്രവാളത്തിൽ പ്രകാശത്തിൻ്റെ ഒരു കിരണംപോലും കാണാതെ ഞാൻ അമ്പരക്കുമ്പോൾ, ഞാൻ ഗീതയിലേയ്ക്കു് തിരിയുന്നു. അതിലെ ഏതെങ്കിലും ഒരുവരിയിൽ ഞാൻ സാന്ത്വനം കാണുന്നു. പൊടുന്നനവേ, എന്നെ ആവേശിച്ചിരുന്ന ദുഃഖശല്യത്തിലൂടെ പുഞ്ചിരി എന്നെ അനുഗ്രഹിച്ചുതുടങ്ങുന്നു എൻ്റെ ജീവിതം ബാഹ്യങ്ങളായ അനവധി ദുരന്തങ്ങൾകൊണ്ടു നിറഞ്ഞതാണ്. അവയൊന്നും ആന്തരികമായി എന്നെ ബാധിക്കാതെയിരുന്നിട്ടുണ്ടെങ്കിൽ അതിലേക്കു് ഞാൻ കടപ്പെട്ടിട്ടുള്ളതു് ഗീതയിലെ തത്വോപദേശത്തോടുമാത്രമാണ്."

ഇതായിരുന്നു ഗാന്ധിജിയും ഭഗവദ്ഗീതയുമായുള്ള ബന്ധം. വാസ്തവമാലോചിച്ചാൽ ഗീതയില്ലാതെ ഇതുപോലെയുള്ള ഒരു അത്ഭുതപുരുഷനെ സൃഷ്ടിക്കുന്നതിനുള്ള കഴിവും ഉണ്ടാകുമെന്നു തോന്നുന്നില്ല.


ശ്രീഭൂതനാഥസർവ്വസ്വം

൧-ാം, ൨-ാം, ൩-ാം ഭാഗങ്ങൾ

ഗ്രന്ഥകർത്താ,

വിദ്വാൻ കുറമള്ളൂർ നാരായണപിള്ള

വില ൧ രൂ. ൪ ണ.

മാനേജർ, ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.

ബ്രാഞ്ചുകൾ—തിരുവനന്തപുരം, ആലപ്പുഴ.

# "കമ്പ്രഷ്യനിസം"

പുത്തേഴത്തു രാമമേനോൻ

"വലിച്ചുനീട്ടലിസ"ത്തിനു ഉദാഹരണങ്ങൾ എടുത്തുകാണിക്കണമെന്നില്ല. ഒന്നാമതു, ഇതുതന്നെ അതാണ്. രണ്ടാമത്, അതിനുള്ള ഉദാഹരണം ഇയ്യിടത്തെ മിക്ക ഗദ്യപദ്യലേഖനവും! കല്യാണംകഴിക്കാൻ തിരക്കായിട്ടുണ്ടെങ്കിലും, ആ ദുർഭാഗ്യത്തിന്നോ സൽഭാഗ്യത്തിന്നോ സംഗതിയാവാതെ, കണ്ണും കരളും കയ്യും കാലും സദാപി വിറപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു യുവാവു ചിത്രീകരിക്കുന്ന—ചിലപ്പോൾ കല്യാണങ്ങൾ പലതും കഴിഞ്ഞിട്ടും ഒന്നും നല്ലോണമാവാത്ത ഒരു യുവകവി വരച്ചുകാട്ടുന്ന—മാർജ്ജാരമിഥുനങ്ങളുടെ സമാഗമവേളയിൽ നാട്ടുകാരെ മുഴവൻ വിഷമിപ്പിച്ചുകൊണ്ടും, കുട്ടികളെ ഒട്ടേറെ ഭയപ്പെടുത്തികൊണ്ടും, മുഴക്കാറുള്ള കാമവികാരസ്ഫുരണശബ്ദങ്ങളുടെ പ്രതിധ്വനികളുടെ, അക്ഷരരൂപങ്ങളാണ ഇന്നത്തെ "കവിത"കളായി പത്രങ്ങളിൽ കാണപ്പെടുന്നവ മിക്കവാറും!! ഒരേസ്വരം, ഒരേശബ്ദം, ഒരേപല്ലവി—എനിക്കെന്റെ പെണ്ണിനെ കിട്ടിയില്ല, എന്നുമാത്രം.

ഏറ്റവും പുരോഗമനപരമായ നവീന സാഹിത്യപ്രസ്ഥാനങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒരു പ്രസ്ഥാനമാകുന്നു "കമ്പ്രഷ്യനിസം" പേരു കേൾക്കുമ്പോൾ തോന്നിയേക്കാവുന്ന നവീനതാമൊന്നും യഥാർത്ഥത്തിൽ അതിന്റെ അർത്ഥത്തിലില്ലെന്നുള്ള മുന്നറിയിപ്പു സംഗതമോ അസംഗതമോ എന്ന് ഒടുവിൽ തീർച്ചയാക്കുന്നതായിരിക്കും നല്ലത്. "കമ്പ്രസ്സ്" ചെയ്യുക എന്നു വച്ചാൽ എന്താണെന്ന് ഒരു പക്ഷേ ചിലർക്കൊക്കെ അറിയുമായിരിക്കും; പ്രത്യേകിച്ചും ചരക്കുകൾ പുറം രാജ്യങ്ങളിലേക്ക് കയററിഅയയ്ക്കുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന കമ്പനികളിലെ പ്രവൃത്തിക്കാർക്ക് സ്ഥലംമുടക്ക് അധികമാവാതെ കഴിക്കുവാൻവേണ്ടി, ചരക്കുകെട്ടുകൾ അമർത്തികെട്ടി (കമ്പ്രസ്സ് ചെയ്തു കെട്ടി) വരാറു പതിവുണ്ട്. പഞ്ഞി, തുണി, കയറു മുതലായ സാധനങ്ങളുടെ കെട്ടുകൾക്ക് അമർച്ചയുണ്ടാക്കി ഒതുക്കികെട്ടുന്നതിന്നായി "ബെയ്മാപ്രസ്സ്" എന്നൊരു യന്ത്രസാമഗ്രിതന്നെ ഉപയോഗത്തിലുണ്ട്. ആ യന്ത്രത്തിൽ വെച്ചമർത്തിയാൽ കെട്ടിന് പരിധിതന്നെ ഒതുങ്ങുന്നതായിരിക്കും. അങ്ങനെ അധികം സ്ഥലം അനാവശ്യമായി അടക്കിവെയ്ക്കുന്നതിനെ കഴിയുന്നത്ര ചുരുക്കുന്നതിനെയാണ് "കമ്പ്രസ്സചെയ്യുക" എന്നു പറയുന്നത്. അതു കമ്പനികളിലും യന്ത്രപ്പുരകളിലും; സാഹിത്യത്തിലുമുണ്ടോ ഈ കമ്പ്രസ്സ ചെയ്യുന്ന പണിയും പതിവും?

'ചുരുക്കമാണ് ഫലിതത്തിന്റെ ജീവൻ' എന്നു ഇംഗ്ലീഷുകാർ പറയാറുണ്ട്. നമ്മുടെ രാജ്യത്തിലെ പ്രസിദ്ധമായ നമ്പൂരിഫലിതത്തിന്റേയും സത്യവും സത്തയും ആ 'ചുരുക്കം' തന്നെയാണ്. അതുകൊണ്ട് ആ "ചുരുക്കത്തെ" ഒരു വിദേശച്ചരക്കെന്നു വിവക്ഷിച്ചുകൂടാ. ചുരുക്കത്തിൽ സ്ഥലംമുടക്കു കഴിയുന്നതും കുറയ്ക്കുന്നതു സാഹിത്യത്തിലും അവശ്യം ആവശ്യംതന്നെയാണ്. അച്ചടിക്കൂലിക്കും കടലാസ്സുവിലയ്ക്കും വർദ്ധനയും, വായനക്കാർക്ക് സമയദൗർല്ലഭ്യവും, രസികാഗ്രേസരന്മാർക്ക് രസച്ചുരുക്കവും മററു പലതും എഴുത്തുകാരെ തുറിച്ചുനോക്കുകയും എടയ്ക്കു കൊഞ്ഞനം കാട്ടുകയും മാത്രമല്ല വൃഷ്ടം തിരിച്ചു കാണിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ഇന്നത്തെ രാഷ്ട്രീയലോകത്തിൽ ജനകീയനരകയാതനകളുടെ കൂട്ടത്തിൽ മന്ത്രിമാരുടെപോലും എണ്ണം "ചുരുങ്ങണം, ചുരുക്കണം" എന്നു ശഠിക്കുകയും "ഞെരുങ്ങുന്ന, ചുളുങ്ങുന്ന" എന്ന് അനുഭവപ്പെടുകയും ചെയ്യുന്നതിന്റെ തിരക്കിൽ ചുരുക്കാക്ഷരവാദക്കാരും ചുരുക്കെഴുത്തുവീരന്മാരും തലയ്ക്കു "ചുരുക്ക" പിടിച്ചവരെപ്പോലെ മുള്ളുള്ളമുരിക്കിൻകാലു പിടിച്ച അനുഭവംവെച്ചുകൊണ്ടിരിക്കുന്ന ഈ സംയോഗസംയോജനസംബന്ധകാലഘട്ടത്തിൽ സ്ഥലംമുടക്കുകൂടാതെകഴിക്കുവാൻ കഴിയുന്നതും ശ്രമിക്കുന്ന ഈ കച്ചവടക്കാരെക്കൊണ്ടു നോക്കിയാലും രാജ്യതന്ത്രകണ്ണാടിയിൽക്കൂടിക്കണ്ടാലും സമുദായക്കുഴലിൽക്കൂടി ദർശിച്ചാലും, അപലപനീയമാണെന്ന് ആരും ആവലാതിപ്പെടുകയില്ല. അതു കാണിക്കാൻതന്നെയാണ് 'ചുരുക്കണ'മെന്നു പറഞ്ഞു പുറപ്പെടുമ്പോൾ ഇങ്ങനെ നിരക്കാതെ നീട്ടി എഴുതുന്നതും!

"കമ്പ്രഷ്യനിസം" ചുരുക്കലാണെന്നും അതു സാഹിത്യത്തിലെ ഒരു നൂതനപ്രസ്ഥാനമാണെന്നും പറഞ്ഞതിൽനിന്ന് പലരും പലതും തെററിദ്ധരിച്ചിരിക്കും. സാഹിത്യകാരന്മാർ "എഴുത്തു ചുരുക്കുന്ന"തായാൽ അതു "കമ്പ്രഷ്യനിസം" ആവില്ല. നേരെമറിച്ച് അത്തരം ചുരുക്കൽ" അഥവാ "കമ്പ്രഷ്യൻ" "എഴുതിക്കഴിയുന്നവ"രെയും "എഴുതിപ്പിച്ചുകഴിക്കുന്ന"വരെയും ഒരുപോലെ "കമ്പ്രസ്സ" ചെയ്ത് അഥവാ ഞെക്കിഞെരുക്കി വീർപ്പുമുട്ടിപ്പിച്ചേക്കും! ആ അതിദാരുണാവസ്ഥയെ ഇവിടെ വിവക്ഷിച്ചിട്ടില്ല. എന്നാൽ അവർ ചുരുക്കി എഴുതിയാൽ അതായത് നന്നെ ചെറിയ അക്ഷരങ്ങളിൽ വരി വളരെ അടുപ്പിച്ച്, എഴുതുന്നതായാൽ അതു "കമ്പ്രഷ്യ"നാവുമോ? ശാന്തം പാപം! അതും ആവില്ല. അതിന്റെ ഫലം, അച്ചുകൂടത്തിലെ "അക്ഷരം പെറുക്കി" (Compositors) കളെ കഷ്ടപ്പെടുത്തുക മാത്രമായിരിക്കും. പിന്നെ എന്താണാണീ പൊല്ലാപ്പ്; ഈ കമ്പ്രഷ്യനിസം? ക്ഷമിക്കു! ഇങ്ങനെ തോക്കിന്റെ ഉള്ളിൽ കടന്നു വെടിവെച്ചാലോ; വല്ല തോക്കിന്റെയും ഉള്ളിൽ ഏതെങ്കിലും വെടിക്കാരനെ കൊള്ളുമെങ്കിൽ! കമ്പ്രഷ്യൻ എന്താണെന്നു പറയാനല്ലെ എന്റെ പുറപ്പാട്. പുറപ്പെട്ടു കഴിഞ്ഞല്ലേ ഉള്ളൂ. യാത്ര അവസാനിക്കുന്നതോടുകൂടി പുറപ്പാടിന്റെ പൊടിപ്പും തൊങ്ങലും താളവും മേളവും എല്ലാം അറിയാറാവും. അതിനുമുമ്പ് തിരക്കാണെങ്കിൽ വേഗംപോയി ആ തിരക്കൊക്കെക്കഴിഞ്ഞിട്ടു വരൂ. വല്ല അടിയന്തരക്യാബിനററുയോഗമോ, മന്ത്രിയുടെ രാജിയോ, വയസ്സുതിരുത്തുവെപ്രാളമോ ഉണ്ടെങ്കിൽ അതൊക്കെക്കഴിഞ്ഞിട്ടു വരൂ! പക്ഷേ ക്യാബിനററുകാരോടും—മന്ത്രിമാരോടുംഅല്ലാതെ അലമാരി (ക്യാബിനററ) പണിക്കാരോടല്ലാ—പറഞ്ഞേക്കു "കമ്പ്രഷ്യൻ" അവരുടെ ഇരിപ്പായ്മാനും നിലനില്പാനും ഉറപ്പുകൂടാനും അച്ചടക്കവും കൂടടക്കവും കൂടാനും കൂടിയേ കഴിയൂ, എന്ന്.

"കമ്പ്രഷ്യനിസം" എന്നുവെച്ചാൽ, പറയാനുള്ളതു—അങ്ങനെവല്ലവർക്കും അബദ്ധത്തിലുണ്ടെങ്കിൽ—ചുരുക്കി പറയലാണ്, എന്നുവെച്ചാൽ, പറയാനുള്ളതൊന്നും വിടാതെ എല്ലാററിനും യഥാവിധി ശക്തിയും പ്രാധാന്യവും കാരവും ചമൽക്കാരവും നൽകിക്കൊണ്ടുള്ള പറയൽതന്നെയാണ്. "പറയൽ" എന്നുള്ളതുകൊണ്ടു 'എഴുതൽ' അതിൽനിന്നൊഴിവാണെന്നു ധരിക്കരുത്. എഴുതലായാലും, പറയലായാലും, ചുരുക്കിക്കഴിക്കലിനെയാണ കമ്പ്രഷ്യനിസം എന്നു വിളിക്കുന്നത്. അങ്ങനെയല്ലെ എല്ലാവരും പതിവ? അല്ല സ്നേഹിതാ അല്ല. ഈ ലേഖനം അതിന്നുകൂടി ഒരു ഉത്തമോദാഹരണമാണ്. "നാഴി പാലുകൊണ്ടു നാട്ടിലൊക്കെ ആറാട്ട്" എന്നു പഴയ ഒരു കെട്ടുകഥയുണ്ട്. അതുപോലെയുള്ള ചില എഴുത്തുകാരുമുണ്ട്. പ്രസംഗക്കാരുമുണ്ട്. ചില നായാട്ടുനായ്ക്കളുണ്ടത്രെ. കാടുകൾക്കു ചുററും കിടന്നോടിക്കുരക്കും; അവ, കാട്ടിൽ കടക്കുകയുമില്ല, വന്യമൃഗത്തെ പുറത്തു ചാടിക്കുകയുമില്ല. ആ കൂട്ടത്തിൽ ചില പ്രസംഗകരും കൈക്കുററപ്പാടുകാരും!

"കമ്പ്രഷ്യനിസ"ത്തിന്റെ നേരെ എതിരാണ "എലാബൊറേഷ്യനിസം," അഥവാ, "വലിച്ചുനീട്ടലിസം". കമ്പ്രഷ്യനിസം ഒരുവിധം "അരിച്ചുകുറുക്കലിസം" ആകുന്നു. അഞ്ചുപറ വെള്ളത്തിൽ കഷായംവെച്ചു വററിച്ചു ഒരിടങ്ങഴിയാക്കി, അതിൽനിന്നു, ഒരു നാഴിയെടുത്തു തിരുമ്പിപിഴിഞ്ഞു തിളപ്പിച്ച്, ഒഴക്കാക്കി കസ്തൂര്യാദി ഗുളികചേർത്തു സേവിക്കുക, എന്നു അഷ്ടാംഗഹൃദയക്കാരൻ പറയാറില്ലേ; അതുതന്നെയാണ് കമ്പ്രഷ്യനിസം എന്ന "അരിച്ചുകുറുക്കലിസം," സാഹിത്യകഷായത്തെ സംബന്ധിച്ചേടത്തോളം. "ആഴക്കുവററടിയിലുള്ളതെടുക്കുവാനാ—യേഴെട്ടിടങ്ങഴിജലം വെറുതേ കുടിച്ചു" എന്നു പണ്ടൊരു കവി പാടിയിട്ടുള്ളത്, ഈ കമ്പ്രഷ്യനിസം ഇല്ലാത്തവന്റെ സാഹിത്യത്തെ സംബന്ധിച്ചാവാനും വിരോധമില്ല. "വലിച്ചുനീട്ടലിസം" ഇന്നത്തെ ഒരു സാധാരണ വ്യാപാരമാണ്. "കോളത്തിനു കാശ്" എന്നു ചില പത്രാധിപന്മാർ പരസ്യപ്പെടുത്തിയതുമതല്ല, "കാളമൂത്ര"ക്കാരുടെ വിസർജ്ജനധോരണി തോരാത്തതായി. നീളത്തെവിട്ടു തൂക്കത്തെനോക്കി വില നിശ്ചയിക്കാൻ വയ്യാത്ത ഒരു വിഷയവുമായി! ലേഖനക്കച്ചവടത്തിലും ഒരു കമ്പ്രഷ്യനിസം ആസന്നമായിരിക്കുന്നു എന്നു തോന്നുന്നു. 'വലിക്കട്ടെ നീട്ടട്ടെ' അതിനെന്താണവിരോധം എന്നാണെങ്കിൽ, "ഏറെക്കിഴക്കോട്ടു പോയാൽ പനിപിടിക്കു"മെന്നു പറയാറുള്ളതുപോലെ, വല്ലാതെ വലിച്ചുനീട്ടിയാൽ വലിക്കുന്നവനും വലിക്കപ്പെടുന്ന സാധനത്തിനും ഒരു "ഇതു" ഇല്ലാതായിപ്പോകും. പോരെങ്കിൽ, നടുക്കുവെച്ചോ, എടയ്ക്കുവെച്ചോ, പൊട്ടിപ്പോകാനും മതി. അതു് അപമാനമോ ആപത്തോ ആളുടെതരംപോലെ രണ്ടിലൊന്നാവും.

"വലിച്ചുനീട്ടലിസ"ത്തിനു ഉദാഹരണങ്ങൾ എടുത്തുകാണിക്കണമെന്നില്ല. ഒന്നാമതു, ഇതുതന്നെ അതാണ്. രണ്ടാമത്, അതിനുള്ള ഉദാഹരണം ഇയ്യിടത്തെ മിക്ക ഗദ്യപദ്യലേഖനവും! കല്യാണംകഴിക്കാൻ തിരക്കായിട്ടുണ്ടെങ്കിലും, ആ ദുർഭാഗ്യത്തിന്നോ സൽഭാഗ്യത്തിന്നോ സംഗതിയാവാതെ, കണ്ണും കരളും കയ്യും കാലും സദാപി വിറപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു യുവാവു ചിത്രീകരിക്കുന്ന—ചിലപ്പോൾ കല്യാണങ്ങൾ പലതും കഴിഞ്ഞിട്ടും ഒന്നും നല്ലോണമാവാത്ത ഒരു യുവകവി വരച്ചുകാട്ടുന്ന—മാർജ്ജാരമിഥുനങ്ങളുടെ സമാഗമവേളയിൽ നാട്ടുകാരെ മുഴവൻ വിഷമിപ്പിച്ചുകൊണ്ടും, കുട്ടികളെ ഒട്ടേറെ ഭയപ്പെടുത്തിക്കൊണ്ടും, മുഴക്കാറുള്ള കാമവികാരസ്ഫുരണ ശബ്ദങ്ങളുടെ പ്രതിധ്വനികളുടെ, അക്ഷരരൂപങ്ങളാണ ഇന്നത്തെ "കവിത"കളായി പത്രങ്ങളിൽ കാണപ്പെടുന്നവ മിക്കവാറും!! ഒരേ സ്വരം, ഒരേശബ്ദം, ഒരേപല്ലവി—എനിക്കെന്റെ പെണ്ണിനെ കിട്ടിയില്ല, എന്നുമാത്രം! അതൊന്നേ അവർക്കു പറയാനുള്ളൂ, പാടാനുള്ളൂ. പക്ഷേ അതിൽ അവർ ആ സംഗതി നേരെയങ്ങു രണ്ടുവരികൊണ്ടു പറഞ്ഞു കാരണവന്മാരുടെയല്ലെങ്കിൽ, നാട്ടുകാരുടെയെങ്കിലും, സഹായമഭ്യർത്ഥിക്കാതെ, അതിനുള്ളിൽ അതുമിതുമൊക്കെ കുത്തിത്തിരുകി, ദൈർഘ്യദീർഘിയങ്ങളെ മുഴുവൻ അടക്കീട്ടുണ്ടെന്നുനടിച്ച്, നിർഭാഗ്യവാന്മാരായ വായനക്കാരെ നട്ടംതിരിക്കുന്നു എന്നുമാത്രം! അവരുടെ ആ വലിച്ചുനീട്ടലിസത്തിനെ ഈ അരിച്ചുകുറുക്കലിസം (കമ്പ്രഷ്യൻ) പ്രയോഗിച്ചു ചുരുക്കുന്നപക്ഷം, "എനിക്കൊരു പെണ്ണുവേണം" എന്നൊരു ചെറുഗുളികയിലേയ്ക്കു എത്തുന്നതായിരിക്കും!

## II

ഇനിയുമുണ്ടൊരുതരം വലിച്ചുനീട്ടലിസം. അതു ഗദ്യ'സാഹിത്യ'ത്തിലാണ്. ആരോ എവിടെയോ എന്തിനോ പറഞ്ഞിട്ടുള്ളതായി കർണ്ണാകർണ്ണികയാ ധരിച്ചിട്ടുള്ള വല്ല സംഗതിയേയോ അഭിപ്രായത്തേയോ കേട്ടതുപാതി, കേൾക്കാത്തതുപാതി എന്നരീതിയിൽ, പൊടിപ്പൻപ്രബന്ധങ്ങളും പ്രസംഗങ്ങളും അതിൽ പല "ചൂഷണ"ങ്ങളും "കുതിരകയററങ്ങളും" "മർദ്ദനങ്ങളും" 'പിന്തിരിപ്പൻ,' "തുറുപ്പൻ"പണികളും, "കരിങ്കാലി" "കരിഞ്ചന്ത" 'സാമാനങ്ങളും!! വാക്കുകളുടെ അതിസാരവും ആശയങ്ങളുടെ അർശസ്സുമാണ് അവരുടെ സുഖക്കേട്. ഒന്നിനു ചികിത്സിച്ചാൽ മററു കോപിക്കയും ചെയ്യും. ചികിത്സയ്ക്കു അവരൊട്ടും വശംവദരുമല്ല! ആവക ലേഖനങ്ങളെയെല്ലാം അരിച്ചുകുറുക്കി ഒഴക്കാഴക്കാക്കിയാൽ, വെറുതെ കോരിയൊഴിച്ച വെള്ളമൊക്കെ ആവിയായിപ്പോയാൽ, ബാക്കി കിടക്കുന്നതു "പണിഎടുക്കാതെ പണംമുടക്കാതെ, അന്തസ്സിൽ കഴിയാനുള്ളതു കിട്ടണം" എന്നർത്ഥംവരുന്ന എന്തോ ഒരാശയം മാത്രമായിരിക്കും. കമ്പ്രഷ്യൻയന്ത്രം ഉപയോഗിക്കേണ്ട ഒരു രംഗമാണതും.

സാരാംശംകളയാതെ, ചമൽക്കാരം വെടിയാതെ, ഏററവും കുറഞ്ഞവാക്കുകളെക്കൊണ്ടു വളരെ വിപുലമായ അർത്ഥപ്രതീതിയും രസഭംഗിയും വരുത്തുക എന്നുള്ളതു അത്ര എളുപ്പമായ ഒരു സാധനയല്ല 'സാധന' എന്നുതന്നെവേണം പറയുവാൻ. ചിരകാലപരിശ്രമവും വിഷയത്തിന്റെ പരിപൂർണ്ണജ്ഞാനവും ഉപയോഗിക്കുന്നഭാഷയിൽ അപാരമായ സ്വാധീനശക്തിയും സർവ്വോപരി ഉചിതജ്ഞതയും ഉണ്ടായാൽമാത്രമേ ഈ "കമ്പ്രഷ്യൻ"ഏർപ്പാടു നടക്കുകയുള്ളൂ! മലയാളത്തിൽ പ്രായേണ കമ്പ്രഷ്യനിസത്തിന്നല്ലാ, വലിച്ചുനീട്ടലിസത്തിന്നാണ സാധാരണത്വം. വൃത്താനുവൃത്തതജ്ജ്ഞിമയ്ക്കു ശ്രമിച്ചിട്ടുള്ളവർ പറയും, സംസ്കൃതത്തിലെ ഒരു ശ്ലോകം ഓററശ്ലോകമായിത്തന്നെ അതേവൃത്തത്തിൽ പരിഭാഷപ്പെടുത്തുക എന്നതു എത്രയും ദുഷ്കരമായ പ്രവൃത്തിയാണെന്ന്. മലയാളഭാഷയ്ക്കുതന്നെ നീണ്ടുനീണ്ടുപോകാൻ സ്വായമായ ഒരു വാസനയുള്ളതുപോലെ തോന്നും. ദ്രാവിഡവൃത്തങ്ങൾക്കു പ്രത്യേകിച്ചും, ബന്ധദൈർഘ്യക്കുറവാണ് ഒരു ദോഷമുള്ളത്! ആ ദോഷം കാണാതിരിക്കണമെങ്കിൽ, ആ വൃത്തങ്ങളെക്കൊണ്ടു കാവ്യംചെയ്യുന്നവർ നല്ല വിദഗ്ദ്ധന്മാരും, ഭാഷാശാസ്ത്രസംഗീതസാരരഹസ്യങ്ങൾ സൂക്ഷ്മമായി ധരിച്ചിട്ടുള്ളവരും, സംഗീതത്തിനു കാതുള്ളവരുമായിരിക്കണം. ആവക യോഗ്യതകൾ ഒന്നും സ്പർശിച്ചിട്ടില്ലാത്തവരാണ മിക്കവാറും ഇന്നത്തെ കവിതക്കാർ എന്നതുകൊണ്ട്, ഇന്നത്തെ കവിതകളിൽ ബന്ധശൈഥില്യം മാത്രമല്ല, ആശയക്കുഴപ്പം മാത്രമല്ല, തനിവലിച്ചുനീട്ടലിസവും ധാരാളം കാണാവുന്നതാണ്. നടുക്കു തല്ലുകൊണ്ടു ചതഞ്ഞ ചേർപ്പാമ്പ് ഇഴയുന്നപോലെപോകും വരികൾ. ഉദാഹരണങ്ങൾ ഉദ്ധരിച്ച് ആ കവിവര്യന്മാരുടെ കല്ലേറുകൾക്കു ഉന്നമാകുവാൻ ഉദ്ദേശിക്കുന്നില്ല.

കമ്പ്രഷ്യനിസം എന്നു ഞാൻ സ്വീകരിച്ചിട്ടുള്ള നാമത്തിന്റെ പിന്നിൽ ഒരു ചരിത്രമുണ്ട്. ആ പേർ പലർക്കും പുത്തരിയായിരിക്കും. ചിലർക്കു കണ്ണുകടിയാരവുമായിരിക്കും. എന്നാൽ ഈയിടയിൽ മലയാളസാഹിത്യത്തിൽ ഇതുപോലെയുള്ള അനവധി "ഇസ"ങ്ങളെക്കുറിച്ചു നിരൂപണാചാര്യന്മാരും വിമർശകവിദഗ്ദ്ധന്മാരും വളരെ വളരെ എഴുതിക്കാണുന്നുണ്ട്! അവയെക്കുറിച്ച് അവർക്കു വല്ല അപക്വജ്ഞാനവും ഉണ്ടായേക്കാമെങ്കിലും, അവയെക്കുറിച്ചുള്ള ലേഖനങ്ങൾ വായിക്കുന്നവർക്ക് "കമ്പസ്യകമ്പ:" എന്നുതന്നെ പറയാൻ തോന്നാതിരിക്കയില്ല! നോവൽ, ചെറുകഥ, ഗീതകങ്ങൾ എന്നീ ഇനങ്ങളെക്കുറിച്ചുള്ള നിരൂപണങ്ങളിലാണിവക 'ഇസങ്ങൾ' ഇടകലർന്നും, തകിടംമറിഞ്ഞും പഴയ കുളങ്ങളിലെ പുതുവെള്ളത്തിലെ പേക്കാച്ചിത്തവളകളെപ്പോലെ കിടന്ന്, "കറോം മുറോം" എന്നു കലശൽ കൂട്ടുന്നതു്. സിംബോളിസം ഇമ്പ്രഷ്യനിസം, പേർഷനലിസം, റിയലിസം, റോമാൻററിലിസം, ഫ്രോയിഡലിസം, തലയ്ക്കുപിടിക്കലിസം, മനം പെരട്ടലിസം എന്നിപ്രകാരം എത്രയെത്ര ഇസങ്ങൾക്കാണിന്നു മലയാളസാഹിത്യത്തിൽ മിശ്രഭോജനമഹോത്സവത്തിൽ പന്തിപ്പായയിൽതന്നെ ചമ്രം പടിഞ്ഞിരിക്കാൻ സാധിച്ചിട്ടുള്ളതെന്നതിന്നു കണക്കില്ല. പലപ്പോഴും ആവക ഇസങ്ങളുടെ പ്രണേതാക്കളോ പ്രവാചകരോ പ്രചാരകരോ ആയി വർണ്ണിക്കപ്പെടുന്നവർ അട്ടപ്പംകല്ലതൊട്ടു സത്യംചെയ്യേക്കും, "ഭഗവാനേ ഞങ്ങൾ മനസാവാചാ കർമ്മണാ അപരാധികളാണേ" എന്ന്. എന്നാലും നമ്മുടെ സാഹിത്യാചാര്യന്മാർ അവരെ അങ്ങിനെ വിടില്ല. അവരുടെ വിനയത്തെക്കൂടി അവരുടേതാക്കിയ ഇസത്തോടു കൂടിച്ചേർത്ത് ഒരു "വിനയബോളിസ'ത്തിന്നുകൂടി അവരെ അവകാശിയാക്കിത്തീർക്കും! എന്തോ വിചാരിച്ച് എന്തോ പറയുന്നതിനെയോ, അഥവാ ഒന്നുംവിചാരിക്കാതെ ഓരോന്നു പറയുന്നതിനെയോ ആണ വലിയ 'സിംബോളിസ'മാതൃകകളാക്കി മലർത്തിക്കിടത്തി മരണവേദന അനുഭവിപ്പിക്കുന്നതു! വാരസ്യ ഊണുകഴിഞ്ഞു, പപ്പടവും പഴവുമുപ്പേരിയും രണ്ടാംമുണ്ടിൽ പൊതിഞ്ഞു കക്ഷത്തിൽവെച്ചു കുട്ടികൾ കിടന്നുറങ്ങുന്നതിനുമുമ്പ് അതുടയ്ക്കുവീട്ടിലെത്തിക്കുവാൻ വെമ്പുന്ന ഒരു വൃദ്ധൻ യാത്രാമദ്ധ്യേ തനിക്കു കടക്കവാനുണ്ടായിരുന്ന വള്ളക്കടവിലണഞ്ഞപ്പോൾ തോണി അക്കരയാണെന്നുകണ്ടു പരിഭ്രമിച്ചു വഞ്ചിക്കാരനെവിളിക്കുന്നു—"ഹേ! വഞ്ചിക്കാരാ! എന്നെ ഒന്ന് അക്കരെകടത്തിത്തരൂ ഞാൻ" എന്ന്. ഇതിനെ സംസാരസാഗരത്തിൽ കിടന്നു കാങ്ങി സഞ്ചിതപ്രാരാബ്ധആഗാമികർമ്മങ്ങളാകുന്ന പപ്പടംപഴമുപ്പേരികളെ പൊതിഞ്ഞു കെട്ടിയെടുത്തിട്ടുള്ള മുമുക്ഷു അതിനെ വലിച്ചെറിഞ്ഞു മോക്ഷപദത്തിലെത്താൻ തിരക്കുകൂട്ടുന്നു; ജീവാത്മാവു പരമാത്മാവിനെ, സംസാരസാഗരം കടത്തിവിടുവാൻ വിളിക്കുന്നു; എന്നിങ്ങനെയൊക്കെ വ്യാഖ്യാനിച്ചേക്കും!! സിംബോളിസത്തിന്റെ പരിശുദ്ധരൂപംതന്നെ ഇന്ത്യയിൽ ആണ് ഇടംപ്രഥമമായുണ്ടായിട്ടുള്ളത്. ആധുനികകവിശ്രേഷ്ഠന്മാരിൽ ശ്രീ. രവീന്ദ്രനാഥതാനും അതിന്റെ ഋഷിവര്യൻ. സിംബോളിസമാണ ഹൈന്ദവസാഹിത്യത്തിന്റെ അടിത്തട്ടു തന്നെയും.

"ഇമ്പ്രഷ്യനിസന"ത്തെ, "വായയ്ക്കുതോന്നിയതു കോതയ്ക്കു പാട്ട്" എന്നോ, താന്തോന്നിപ്പാട്ടെന്നോ പറഞ്ഞാൽതന്നെ വലിയ തെററില്ല. ഏതെങ്കിലും ഒരു കാഴ്ചയോ സംഭവമോ, ഓരോരുത്തരിൽ ജനിപ്പിക്കുന്ന സ്പന്ദനങ്ങൾ ഓരോവിധമായിരിക്കയാൽ ഒരാൾക്കുണ്ടാവുന്ന അഭിപ്രായമാവില്ല മററൊരാൾക്കുണ്ടാവുക. "ഇമ്പ്രഷ്യൻ" വ്യത്യാസപ്പെട്ടുകൊണ്ടിരിക്കയാൽ "ഇമ്പ്രഷ്യനിസത്തെ" മേൽപ്രകാരം വ്യാഖ്യാനിച്ചുപോയതാണ്. ഈവക ഇസങ്ങളിൽ ചേർന്നില്ലൂട്ടെ എന്റെ "കമ്പ്രഷ്യനിസവും" എന്നു വിചാരിച്ചാണീ നാമകരണം ചെയ്തതു്. ആചാര്യപരിഷകൾ സമ്മതിക്കില്ലായിരിക്കും, കൂട്ടത്തിൽ കൂടാനും, പന്തിഭോജനത്തിനും. എന്നാൽ, എല്ലാവർക്കും എവിടെയും കയറുകയും ആർക്കും ആരെപ്പററിയും എന്തും പറയുകയും ചെയ്യാവുന്ന ഇക്കാലത്ത്, ആചാര്യദക്ഷിണ കഴിച്ചു വാളും ക്രായും വാങ്ങിപ്പിച്ചശേഷം എന്റെ കമ്പ്രഷ്യനിസത്തെ സാഹിത്യസദസ്സിലേക്കു പറഞ്ഞയയ്ക്കണമെന്ന് ഞാൻ വിചാരിക്കുന്നില്ല. അകത്തു കടത്തിയാലും, പുറത്തു നിറുത്തിയാലും, ഇന്നത്തെ "വലിച്ചുനീട്ടലിസ"ത്തിന്റെ അക്രമത്തിൽനിന്നു രക്ഷപ്പെടണമെങ്കിൽ ഈ "അരച്ചുകുറുക്കലിസ"മായ "കമ്പ്രഷ്യനിസം"തന്നെ വേണം. അതുകൊണ്ടു ഇന്നല്ലെങ്കിൽ നാളെ കമ്പ്രഷ്യനിസവും ഇമ്പ്രഷ്യനിസത്തിന്റെ കൂട്ടുകാരനായിത്തീരാതിരിക്കയില്ല. കമ്പ്രഷ്യനിസം കീ. ജേ. ജയ്ഹിന്ദ്.

ചെറുകഥ

# "കടയടപ്പ്, കച്ചവടം!"

പുളിമൂട്ടിൽ, എസ്. ശങ്കരനാരായണൻ ബി. എ.

'എന്താ പാച്ചുപിള്ളസാറേ?—എന്താ എന്താ?—'' വിറകുകീറിക്കൊണ്ടുനിന്ന മാത്തനാശാൻ, വെടിയേറ്റോ, കൊന്നെന്നോ ശബ്ദംകേട്ട് അമ്പരന്നു കോടാലി വലിച്ചെറിഞ്ഞിട്ടു കയ്യാലയ്ക്കൽവന്നു എത്തിനോക്കിക്കൊണ്ടു ചോദ്യമായി.

"ഗാന്ധിജിയെ ആരോ വെടിവച്ചു കൊന്നുകളഞ്ഞു, ആശാനേ!—'' സകല തരക്കാരും കൂടിയ ഒരു മനുഷ്യസംഘത്തിന്റെ മദ്ധ്യേനിന്നും, കിളരത്തിലും, വയസ്സിലും, അറിവിലും മുമ്പനായ പാച്ചുപിള്ള വിളിച്ചുപറഞ്ഞു. അയാളുടെ സ്വരത്തിൽ വ്യസനവും, അത്ഭുതവും പുറമേ ആ ഭയങ്കരവാർത്ത അവിടെ ആദ്യമായി അറിയിക്കുന്നതിലുള്ള അഭിമാനവും കലർന്നു മുഴങ്ങിയിരുന്നു.

"വെടിവച്ചു കൊന്നുകളഞ്ഞു!—മിണ്ടാതിരിക്കണം, അമ്മാവാ!—അമ്മാവനു ആളുമാറിപ്പോയി!—'' അങ്ങനൊരു സംഭവം ഒരിക്കലും നടക്കുകയില്ല, നടക്കാൻ സാദ്ധ്യമല്ല എന്ന മട്ടിൽ ചെറുപ്പക്കാരനായ ഒരു ഖദർപ്രേമി മാത്തനാശാന്റെ എതിരേയുള്ള കയ്യാലയ്ക്കൽനിന്നും ഒരവിശ്വാസപ്രമേയം പ്രകടിപ്പിച്ചു.

"ആളൊന്നും മാറീട്ടില്ല, കുഞ്ഞേ. ഇന്നത്തെ റേഡിയോ കുഞ്ഞു കേട്ടില്ല. നെഹ്റുജി കണ്ണുനീരിൽക്കൂടി പ്രക്ഷേപണം ചെയ്തിരിക്കുന്നു, പ്രാർത്ഥനായോഗത്തിലേക്കു പോയ മഹാത്മജിയെ ഒരുവൻ വെടിവച്ചു കൊന്നിരിക്കുന്നുവെന്ന്. ഇന്നു ൪-൩൦-ന് ആ അസംഭവ്യസംഭവം സംഭവിച്ചിരിക്കുന്നു! ലോകം പുരോഗമിച്ചുപുരോഗമിച്ച് നാശഗർത്തത്തിന്റെ വക്കിലാണ് എത്തിച്ചേർന്നിരിക്കുന്നതെന്നു തെളിയിക്കാൻ ഇതിൽ കൂടിയ ഒരു സംഭവം എന്തുവേണം, കുഞ്ഞേ!—ഇതിൽ കൂടുതൽ ഇനി എന്തു സംഭവിക്കാൻ! ഒന്നുമില്ല:—ഒന്നുമില്ല!—'' പാച്ചുപിള്ള സ്വതസ്സിദ്ധമായ വാചാലതയോടെ ആ ദുഃഖവാർത്ത ദുഃഖസമ്പൂർണ്ണമായിത്തന്നെ വിസ്തരിച്ചു പ്രസ്താവിക്കാൻ തുടങ്ങി. കണ്ണും വായും മലക്കെ തുറന്നവരായി, നിശ്ചലരായി നിസ്തബ്ധരായി നിന്നുപോയി സകലരും!

നിസ്തബ്ധത അല്പാല്പമായി ഭേദിക്കപ്പെട്ടു. ആരാണ്? എന്തിനാണ്? എപ്പോഴാണ്? ഹിന്ദുവാണോ? മുസ്ലീമാണോ? ക്രിസ്ത്യാനിയാണോ? എന്നു പല വിധത്തിലും സ്വരത്തിലുമുള്ള ചോദ്യങ്ങൾ പാച്ചുപിള്ളയുടെ നേർക്കു തേരാട്ട കുമിഞ്ഞുവീണു. പാച്ചുപിള്ള ഉടനടൻ അതിനൊക്കെ ഉത്തരവും കൊടുത്തു.

കയ്യാലയ്ക്കൽ പിടിച്ചപിടി അയയ്ക്കാതെ നിന്നുപോയിരിക്കുകയാണ് മാത്തനാശാൻ. യാതൊന്നും അയാൾ മിണ്ടിയില്ല. മിണ്ടുവാനുള്ള ശക്തിയുടെ തലപ്പ് ആ ഭയങ്കരവാർത്തയുടെ ആഘാതമേറ്റ് കരിഞ്ഞുപോയാലും, എന്തു മിണ്ടണമെന്നോ, എങ്ങനെ മിണ്ടണമെന്നോ എന്നറിയാൻ പാടില്ലാതെ ബുദ്ധിയുടെ ബാലൻസ് അങ്ങു പതറിപ്പോയാലും ആ മൂകത മനുഷ്യർക്കു വരാവുന്നതാണല്ലോ!—

വാസ്തവത്തിൽ, മാത്തനാശാനും വ്യസനിക്കുന്നുണ്ട്. അത്യത്ഭുതമെന്നും അതിഭയങ്കരമെന്നും അവിശ്വസനീയമെന്നും, അയാളും ഓർക്കുന്നുണ്ട്. ഭാരതസ്വാതന്ത്ര്യത്തിന്റെ ശില്പിപൊയ്പോയെന്നും, സ്നേഹംകൊണ്ടു സാമ്രാജ്യം ജയിച്ച അമാനുഷികൻ അന്തരിച്ചുപോയെന്നും, സ്നേഹത്തിനും സാഹോദര്യത്തിനുംവേണ്ടി ജനിച്ച രണ്ടാംക്രിസ്തു ക്രൂശിക്കപ്പെട്ടെന്നുമെല്ലാം ആ കൂട്ടത്തിൽ നടക്കുന്ന സംഭാഷണങ്ങൾ അയാളിലും രോമാഞ്ചവും, കണ്ണുനീരും കിടുകിടുപ്പും ജനിപ്പിക്കുന്നുണ്ട്!

പക്ഷെ, ഇങ്ങനെയുള്ള അത്യാഹിതങ്ങളെപ്പറ്റി കേൾക്കുമ്പോൾ, സാധാരണ മാത്തനാശാന്റെ മനസ്സിൽ ആ ദാരുണവാർത്ത പ്രതിധ്വനിക്കുന്നത് 'കടയടപ്പ്' എന്ന പഞ്ചാക്ഷരങ്ങളിലൂടെയാണ്. അതേ പഞ്ചാക്ഷരങ്ങളിലൂടെയുള്ള ഒരു അതിശക്തമായ ധ്വനിതന്നെയായിരുന്നു ഇപ്പോഴും എല്ലാററിനും ഉച്ചത്തിൽ അയാളുടെ മനസ്സിൽ മുഴങ്ങിയതെന്നു പറഞ്ഞാൽ, മാത്തനാശാനെ അറിയുന്നവരാരും അത്ഭുതപ്പെടുകയില്ല!

മാത്തനാശാൻ കയ്യാലയ്ക്കൽനിന്നും തിരിഞ്ഞുനടന്നു. 'താറായേ!—' എന്നൊരു വിളിയോടെ, കടയുടെ പിൻവശത്തിരുന്നു ഉഴുന്നിന്റെ തൊലികളഞ്ഞുകൊണ്ടിരുന്ന സ്വഭാര്യയുടെ സവിധത്തിലെത്തി.

'സാറാ' എന്നതിനാണ് മാത്തനാശാൻ 'താറാ' എന്നു വിളിക്കുന്നത്. അയൽക്കാരെല്ലാം അവരെ 'താറാചേട്ടത്തി' എന്നു വിളിക്കും. മുട്ടുമ്പോൾ രണ്ടുതുട്ടു കടംമേടിക്കാനും, കുഞ്ഞുങ്ങളുടെ ദീനം നിർണ്ണയിക്കാനും, മറെറന്തെങ്കിലും വിഷമപ്രശ്നങ്ങൾ വരുമ്പോൾ ഒരു പോംവഴി കണ്ടുപിടിക്കാനും അയൽപക്കത്തെ സ്ത്രീകളും വൃദ്ധന്മാരും പെട്ടെന്നോടിച്ചെല്ലുന്നതു താറാചേട്ടത്തിയുടെ അടുക്കലേക്കാണ്. സ്ത്രീകളുടേയും വൃദ്ധന്മാരുടേയും ഇടയിൽ താറാചേട്ടത്തിക്കങ്ങനെ നല്ലൊരു സ്ഥാനം അന്നാട്ടിലുണ്ട്.

"ഓ; എന്തോന്നാ മക്കളെ! ഇങ്ങനൊക്കെ വല്ലതും ചെയ്തുകൊടുക്കുന്നതേയുള്ള ജീവിതത്തിലൊരുമിച്ചും. ഉണ്ണാതേയും ഉടുക്കാതേയും സമ്പാദിച്ചുകൂട്ടിയാലും, ചക്രമല്ലേ?—ഒരുത്തരുടെകയ്യിലും ഓച്ചുനില്ക്കുകില്ല. പിന്നെ, എന്താണു പറഞ്ഞാൽ, നാമിങ്ങനെ വല്ലതുമൊക്കെ പാങ്ങിനൊത്തൊരു സഹായം ചെയ്തുകൊടുത്താൽ, നമ്മുടെ പിള്ളരും കൈനീട്ടിക്കൊണ്ടു പോകുമ്പോൾ വല്ലവരും വല്ലതും കൊടുക്കും. അല്ലാതെ ഇതിനൊക്കെ ഒരു വിലപേശാനുണ്ടോ മോളേ?'. കുഞ്ഞുങ്ങൾക്കു സുഖക്കേടുവരുമ്പോൾ അല്പം ആവണക്കെണ്ണയോ മററോ കൊടുക്കുന്നതിനു പ്രതിഫലം നൽകുന്ന സ്ത്രീകളോടു താറാചേട്ടത്തിചെയ്യുന്ന പ്രസിദ്ധമായ വേദാന്തോപദേശമാണിതു്—

കൈയിൽ തങ്ങിയ ഉഴുന്നുതൊലി കളയാൻഭാവിച്ചപ്പോഴാണ് ഭർത്താവിന്റെ വിളി കേട്ടതു്. വിളിയുടെ അത്ഭുതചിഹ്നം അവളുടെ മനസ്സിൽ ഒരു വരവരച്ചു കുത്തി. ഉഴുന്നുതൊലി പിടിച്ചിരുന്നപാടേ അവർ ചോദിച്ചു:

"എന്താ, വിറകുകീറിക്കൊണ്ടിരുന്ന ആൾ ഇട്ടിട്ടോടിയേ?—''

"ഇസ്കൂലിക്കു ഇന്നു് ഉഴുന്നെത്രയിട്ടു?—'

"എന്നത്തേയുംപോലെ മൂന്നാഴി.''

"പോരാ. ഇടങ്ങഴികൂടെ എടുത്തിട്ട്.''

"ഇടങ്ങഴി? എന്റപ്പാ!—''

"ഇടങ്ങഴിതന്നെ മതിയോന്നാ എന്റെ സംശയം.''

"കാര്യമെന്താന്നു പറയില്ല?—''

"നാളെ കടയടപ്പാടീ.''

"അയ്യോ! ആരു മരിച്ചു?—''

"ഗാന്ധിജി.''

"ഗാന്ധിജി! കർത്താവേ! ഇതെങ്ങനെ മരിച്ചു?—''

"ആരാണ്ടോ വെടിവച്ചെടീ! ചെകുത്താന്മാർ!—''

"വെടിവച്ചു! ഹെന്റെ ദൈവംതമ്പുരാനേ!—'' ഉഴുന്നുതൊലി കൈയിലുണ്ടെന്നുപോലും ഓർക്കാതെ സാറാമ്മ കൈവലിച്ചു നെഞ്ചത്തുചേർത്തു. തൊലിയും വെള്ളവും നെഞ്ചിലെ കവചത്തിനുള്ളിലും മീതേയുംകൂടി ഒഴുകിയിറങ്ങി. അതിന്റെകൂടെ കുടുകുടെ അടർന്നുവീണ കണ്ണുനീരും!—

"കരയുന്നതു പിന്നാട്ടെ. ഇടങ്ങഴി ഉഴുന്നുകൂടി എടുത്തിടു്. അതിനി കുതിർന്നു തൊലി പോക്കി ആട്ടിവരുമ്പോഴത്തേക്ക്.....!'' ഭാര്യ തന്നെ ശ്രദ്ധിക്കാതിരുന്നു കണ്ണുനീരുപൊഴിക്കുന്നതുകണ്ടു് മാത്തനാശാൻ പല്ലുകടിച്ചുകൊണ്ടു തുടർന്നു: ഇതിനിത്ര കരയാനും പിഴിയാനും എന്തിരിക്കുന്നെടീ?—കർത്താവിനെത്തന്നെ അവരു ക്രൂശിൽ തറച്ചില്ലേ? മററുള്ളവർക്കുവേണ്ടി ജീവിക്കാനും മററുള്ളവരുടെപാപം ചുമക്കാനും ആയി ജനിക്കുന്നവർക്കൊക്കെ പറഞ്ഞിട്ടുള്ളതാ!—അതിലവർക്കൊരു ഖേദവുമില്ല. നീ ഇടങ്ങഴി ഉഴുന്നുകൂടി എടുത്തിട്. വെക്കമാകട്ടെ.''

"നാളത്തേയ്ക്കു് ഒന്നുംവേണ്ട. ഈ ഉഴുന്നുകൂടി ഞാനെടുത്തു ഉണക്കാനിടട്ടെ. എന്റെ കൈ ഒന്നിനും ഓടുന്നില്ല!—വെടികൊണ്ടു് എന്തു രക്തമായിരിക്കും, കർത്താവേ!—ആ പുണ്യവാളന്റെ ദേഹത്തുനിന്നും തറയിൽ ചിന്തിയിരിക്കുന്നതു്!—'' സാറാമ്മയുടെ ശരീരം ഒരു വിറയലോടെ കോരിത്തരിക്കുന്നതു മാത്തനാശാൻ സ്പഷ്ടമായിക്കണ്ടു. അയാൾക്കതു സഹിച്ചില്ല:

"ഇടങ്ങഴി ഉഴുന്നുകൂടി എടുത്തിടുന്നോ, നീ വലിയവർത്തമാനം കാണിക്കാതെ.''

"വേണ്ടെന്നു പറഞ്ഞില്ലേ? നാളത്തേയ്ക്കു് ഒന്നുംവേണ്ട! ഒന്നാമതു് എന്റെ കൈ ഒന്നിനും ഓടുന്നില്ല. പിന്നെ നാളെ ഇവിടാരും വരുകേമില്ല.''

"ആളുകൂടുന്നതു ഞാൻ കാണിച്ചുതരാട്ടോ, ഇവിടെ? പെരുന്നാളിനു കൂടുന്നമാതിരി!—''

"പിന്നെ! പിന്നെ—കൊണ്ടുകൊടുത്താലും കുടിക്കാൻതോന്നാത്ത ഈ അവസരത്തിൽ?''

"എടീ, എല്ലാരും പിന്നെ പട്ടിണികിടക്കുമോ?—ഇതെന്തുപ്രാന്തു്?—

"അമ്മാവിഅപ്പൻ മരിച്ചന്നു് നിങ്ങളു വല്ലതുംകഴിച്ചോ? എന്റെ അപ്പൂപ്പൻ മരിച്ചന്നു് ഞാനൊന്നുംകഴിച്ചില്ലേ? വല്ലതും കഴിക്കാൻതോന്നീട്ടുവേണ്ടേ പിന്നെ കഴിക്കാൻ? ചോരക്കളത്തിൽ ചുരുണ്ടുകൂടിക്കിടക്കുന്ന ആ പുണ്യവാളന്റെ ദേഹം കണ്ണിൽ കിടന്നുകളിക്കുമ്പോൾ ഒരു പറെറങ്ങനെയിറങ്ങും?—''

"കൊള്ളാം! നമ്മളും ഇപ്പോൾ പട്ടിണി കിടക്കണമെന്നു നീ പറഞ്ഞേക്കുവാണോ?—ആട്ടെ, ഞാൻ വേണേ പട്ടിണി കിടക്കാം. എന്നാലും ഇവിടെവരുന്നവരെ ഒരിക്കലും പട്ടിണിയിടാ. നമുക്കു ചക്രംകിട്ടുന്നതല്ല, കാര്യം. അവർക്കൊരു ഉപകാരംകൂടാ! നാളെ ഇവിടെങ്ങും മരുന്നിനൊരുകട തുറക്കുകയില്ല. വയറുകായുന്നവരൊക്കെ ഇങ്ങോട്ടുവലിഞ്ഞുകയറും. അവർക്കെന്തെങ്കിലും കൊടുത്തില്ലെങ്കിൽ കടതന്നവർ വലിച്ചുപൊളിക്കും. അവർക്കതുപതിവാ!—''

ആ പതിവെന്തിനുവെക്കാമോയ്? ഉച്ചകഴിഞ്ഞുള്ള ഞായറാഴ്ച കച്ചവടംതന്നെവേണ്ട, വേണ്ടെന്നു എത്രതവണ ഞാൻ പറഞ്ഞിട്ടില്ല? ഒന്നും കേൾക്കണ്ട. ഈ ദൈവകോപമൊക്കെ വന്നുവീണു്, എന്നാണെന്നറിഞ്ഞില്ല!...'' സാറാമ്മ അതു പൂരിപ്പിച്ചില്ല. ഭർത്താവിനെ ശപിക്കുന്നതു് തന്നെത്തന്നെ ശപിക്കുന്നതിനുതുല്യമാണെന്നു ആ കുടുംബിനിയോർത്തു.

മാത്തനാശാനു കോപംവന്നില്ല. കോപം വന്നാലും സാറാമ്മയോടെടുക്കുകയില്ലെന്നയാൾക്കറിയാം. കരുപ്പട്ടിക്കാപ്പിയും പുട്ടും വിറകു് ദിനംപ്രതിഅദ്ധ്വാനിച്ചുകൊണ്ടിരുന്ന കാപ്പിക്കട സാറാമ്മയുടെ വരവോടുകൂടിയാണ് തഴയ്ക്കാൻ തുടങ്ങിയതും, ഇന്നു് മാത്തനാശാന്റെ ചായക്കടയെന്നുവെച്ചാൽ അജയ്യമായി ആ ഭാഗത്തു നിലകൊള്ളുന്നതും! പക്ഷെ ഇങ്ങനെയുള്ള അവസരങ്ങളിൽ ഭാര്യയെ സംതൃപ്തിപ്പെടുത്തേണ്ടതും, ഉദ്ദേശിക്കുന്നവഴിയിൽ ഉത്തേജിപ്പിക്കേണ്ടതും എങ്ങനെയാണെന്നു് വിവാഹം കഴിഞ്ഞു് ഈ ൨൫ വർഷത്തിൽ അയാൾക്കു നല്ല നിശ്ചയമുണ്ടായിരുന്നു! അയാളൊരു പ്രത്യേകസ്വരത്തിലാരംഭിച്ചു.

"നാമെന്താ, താറാ, വല്ലോരുടേയും മുതലു പിടിച്ചുപറിക്കുന്നോ?—അതോ വഞ്ചിച്ചെടുക്കുന്നോ, ദൈവകോപമുണ്ടാകാൻ?—കാശിട്ടുപ്രയത്നിച്ചു കാശെടുക്കുന്നു. പിന്നെ വ്യസനവും ഭക്തിയുമൊക്കെ മനസ്സിലിരിക്കേണ്ടതാ. പുറത്തു കാട്ടിയിട്ടെന്തായി? ഉച്ചയെരിഞ്ഞുള്ള ഈ ഞായറാഴ്ച കച്ചവടംതന്നെ, ഇന്നലെയും ഇന്നുമാണോ നാം തുടങ്ങിയതു്. അതുതന്നെ ഒരു പതിവായിപ്പോയില്ലേ? അതുകൊണ്ടു എന്തു ദോഷമാ നമുക്കിതുവരെ പററിയതു്? ഒന്നും പററിയില്ല. പററുകയുമില്ല!—''

'അങ്ങനെയങ്ങു വിശ്വസിച്ചുകൊണ്ടാൽ മതി! പലനാൾകള്ളൻ ഒരുനാൾവീഴുമെന്നാ—! അല്ലെങ്കിൽതന്നെ, കട്ടും മോട്ടിച്ചും കെട്ടിപ്പൊക്കുന്ന കൊട്ടാരത്തിനു് അടിവാനം തോണ്ടുമ്പോഴേ ഉപദ്രവമെന്തിനാ? കെട്ടിതീരുമ്പോൾ ഒരു ഇടിയങ്ങുചാഞ്ഞാൽപോരേ?—''

"ഛീ!—നിർത്തെടീ കരുനാക്കി!—'' മാത്തനാശാന്റെ ക്ഷമയങ്ങസ്തമിച്ചു, "ഇടിവീഴുന്നതു് നിന്റെയുംകൂടെ കൊട്ടാരത്തിനുമുകളിലാ!''

"അല്ലെന്നാരുപറഞ്ഞു?—'' ഒരു കുലുക്കവുംകൂടാതെ സാറാമ്മ തുടർന്നു, "നിങ്ങളുടേയും, എന്റേയും കൂട്ടത്തിലായി കുട്ടികളുടേയും! നമ്മളിപ്പോഴങ്ങുപോകും. പിന്നെ കുട്ടികളാണു കിടന്നു കൈയും കാലും അടിയ്ക്കാൻ പോകുന്നതു്.''

താണുകൊണ്ടിരുന്ന മാത്തനാശാനു് പെട്ടെന്നു് രക്ഷപെടാനൊരു പഴുതികിട്ടി. അയാൾ ഉൽസാഹസ്വരലതയോടെ പ്രസ്താവിച്ചു.

"ങ് ഹാ!—കുട്ടികൾകിടന്നു കൈയും കാലുമടിക്കരുതു്! അതിനും ഈ നടപ്പുനോക്കി കിടന്നു പണിഎടുക്കുന്നതെന്നു വിചാരിച്ചോ? അല്ലാതെ എനിക്കു്, മരിക്കുമ്പോൾ പെട്ടിയിൽ വച്ചുണ്ടുകൊണ്ടുപോനല്ല!—ബേബിയെതന്നെ ഇതുവരെ പഠിപ്പിച്ചതെങ്ങനായിരുന്നു? എവിടുന്നുണ്ടായി അതിനുവേണ്ട പണമൊക്കെ? നിന്റെ വീട്ടീന്നു് ആരെങ്കിലും കൊണ്ടുതന്നോ? അതോ, എന്റെ അപ്പൂപ്പൻ എനിക്കു സമ്പാദിച്ചുവച്ചിട്ടുപോയോ?—ഇങ്ങനെ ഒളിച്ചും പാത്തും മാനവും മര്യാദയും വിററു അവനെ ഇതുവരെ എത്തിച്ചതു്. ഇനിയും ഉണ്ടു് കൊല്ലം രണ്ടു്. ഇതുവരെ ചെലവാക്കിയതിന്റെ ഇരട്ടിവേണം ഇനി. എവിടുന്നുവരും? മരംകുലുക്കിയായിരിക്കും ഉണ്ടാക്കാൻ പോകുന്നതു്?—''

സാറാമ്മ മൌനംദീക്ഷിച്ചു. മാത്തനാശാന്റെ ആ പ്രയോഗം സാറാമ്മയുടെ മർമ്മത്തു തന്നെയേററു. മകൻ പഠിച്ചുനന്നായിവരുന്ന കാര്യത്തിനാണെങ്കിൽ ആ തള്ള ചില കുററങ്ങളും കുറവുകളുമൊക്കെ ചെയ്തുകൊണ്ടും അവരുടെ നിലയ്ക്കു് ഒരു മകൻ കാളേജിൽ പഠിക്കുകയെന്നുവെച്ചാൽ വാസ്തവത്തിൽ അവർക്കു വിചാരിക്കാൻകൂടി വയ്യാത്തതാണ്! ഭർത്താവോടു് അധികം കടന്നു സംസാരിക്കാതിരിക്കാനും, തന്റെ അഭിപ്രായങ്ങൾക്കു അഭിനിവേശങ്ങൾക്കും വിപരീതമായി ഭർത്താവിന്റെ ഇച്ഛയ്ക്കു



1949 യുണൈറ്റഡ്സ്റ്റേറ്റ്സിൽ കൂടുതൽ പുതിയ പാർപ്പിടങ്ങൾ നിർമ്മിച്ചിട്ടുള്ളതായി ഗവ: ഭവനനിർമ്മാണാധികൃതരിൽനിന്നറിയുന്നു. 1949-ൽ ആദ്യ പതിനൊന്നുമാസങ്ങളിൽ 937100 പാർപ്പിടങ്ങൾക്കുള്ള പണിയാരംഭിച്ചു. പന്ത്രണ്ടാമത്തെ മാസത്തിൽ പത്തുലക്ഷത്തോളം പാർപ്പിടങ്ങളുടെ നിർമ്മാണംതന്നെ നടന്നു. സ്റ്റൈവെസെൻറനഗരത്തിന്റെയും പീററർക്കൂപ്പർഗ്രാമത്തിന്റെയും ഒരു വിഹഗവീക്ഷണമാണ് ചിത്രം. ഇവരണ്ടും ന്യൂയാർക്ക്സിററിയിൽ 1949-ൽതന്നെ പൂർത്തിയാക്കപ്പെട്ടു. പശ്ചാത്തലത്തിൽ ഈസ്റ്റ്റിവർ എന്ന നദിയും ഇടത്തേകോണിൽ വലിയ പൊക്കമുള്ള എമ്പയർ സ്റ്റേററ്ബിൽഡിംഗും കാണാം.

വഴങ്ങി ഒതുങ്ങി ഞായറാഴ്ച കച്ചവടവും, കടയടപ്പു കച്ചവടവും മററും നടത്താനും ആ മാതാവിനു നൽകിയ പ്രോത്സാഹനം ഇതൊന്നുമാത്രമായിരുന്നു; മകന്റെ പഠിത്തം!

സാറാമ്മയുടെ കൈ അറിയാതെ ഉഴുന്നു ഞെരുടുന്ന കൃത്യത്തിൽ ഏർപ്പെട്ടുകൊണ്ടിരുന്നു. മാത്തനാശാൻ ഒരു വിജയഭാവത്തോടെ തുടർന്നു:

"ഇടങ്ങഴി ഉഴുന്നുകൂടെ പെട്ടെന്നെടുത്തിട്ട് ഈമാസം അവനയച്ചുകൊടുക്കാൻ ഒന്നിതുവരെയുണ്ടായിട്ടില്ല. കിട്ടുന്ന അവസരം നാം പാഴാക്കരുത്. ഇങ്ങനെയൊക്കെയുള്ള കച്ചവടങ്ങളിലേ വല്ലതും കിട്ടുകയും ചെയ്യൂ. മററുദിവസങ്ങളെല്ലാമാണ് യഥാർത്ഥത്തിൽ നമുക്കു ഞായറാഴ്ചകളും കടയടപ്പുദിവസങ്ങളും!— പിന്നെ പാപം പുണ്യം. അതു കടന്നടങ്ങുന്നവരെക്കാൾ കടയിൽ വന്നു പറയുന്നവർക്കാണ്. ആരും വന്നില്ലെങ്കിൽ നാം കടന്നടങ്ങുമോ?"

"ഇങ്ങിനെയൊരു പതിവിവിടെ വെയ്ക്കാൻ പോയിട്ടല്ലല്ലോ ഈ പാട്! വിലക്കപ്പെട്ട നേരത്തൊക്കെ നാം ഈ പുറംകച്ചവടം നടത്താനും, അതിലേക്ക് ആളുകളെ തിക്കിത്തിരക്കിക്കൂട്ടാനും, നമ്മുടെ പാപത്തിൽ പങ്ക് അവർക്കുകൂടി പകുത്തുകൊടുക്കാനും...! എന്തു മഹാപാതകങ്ങളാണ് ഇതൊക്കെ, എന്റെ കർത്താവേ! എനിക്കൊന്നും അറിഞ്ഞുകൂടാ! നാലുപേരൊത്തുപോയെങ്കിൽ ഒരു മനഃപ്പാടുമില്ലാതെ കഴിയാമായിരുന്നു!— "കല്ലിൽ വാരിയ ഉഴുന്ന്", വെറുപ്പും നൈരാശ്യവും ദ്യോതിപ്പിക്കുന്ന മട്ടിൽ ശക്തിയായി നാലഞ്ചുതവണ പാത്രത്തിൽ കുടഞ്ഞിട്ടിട്ട് സാറാമ്മ എഴുന്നേററു നടന്നു. അന്യോന്യവിരുദ്ധങ്ങളായ രണ്ടു ഭാവവിശേഷങ്ങളുടെ വടംവലിയിൽപെട്ട് ആ മാതൃഹൃദയം തകരുകയായിരുന്നു. പാടില്ലാത്തതാണ് ചെയ്യാൻ പോകുന്നതെന്ന് ശക്തിയായ അന്തർനിർദ്ദേശം ഒരുവശത്തോട്ടു പിടിക്കവേ, മകന്റെ വിചാരങ്ങളിളക്കിവിട്ട ഭർത്താവിന്റെ വാക്കുകൾ മറുവശത്തേക്കും! നെഞ്ചു പിളർന്നു വീഴുന്നതുപോലെ അവർക്കു തോന്നി. ആ വേദനയിൽ ഭർത്താവിനെ മാത്രമല്ല, മകനെത്തന്നെയും ഒരു നിമിഷം അവർ ശപിച്ചു!—

സാറാമ്മ ഉഴുന്നുമായി വന്നു: "ഈ ചട്ടന്നു മുഴുക്കെ അതുപോലെ നാളെ അലമാരിയിൽ ശേഷിച്ചില്ലെങ്കിൽ, എന്നെ പട്ടിയെ വിളിക്കുംപോലെ വിളിച്ചോളണം!—"

"നോക്കിക്കളയാം, താറേ!—നാളെ പത്തുമണിക്കുശേഷം ഇതിൽ ഒന്നെങ്കിലും ശേഷിയ്ക്കുകയാണെങ്കിൽ മററന്നാൾമുതൽ ഞാൻ കട പൂട്ടിയിട്ടു കാണിച്ചുതരാം. പോരേ!—"

ഭർത്താവു പറഞ്ഞതെന്താണെന്നു ശ്രദ്ധിയ്ക്കാൻനില്ലാതെ സാറാമ്മ ഉഴുന്ന് ഉടയ്ക്കുവാനായിപ്പോയി. മാത്തനാശാൻ തിരിഞ്ഞു വിറകുകീറാനും.

* * *

നേരം അർദ്ധരാത്രിയായി. സാറാമ്മ തനിച്ചിരുന്നു ആട്ടുകയാണ്. അവർ ആട്ടുന്നതുപോലെ മനസ്സാക്ഷി അവരെയും ഇട്ടങ്ങനെ ആട്ടിക്കൊണ്ടിരുന്നു. ആ മാവും മനസ്സും ഒന്നിച്ചങ്ങനെ അരയുകയാണ്.

മാത്തനാശാൻ കടയ്ക്കുള്ളിലൊരു ബഞ്ചിൽ മൂടിപ്പുതച്ചു കിടക്കുന്നു; അടുത്ത പ്രഭാതത്തിൽ നടക്കാൻപോകുന്ന കച്ചവടത്തെപ്പററി സുഖസ്വപ്നം കണ്ടുകൊണ്ട്!

സാറാമ്മ ആട്ടിത്തീർന്നു. മാവ് എല്ലാം കലത്തിലിട്ടു കലക്കി ശരിപ്പെടുത്തിയിട്ട് മൂടാനുള്ള പാത്രമെടുക്കാൻ അവർ അപ്പുറത്തെ മുറിയിലോട്ടു പോയി. അപ്പോഴാണ് മാത്തനാശാൻ ഒരു സ്വപ്നംകണ്ടുണർന്നത്. ഉടനെ, വിളക്കെരിയുന്നതുകണ്ട് 'ഭാര്യ ഇതുവരെ ആട്ടിത്തീർന്നില്ലേ' എന്നു സഹതപിച്ചുകൊണ്ട് മൂപ്പീന്ന് എഴുന്നേററു. ചെവിമടക്കിൽ തപ്പിയപ്പോൾ ഒരു ബീഡികിട്ടി, ഉറക്കപ്പിച്ചോടെ മുണ്ടുവലിച്ചു പുതച്ചുകൊണ്ട് ആ ബീഡി കത്തിക്കാനായി അടുക്കളയിലോട്ടു വന്നു.

ഉയർന്ന ഒരു പീഠത്തിലാണ് അടുപ്പ്. പീഠത്തിനു മുമ്പിലായി ഒരു സ്ററൂളുകിടപ്പുണ്ട്. അതിൽനിന്നും കുറച്ചകന്ന് ഒരു മൂലയ്ക്കായി ആട്ടുകല്ലു കിടക്കുന്നു. മാവുകലം അതിനടുത്തും വച്ചിരിക്കുന്നു.

വിളക്കുവച്ചിരിക്കുന്നതു പീഠത്തിലാണ്. വിളക്കിൽ ബീഡികത്തിച്ചിട്ട് മാത്തനാശാൻ കൈ എടുത്തതും, പുതച്ചിരുന്ന മുണ്ടുകൊണ്ട് വിളക്കിനടുത്തിരുന്ന ഒരു ഗ്ലാസ് മറിഞ്ഞു, മറിഞ്ഞ ഗ്ലാസ് മെല്ലെ ഉരുണ്ട് സ്ററൂളിൽ വീണ് ഒരു ദയവുമില്ലാതെ പൊട്ടിയങ്ങു ചിതറി!—

മാവുകലത്തിന്റെ മൂടിയുമായിവന്ന സാറാമ്മ ഞെട്ടിപ്പോയി.

"ഒരു ഗ്ലാസു പൊട്ടിച്ചല്ലോ കർത്താവേ!"

"മുണ്ടങ്ങു കുരുങ്ങിയെടീ! അറിഞ്ഞില്ല. പോട്ടെ, ഒരു ഗ്ലാസല്ലേ?—"

"ഉറക്കപ്പിച്ചിൽ വല്ലോടത്തും പോയിരുന്നാൽ ഇങ്ങോട്ടെണീററുവരാൻ? മാവുകലക്കിവച്ചില്ല, കണ്ടോ ദുർലക്ഷണം! മാവിൽതന്നെ കണ്ണാടിത്തുണ്ടു വീണെന്നു ദൈവത്തിനറിയാം! വേറെ വല്ലവരും ആയിരുന്നെങ്കിൽ ഇപ്പോൾ കഴുത്തുപിടിച്ചു ഞെരിച്ചു കൊല്ലാൻവന്നേനെ!—"

ഗ്ലാസിന്റെ കഷണങ്ങൾ പെറുക്കിക്കളയാൻ കുനിഞ്ഞ ഭർത്താവിന്റെ കൈതട്ടിക്കളഞ്ഞിട്ട് സാറാമ്മ ആ കൃത്യത്തിൽ ഏർപ്പെട്ടു. വളരെനേരംകൊണ്ട് ആട്ടിക്ഷീണിക്കുന്ന ഭാര്യയെ കുറച്ചെന്നു സഹായിച്ചുകളയാമെന്നുവന്ന മാത്തനാശാൻ മിണ്ടാതെ മടങ്ങിപ്പോയി ബഞ്ചിൽ കിടന്നു.

* * *

അടുത്തദിവസം പ്രഭാതം. മാത്തനാശാന്റെ കടയുടെ മുൻവശത്തെ നിരയൊന്നും എടുത്തിട്ടില്ല. രാജപാതയിൽക്കൂടി പോകുന്നവർ നിസ്സംശയം പറയും, ആ കട പൂട്ടിയിട്ടിരിക്കുകയാണെന്ന്! പക്ഷേ അറിയാവുന്നവർക്കറിയാം രാജപാതയിൽനിന്നും മാത്തനാശാന്റെ കടയുടെ വലതുവശത്തുകൂടി പോകുന്ന ആ ഇടവഴിയെ ഇറങ്ങിയാൽ വലതുവശത്തു കാണുന്ന ആദ്യത്തെ പടിപ്പുര അവരെ, മാത്തനാശാന്റെ കടയുടെ പിൻവശത്തെ ആ ഓലകൊണ്ടു നീട്ടിയ ഷെഡ്ഡിൽ എത്തിക്കുമെന്നും, അവിടെ എല്ലാററിനും സൗകര്യപ്രദമായ രീതിയിൽ ഒരുക്കിവച്ചിരിക്കുമെന്നും!

കലക്കിവച്ച മാവിൽ പകുതിയോളം സാറാമ്മ ചുട്ടുസംഭരിച്ചു. ശേഷം പിന്നീടാകാമെന്ന ഭർത്താവിന്റെ ഉത്തരവിനെത്തുടർന്ന് അവർ ജോലിനിർത്തിയിട്ട് ക്ഷീണംതീർക്കാനായി അകത്തുപോയി ഒന്നു കിടന്നു.

നേരം വെളുത്തു. ആരും കടയിലോട്ടു വരാൻകണ്ടില്ല. വിഷമിച്ചു വശായ മാത്തനാശാൻ, ഒടുവിൽ പടിപ്പുരവഴി ജംഗ്ഷനിലേക്ക് ഇറങ്ങി. ജംഗ്ഷനിലെ സകല കടകളും അടച്ചുതന്നെയിരുന്നു. ആളുകൾ ഓരോ കടമുക്കിലും പററംപററമായി കൂടി പേപ്പർവായനയും വിമർശനവുമായി അങ്ങനെ നിരക്കുകയാണ്!

"ജോണിക്കുട്ടീ, പേപ്പർ ഇങ്ങോട്ടൊന്നു കൊണ്ടുവായോ!—" മാത്തനാശാൻ തന്റെ ബിസിനസ്സ് വാച്ചിന് കീകൊടുത്തു. ജോണിക്കുട്ടിയും കൂടെനിന്ന ഏഴെട്ടുപേരും മാത്തനാശാന്റെ കടനോക്കി ഒരു ദുഃഖാചരണഘോഷയാത്ര നടത്തി.

"ആശാനേ! കടയൊന്നും ഇന്നു തുറക്കാൻ പാടില്ല. ൪-മണി കഴിഞ്ഞേ വല്ലതും കഴിക്കുകയുംചെയ്യാവൂ!—" ഒരാൾ ആരംഭിച്ചു.

"ഇന്നുമുഴുക്കെ ഞാനൊന്നും കഴിക്കേണ്ടെന്നുവച്ചിരിക്കുകയാ, ചാക്കോച്ചാ. എങ്ങനെ കഴിയ്ക്കാൻതോന്നും? എന്തൊരു സംഭവമായിപ്പോയി?—" മാത്തനാശാൻ ഖേദം പ്രകടിപ്പിച്ചു.

"നെഹ്റു റേഡിയോയിൽക്കൂടി സംസാരിച്ചിരിക്കുന്നു, ൪-മണി വരെ ആരുമൊന്നും കഴിച്ചുകൂടാന്ന്. ൪-മണി-നാണ് ഗാന്ധിജിയുടെ ശവദാഹം!" മറെറാരാൾ സ്ഥിതിഗതികൾ വിശദീകരിച്ചു.

"നെഹ്റുജിയുടെ ശബ്ദം എത്ര സ്പഷ്ടമായി റേഡിയോയിൽക്കൂടി കേൾക്കാമായിരുന്നു! ഞാൻകൂടി കരഞ്ഞുപോയി!—" ജോണിക്കുട്ടിക്ക് ഏററവും സ്വാരസ്യമായി തോന്നിയതു അതാണ്.

"ഇന്നു മീററിംഗിനുപോകേണ്ടേ? ൪-മണി-ന് എല്ലാവരും മണൽപ്പുറത്ത് എത്തിയിരിക്കണമത്രേ. ഗാന്ധിജിയുടെ ശവദാഹസമയത്തു പ്രാർത്ഥിക്കാൻ" വേറൊരാൾ പ്രസ്താവിച്ചു. അങ്ങനെ സംഭാഷണം നീണ്ടു.

ഇടയ്ക്ക് ഒരാൾ ചോദ്യമായി. "ഒരു ബീഡികത്തിക്കണമല്ലോ ആശാനേ. തീയുണ്ടോ, ഉള്ളിൽ?—"

"ഓ പുകയുന്നകണ്ടില്ലേ? നമുക്കങ്ങോട്ടു പോകാം." ചാക്കോച്ചൻ നടന്നുകഴിഞ്ഞു.

"ബസ്സും ട്രെയിനുംപോലും നിർത്തിയിരിക്കുന്നു!—ഇങ്ങനെ ആരുടെ മരണത്തിനാണാവോ നടന്നിട്ടുള്ളത്?—" മാത്തനാശാൻ പറഞ്ഞു.

സംസാരത്തിൽപെട്ട് ആ സംഘം മുന്നോട്ടുനീങ്ങി, പടിപ്പുരകഴിഞ്ഞുതന്നെ അതു പോവുകയാണ്. മാത്തനാശാൻ ഏററവും പിറകിൽ പടികയറി.

"അല്ല! ഇന്നും ഇഡ്ഡലി ചുട്ടു കൂട്ടിയിരിക്കുന്നല്ലോ ആശാനെ, കുന്നുപോലെ;—" ഒരാൾ അത്ഭുതപ്പെട്ടു.

"മാവാട്ടിത്തീർന്നതിനുശേഷമാ, വറീതെ, വൃത്താന്തമറിഞ്ഞത്. മാവെടുത്തു കളയുന്നതിൽ ഭേദം ചുട്ടങ്ങുകളയരുതോ?—"

"അത് വലിയൊരു നഷ്ടമായല്ലോ!" രണ്ടാമതൊരാൾ വ്യസനിച്ചു.

"നമുക്കെല്ലാവർക്കും വന്ന ആ നികത്താൻവയ്യാത്ത നഷ്ടത്തേക്കാൾ ഒരു നഷ്ടമോ ഇതു?' മാത്തനാശാൻ സന്ദർഭഗൗരവത്തെ കാമ്പിപ്പിച്ചുകൊണ്ട് തുടർന്നു, "എങ്കിലും ആ ത്യാഗമൂർത്തിയുടെ നെഞ്ചത്ത് തോക്കുനീട്ടാൻ നമ്മുടെ നാട്ടുകാരിൽ ഒരാൾക്കു തോന്നിയല്ലോ! എന്നു പിന്നെയും പിന്നെയും ഞാൻ വിചാരിക്കുന്നതു!"

ഇതിനകം ഒരാൾ മാത്തനാശാനെ നോക്കി ചെറിയൊരാംഗ്യം കാണിച്ചു.

"അതും, ഒരു ഹിന്ദുവാണുപോലും അതു ചെയ്തതു! നോക്കണേ, കാലംപോയ പോക്ക്!—" എന്നു പറയുന്നതിനിടയിൽ മാത്തനാശാന്റെ കയ്യിൽനിന്നും രണ്ടു ഇഡ്ഡലിവഹിച്ച ഒരു ഇല ആംഗ്യകർത്താവിന്റെ മുമ്പിലെ ബഞ്ചിലേയ്ക്ക് വഴുതി ഇറങ്ങി. പിന്നെ താമസമുണ്ടോ? ആംഗ്യംകാണിപ്പുപടർന്നു. ആ ബഞ്ചു മുഴുവൻ ഇലയും, ഇഡ്ഡലിയുംകൊണ്ടു നിറഞ്ഞു. അപ്പോഴും സ്ഥിതിഗതികളെപ്പററി ഹൃദയമുരുകുന്ന സ്വരത്തിൽ, പകുതി ചവച്ചും ചവച്ചാതെയും എല്ലാവരും സംസാരിച്ചുകൊണ്ടിരുന്നു!—

മറെറാരുപററംകൂടി വന്നുചേർന്നു. ബഞ്ചിലെ ഇടകൾ നികത്തപ്പെടുന്നു. ഇഡ്ഡലികുന്ന് ഇടിഞ്ഞുതാഴുന്നു. പെട്ടിയിൽ പണം തുരുതുരാ വീഴുന്നു. മാത്തനാശാന്റെ ഊർജ്ജിതം വർദ്ധിക്കുന്നു ഊർജ്ജിതം വർദ്ധിക്കുന്ന കണക്കിനു രാഷ്ട്രീയവിമർശനങ്ങൾ ഹൃദയസ്പൃക്കായിത്തീരുന്നു! മദോന്മത്തനെപ്പോലെ മാത്തനാശാൻ ആടിത്തുടങ്ങുന്നു!

മിച്ചമുള്ള മാവും അയാൾ ചുട്ടുതുടങ്ങി, ചൂടാറാത്ത ഇഡ്ഡലികൾ അടുപ്പിന്നരികിൽ വന്നുതന്നെ ആളുകൾ പറിച്ചുതുടങ്ങി. ആ മാവും തീരാറായി.

"ആശാനേ!—" കൂട്ടത്തിൽനിന്നും ഞെട്ടിപ്പിക്കുന്ന ഒരു വിളി.

ആശാൻ തിരിഞ്ഞുനോക്കി.

പച്ച ഇഡ്ഡലി വായിൽനിന്നെടുത്ത് ചിതഞ്ഞു് അതിൽനിന്ന് എന്തോ എടുത്തു കാണിച്ചുകൊണ്ടു ആ വിളിയുടെ ഉടമസ്ഥൻ തുടർന്നു:

"എന്താ ഇതു്"

"അയ്യോ! കണ്ണാടിക്കഷണമോ!—" അടുത്തിരുന്ന ആൾ വിളിച്ചുപറഞ്ഞു.

ആശാന്റെ സർവ്വസിരകളും അങ്ങു സ്തംഭിച്ചുപോയി!

"കർത്താവേ! അതുള്ളിൽ പോയിരുന്നെങ്കിൽ......!" ആശാന്റെ ഉള്ളിൽ തോന്നിയതു് വേറൊരാൾ വിളിച്ചുപറഞ്ഞു!

അത്രതന്നെ! അയാളുടെ വലതുവശത്തിരുന്ന ഒരു മാന്യൻ ഒരു വല്ലാത്ത 'ഗുളുഗുളു' ശബ്ദത്തോടെ പിറകോട്ടുമറിഞ്ഞു', തലതിരിച്ചിട്ട പൂവൻകോഴിയെപ്പോലെ, കിടന്നു പിടയുകയായി!!

—o—

# വിനോദപംക്തി

ക്ലാസ്സ് മലയാളം രണ്ട്.

അദ്ധ്യാപകൻ:—ഞാൻ ഒരാളോട് ൧൦ രൂപാ കടമായി വാങ്ങി. അതിൽ ൬ രൂപാ കൊടുത്തു. ബാക്കി എന്തു കൊടുക്കണം തോമസ് പറയൂ?

തോമസ്:—സാർ ബാക്കി ഒട്ടും കൊടുക്കേണ്ട. കൊടുത്തതുതന്നെ കൂടിപ്പോയി. അപ്പച്ചനായിരുന്നെങ്കിൽ ഒരു കാശുപോലും കൊടുക്കില്ലായിരുന്നു സാർ!

ഒരുദിവസം സെക്കൻഡ്ഫാറമിൽപഠിക്കുന്ന ജോർജ്ജും ശങ്കരനുമായി വലിയ വഴക്കായി. വാഗ്വാദംമൂത്തു. ഇവർ ഹെഡ്മാസ്റ്ററുടെ മുമ്പിൽ ആനയിക്കപ്പെട്ടു.

ഹെഡ്:—"ജോർജ്ജ് എന്താണുകുഴപ്പം."

ജോർജ്ജ് വികാരാവേശത്തോടുകൂടി പറഞ്ഞു:

"സാർ ശങ്കരന് ഞാൻ കണക്കു കാണിച്ചുകൊടുക്കയില്ലെന്നും അങ്ങനെ ഈ വർഷം തോററു തെണ്ടിയടിക്കുമെന്നും ഞാൻ പറഞ്ഞു. അപ്പോൾ അയാൾ "എന്റെ അച്ഛൻ വായുനോക്കിയാണെ"ന്നും മററും അസഭ്യവാക്കുകൾ പറഞ്ഞു."

ഹെഡ്:—"ശങ്കരാ! ജോർജ്ജിന്റെ പിതാവ് വായുനോക്കിയാണെന്നു താൻ പറഞ്ഞോ?"

ശങ്കരൻ:—"സാർ, ഞാൻ പറഞ്ഞുപോയി. മേലാൽ പറയുകയില്ല."

ഹെഡ്:—"ജോർജ്ജിന്റെ അച്ഛന് എന്താണു ജോലി?"

ജോർജ്ജ്:—അച്ഛൻ ഒന്നാന്തരം ദന്തവൈദ്യനാണ്."

ഹെഡ്:—"അതുശരി."

* * *

സ്കൂളിലോ സർവ്വകലാശാലകളിലോ അദ്ധ്യയനം നടത്താതെതന്നെ ഗണിതശാസ്ത്രത്തിൽ അസാധാരണമായ വിജ്ഞാനം കരസ്ഥമാക്കിയ ഒരു മഹാനുണ്ടായിരുന്നു. പലരും അദ്ദേഹത്തെ പരീക്ഷിച്ചു. അദ്ദേഹം അവരെ തോല്പിച്ചു. ആക്സ്ഫോർഡ് സർവ്വകലാലയത്തിലെ ഒരുന്നതവ്യക്തി ഉത്തരംമുട്ടിക്കുന്ന അനേകം ചോദ്യങ്ങൾ അദ്ദേഹത്തോട് ചോദിച്ചു. അവയിൽ രണ്ടെണ്ണം താഴെക്കാണുന്നവയാണ്.

൧) "ഹേ മഹാത്മൻ! ഇവിടെനിന്നും ചന്ദ്രമണ്ഡലത്തിൽ എത്തിച്ചേരാൻ കാളവണ്ടി എത്രയെണ്ണം വേണ്ടിവരും?"

ഗണിതജ്ഞൻ—(പെട്ടെന്ന്) "നീളമുള്ളതായാൽ ഒന്നു മതിയാകും!"

൨) "മൂന്നു വെളുത്ത പയറുണ്ടാകാൻ എത്ര കറുത്തപയറാവശ്യമുണ്ട്?"

ശാസ്ത്രജ്ഞൻ:—"മൂന്ന്! നിങ്ങൾ അതിനെ തൊലിക്കുമെങ്കിൽ."

* * *

ക്ലാസ്സ്—മലയാളം മൂന്ന്. അദ്ധ്യാപകൻ ഭൂമിശാസ്ത്രം പഠിപ്പിക്കുകയാണ്. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിന്റെ ഒരു പടം ബോർഡിൽ തൂങ്ങുന്നുണ്ട്. ഭൂപടംനോക്കി ദിക്കുകൾ ഗ്രഹിക്കാനുള്ള മാർഗ്ഗങ്ങളെ അദ്ധ്യാപകൻ കാര്യകാരണസഹിതം വിവരിക്കുന്നു. ഒടുവിൽ.

അദ്ധ്യാ:—"അപ്പോൾ, ഒരു ഭൂപടം നോക്കിനില്ക്കുന്ന ആളിന്റെ വലതുഭാഗം കിഴക്കും ഇടതുഭാഗം പടിഞ്ഞാറും, മുകൾഭാഗം വടക്കും, കീഴ്ഭാഗം തെക്കുമാണ്. മനസ്സിലാകാത്തവർ ചോദിച്ചുകൊള്ളൂ?"

ഒരുകുട്ടി:—"സാർ! ആദ്യത്തെരണ്ടും മനസ്സിലായി. ഭൂപടം നോക്കിനില്ക്കുന്ന ആളിന്റെ മുകൾഭാഗം ആകാശവും കീഴ്ഭാഗം ഭൂമിയുമല്ലേ സാർ!"

* * *

"അച്ഛാ! തത്ത പാറിപ്പോയി! ചേട്ടൻ കൂടു തുറന്നുവിട്ടു!" കുട്ടികൾ കൃഷ്ണൻകുട്ടിയുടെ പ്രവൃത്തിയിൽ അരിശംകൊണ്ട് അച്ഛനോടു പരാതിപ്പെട്ടു. വളരെനാളായി സൂക്ഷിച്ചിരുന്ന ആ തത്തയെ—നല്ലവണ്ണം സംസാരിക്കാനും പാടാനും ആടാനും പഠിച്ച ആ തത്തയെ—തുറന്നുവിട്ടതിൽ പിതാവിന്റെ കോപം അതിരുകടന്നു. "കൃഷ്ണൻകുട്ടീ! കൃഷ്ണൻകുട്ടീ! വാ ഇവിടെ" പിതാവ് അലറി, കൃഷ്ണൻകുട്ടി കൃത്രിമമായ സംഭ്രമത്തോടുകൂടി ഹാജരായി.

പിതാവ്:—"നീയാണോ തത്തയെ തുറന്നുവിട്ടതു്."

കൃഷ്ണൻ:—"ഉവ്വ! ഞാൻതന്നെ, ഇന്ന് എന്റെ ജന്മനാളാണ!"

പിതാവ്:—"മാക്കഴുതേ; നിന്റെ ജന്മനാളായതുകൊണ്ട്, തത്തയെ ഓടിക്കണോ?"

കൃഷ്ണൻ:—"അച്ഛൻതന്നെയല്ലേ പറഞ്ഞിട്ടുള്ളതു്. വിശേഷനാളുകളിൽ ഗവണ്മെന്റു തടവുപുള്ളികളെ വിടാറുണ്ടെന്ന്."

* * *

ഒരിക്കൽ ഒരു മലയാളം മുൻഷിയുണ്ടായിരുന്നു. ഗൗരവവും കോപവും മൂർത്തീകരിച്ച ആ ദുർവ്വാസാവിനോടു കുട്ടികൾക്കു വലിയ പേടിയാണ്. ക്ലാസ്സിലേക്ക് മായനും "തല്ലുകൊള്ളി"യെന്ന അപരനാമധേയത്താൽ പ്രഖ്യാതനമായ ഒരു കുട്ടി മൂന്നാംഫാറത്തിൽ പഠിക്കുന്നുണ്ടായിരുന്നു. അയാൾ പലപ്പോഴും ഇദ്ദേഹത്തെ നേരമ്പോക്കുപറഞ്ഞു ചിരിപ്പിക്കാറുണ്ട്. അങ്ങനെ രണ്ടുമൂന്നു വാങ്ങിപ്പിടിക്കാറുമുണ്ട്. ഒരുദിവസം മുൻഷി "പാലിക്കനായ് ഭുവനമഖിലം" എന്ന പദ്യം ബോർഡിൽ എഴുതി. ഈ "തല്ലുകൊള്ളി"യോടു ഇതിൽനിന്നെന്തുമനസ്സിലാക്കി എന്ന് ഹാസ്യരീതിയിൽ ചോദിച്ച തിരുമണ്ടനോടുള്ള ഈ ചോദ്യം ക്ലാസ്സിൽ വലിയ ചിരിയുണ്ടാക്കി.

കുട്ടി:—"സാർ അടിക്കുകില്ലെങ്കിൽ പറയാം."

സാർ:—"കുററംകൂടാതെഅടിക്കാറുണ്ടോ? പറയൂ കേൾക്കട്ടെ!"

കുട്ടി:—"ഇതിൽനിന്നും സാറിന്റെ കൈയ്യക്ഷരം വളരെ മോശമാണെന്നുമനസ്സിലായി."

* * *

ഉദ്ദേശം ൫൦ വർഷങ്ങൾക്കുമുമ്പ് ഒരു വൃദ്ധനായ ലക്ഷപ്രഭു ജീവിക്കുന്നുണ്ടായിരുന്നു. യഥാസ്ഥിതികരിൽ അഗ്രഗണനീയനായ അദ്ദേഹം ആത്മപ്രശംസയിൽ വിരുതനും ക്ഷിപ്രപ്രസാദിയുമായിരുന്നു. വിശ്രുതപ്രഖ്യാതനായ ഒരു ചിത്രകാരൻ ഒരുദിവസം അദ്ദേഹത്തിന്റെ മാളികയിൽ വരാനിടയായി.

പ്രഭു:—"എന്റെ അച്ഛന്റെ പടം വളരെ ഭേഷായിട്ട് ഒന്നു വരച്ചുകിട്ടണം. എത്രദിവസം വേണ്ടിവരും."

ചിത്രകാരൻ:—"ഫോട്ടോ ഇന്നു കിട്ടിയാൽ ഒരാഴ്ചയ്ക്കകം വരച്ചേല്പിക്കാം?"

പ്രഭു കോപാവേശത്തോടെ—

"ഫോട്ടോയോ? ഫോട്ടോ എന്തിന്? ൨൦൦൦-ം കൊല്ലങ്ങൾക്കുമുമ്പ് ജീവിച്ചിരുന്ന ക്രിസ്തുവിന്റെയും കൃഷ്ണന്റെയും ചിത്രങ്ങൾ ഫോട്ടോ കൂടാതെ വളരെ ഭംഗിയായി നിങ്ങൾക്കു വരയ്ക്കാമെങ്കിൽ ൫ വർഷത്തിനുമുമ്പു മാത്രം മരിച്ച അച്ഛന്റെപടംവരയ്ക്കാൻ എന്താണിത്രവിഷമം?"

ചിത്രകാരൻ വരയ്ക്കാമെന്നു സമ്മതിച്ച് യാത്രയായി. ഒരാഴ്ചകഴിഞ്ഞു് ചിത്രവുമായി തിരിച്ചുവന്നു.

പ്രഭു —"ചിത്രം വളരെ ഭേഷായി. കൊള്ളാം. എനിക്കു തൃപ്തിയായി. ഇതു കണ്ടാൽ എന്റെ പടം ആണെന്നു തോന്നിപ്പോകും. പക്ഷേ ഞാൻ അച്ഛന്റെ തനിപ്പകർപ്പാണ്. കുഴപ്പമില്ല. എന്നാൽ അച്ഛൻ മരിക്കുമ്പോൾ ഒരു അസ്ഥികൂടം മാത്രമായിരുന്നല്ലോ? ഈ വണ്ണവും പൊണ്ണവും ഒന്നുമില്ലായിരുന്നല്ലോ."

ചിത്രകാ:—"അതിനു കാരണമുണ്ട്. ഉദാരമനസ്കരും സാധാരണ ബുദ്ധിശാലികളുമായ അങ്ങയെപ്പോലുള്ള മഹാത്മാക്കളുടെ വന്ദ്യപിതാക്കൾക്കു നിശ്ചയമായും സ്വർഗ്ഗലോകത്തു ഒരു നല്ല സ്ഥാനമുണ്ട്. അവിടെ സകലസാധനങ്ങളും സുലഭമാണ്. ദിവ്യൗഷധങ്ങൾ ആർക്കും എപ്പോഴും കിട്ടും. മരണസമയത്തു ചടച്ചിരുന്ന ആ മഹാത്മാവ് അഞ്ചുകൊല്ലത്തിനകമുള്ള സ്വർഗ്ഗവാസംകൊണ്ട് യുവാക്കന്മാരെപ്പോലും അതിശയിക്കുന്ന കാന്തിയോടെ വിരാജിക്കുകയാണ്. ഉദ്ദേശം ഒരാഴ്ചയ്ക്കുമുമ്പുള്ള അദ്ദേഹത്തിന്റെ ഛായയേയാണ് ഈ ചിത്രം സൂചിപ്പിക്കുന്നത്."

പ്രഭു സംതൃപ്തനായി നല്ലൊരു തുക സമ്മാനമായി നൽകി.

(ജയ്ഹിന്ദ്)

—:o:—

# ഗാന്ധിജിയും ഭഗവദ്ഗീതയും

പി. കെ. പരമേശ്വരൻനായർ

ലോകോപദേഷ്ടാക്കളായ മഹാന്മാരിൽ പലരുടേയും ജീവിതരൂപവല്ക്കരണത്തിൽ ചില വിശിഷ്ടഗ്രന്ഥങ്ങൾ വഹിച്ചിട്ടുള്ള സ്ഥാനം പ്രസ്താവയോഗ്യമായിട്ടുള്ളതാണ്. ഗാന്ധിജിയുടെ ജീവിതംതന്നെ ഈ വിഷയത്തിൽ ഒരു ദൃഷ്ടാന്തമായിരുന്നു. റസ്കിന്റെ 'Unto This Last' ടോൾസ്റ്റോയിയുടെ 'സ്വർഗ്ഗരാജ്യം നിങ്ങൾക്കുള്ളിലാണ്' എന്നീ ഗ്രന്ഥങ്ങൾ തന്നെ അഗാധമായി സ്പർശിച്ചിട്ടുണ്ടെന്ന് ഗാന്ധിജി ആത്മകഥയിൽ പ്രസ്താവിക്കുന്നു. എന്നാൽ ആത്മകഥയിലും മററനവധി സന്ദർഭങ്ങളിലും അദ്ദേഹം പ്രത്യേകം പരാമർശിച്ചിട്ടുള്ളതു് ഭഗവൽഗീതയെപ്പററിയാണ്. ആ ഗ്രന്ഥം തന്റെ ജീവിതത്തിനു നൽകിയിട്ടുള്ള പ്രചോദനത്തെപ്പററി കൂടെക്കൂടെ ആവർത്തിച്ചു പറയുന്നതിൽ അദ്ദേഹത്തിനു യാതൊരലംഭാവവും കാണുന്നില്ല. അഥവാ ആ ജീവിതംതന്നെ ഗീതാതത്വങ്ങളുടെ ഒരു സജീവവ്യാഖ്യാനമായിരുന്നസ്ഥിതിക്കു് ഗാന്ധിജിയുടെ നേരിട്ടുള്ള സമ്മതരേഖയില്ലെങ്കിൽതന്നെയും ഗീതയുടെ സ്വാധീനശക്തി അദ്ദേഹത്തിൽ സ്ഫടികസ്ഫുടമാണല്ലോ. ഏററുപറച്ചിലുകൾ അതിനു് ഉപോദ്ബലകമെന്നുമാത്രം വിചാരിക്കപ്പെടേണ്ടതേയുള്ളു.

ഭഗവൽഗീത ആദ്യകാലത്തു് ഗാന്ധിജി വായിച്ചിരുന്നില്ല. പതിനെട്ടാമത്തെവയസ്സിൽ ഇംഗ്ലണ്ടിൽ വിദ്യാഭ്യാസത്തിനുപോയതിനുശേഷംമാത്രമാണ് ഗീതയിലേക്കു് അദ്ദേഹത്തിന്റെ ശ്രദ്ധ ആകർഷിക്കപ്പെട്ടതു്. അവിടുത്തെ താമസത്തിന്റെ രണ്ടാമത്തെ വർഷത്തിൽ തിയോസഫിക്കാരായ ചില സുഹൃത്തുക്കൾ ഗീതയുടെ മാഹാത്മ്യത്തെപ്പററി പറഞ്ഞപ്പോൾ ഒരു ഇൻഡ്യാക്കാരനായ താൻ അതു വായിച്ചിട്ടില്ലെന്നുള്ള പരമാർത്ഥം ലജ്ജാസമേതം സമ്മതിക്കേണ്ടിവന്നുവെന്നു് ഗാന്ധിജി പറയുന്നു. ഉടൻതന്നെ ഗീത വായിച്ചുതുടങ്ങാമെന്നുവച്ചിട്ടും സംസ്കൃതഭാഷയിലുള്ള അപാടവം അതിനു പ്രതിബന്ധമായിത്തീർന്നു. അതിനാൽ സർ എഡ്വിൻ ആർനോൾഡിന്റെ 'ദിവ്യഗീതം' (song celestial) എന്നപരിഭാഷകൊണ്ടു തല്ക്കാലം തൃപ്തിപ്പെട്ടു. പക്ഷെ ആ പരിഭാഷ മനോഹരമായിരുന്നു. അതിന്റെ സഹായത്തോടുകൂടി മൂലഗ്രന്ഥംകൂടിവായിച്ചപ്പോൾ ഗാന്ധിജി ആ ഗ്രന്ഥത്തിൽ ആമഗ്നനായി എന്നുതന്നെ പറയാം. വിശേഷിച്ചു രണ്ടാം അദ്ധ്യായം അദ്ദേഹത്തെ അഗാധമായി സ്പർശിച്ചു. മാനസികങ്ങളായ വികാരങ്ങളെ നിയന്ത്രിച്ചു മനുഷ്യൻ തനിക്കുതന്നെ നാഥനായി (സ്ഥിതപ്രജ്ഞൻ) തീരേണ്ടതിന്റെ ആവശ്യകതയെ വിവരിക്കുന്ന ആ വരികൾ ഗാന്ധിജി ഹൃദിസ്ഥമാക്കി. ഇങ്ങിനെയാണ് ഗീതയിലേയ്ക്കു അദ്ദേഹം ഇദംപ്രഥമമായി പ്രവേശിച്ചതു്.

പിന്നെ അങ്ങോട്ടുള്ള കാലങ്ങളിലെ ജീവിതം മുട്ടുമുക്കാലും ഗീതാതത്വങ്ങൾക്കനുസരണമായിത്തന്നെ അദ്ദേഹം നയിച്ചുതുടങ്ങി. ഇതു ഗീത വായിച്ചതുകൊണ്ടുണ്ടായ ഒരു പരിവർത്തനംമാത്രമാണെന്നു പറയുന്നതു ശരിയായിരിക്കുകയില്ല. ഇവിടെ, ഒരു ഗ്രന്ഥം ഒരുവനെ സ്പർശിക്കുന്നു അഥവാ സ്വാധീനപ്പെടുത്തുന്നു എന്നുപറയുന്നതിന്റെ സാരാംശത്തിലേക്കു ഒന്നു കടക്കേണ്ടിയിരിക്കുന്നു. ഒരുത്തമഗ്രന്ഥത്തെ എത്രയോ ആളുകൾ വായിക്കുന്നു. എന്നാൽ എത്രയും ചെറിയ ഒരു വിഭാഗത്തെ മാത്രമേ അതു യഥാർത്ഥമായി സ്വാധീനപ്പെടുത്തുന്നുള്ളു. ഇതു ഗ്രന്ഥത്തിന്റെ ശക്തിക്കുറവുകൊണ്ടല്ല. വായിക്കുന്നവരുടെ മാനസികസ്വഭാവങ്ങളുടെ വ്യത്യസ്തതകൊണ്ടാണ്. ഗ്രന്ഥത്തിനു മാത്രമായി ഒന്നും ചെയ്യാൻ സാധിക്കുകയില്ല. അതിനെ സ്വീകരിക്കുന്ന അന്തരംഗം അതിനു അനുരൂപമായിരിക്കുകകൂടി വേണം. അല്ലെങ്കിൽ ഗ്രന്ഥം കേവലം ഒരു നിർജ്ജീവസാധനമേ ആകയുള്ളു. ഭവഭൂതി പറഞ്ഞതുപോലെ ഗ്രന്ഥവും വായനക്കാരനുമായി ഒരു 'സമാനധർമ്മത്വം ഉണ്ടായിരിക്കണം. അപ്പോഴാണ് അയാൾ ഗ്രന്ഥത്താൽ ഉദ്ബുദ്ധനാകുന്നതു്. ഗ്രന്ഥം പഠിതാവിന്റെ അന്തരംഗത്തിൽ നൂതനമായി ഒന്നും ഉണ്ടാക്കുന്നില്ല. ലീനമായി കിടക്കുന്നതിനെ ഉന്മിഷിതമാക്കുന്നതേയുള്ളു. ഗാന്ധിജിയിൽ ഗീത നിർവ്വഹിച്ചതു ഇതായിരുന്നു. പതിനെട്ടാംവയസ്സിലും ഗാന്ധിജിയിൽ ഒരു ഭാവികർമ്മയോഗിയുടെ സാദ്ധ്യതകൾ ലീനമായി കിടന്നിരുന്നു. ജീവിതത്തിലെ ഓരോ അടിയും സൂക്ഷിച്ചും സുദൃഢമായുംവച്ചു പോകുന്നതിൽ അന്നേ അദ്ദേഹം ശ്രദ്ധാലുവായിരുന്നു. ജീവിച്ചിടത്തോളംകാലത്തെ തെററുകൾ അപ്പപ്പോൾതന്നെ തിരുത്തി കൂടുതൽ ശരിയായ പഥത്തിലൂടെ സഞ്ചരിക്കണമെന്ന വ്രതം അന്നേ ഉണ്ടു് അദ്ദേഹത്തിനു്. അഥവാ സത്യാന്വേഷകന്റെ ജീവിതം അന്നേ അദ്ദേഹം ആരംഭിച്ചുകഴിഞ്ഞു. അതിലേയ്ക്കു മാർഗ്ഗനിർദ്ദേശം നൽകുവാൻ പര്യാപ്തമായ ഏതൊരു പരിപാടിയേയും അദ്ദേഹം സ്വീകരിക്കാൻ സന്നദ്ധനുമായിരുന്നു. തിയോസഫി, ക്രിസ്തുമതം മുതലായവയെല്ലാം അന്നു് സശ്രദ്ധം പഠിക്കുവാൻ പ്രേരിപ്പിച്ചതും ഇതല്ലാതെ മറെറാന്നുമല്ല. അവയെല്ലാം അദ്ദേഹത്തെ വേണ്ടവിധം സഹായിച്ചു. എന്നാൽ അവസാനരക്ഷാമാർഗ്ഗം അരുളിയതു് ഗീതതന്നെയാണ്. കർമ്മയോഗകാഹളമായ ഗീതയിലൂടെ ഗാന്ധിജി സ്വന്തം ഹൃദയാഭിലാഷങ്ങളുടെ സ്വരംതന്നെയാണു കേട്ടതു്. കേൾക്കേണ്ടതു കേൾക്കുന്നുവെന്നും, അറിയേണ്ടതു് അറിയുന്നുവെന്നും അദ്ദേഹത്തിനുതോന്നി. അന്നുമുതൽ പടിപടിയായി ഗീത ഗാന്ധിജിക്കു് സകലസംശയങ്ങളുടേയും നിവാരണത്തിനുള്ള സാക്ഷാൽ പ്രമാണഗ്രന്ഥംതന്നെയായി.

ഗീതയെ ഒരു പ്രമാണഗ്രന്ഥമായി സ്വീകരിച്ചിട്ടുള്ളവർ അനവധി ഉണ്ടായിരിക്കാം. അതു നിത്യപാരായണത്തിനു് ഉപയോഗിക്കുന്നവരും, ഒന്നാകെ ഹൃദിസ്ഥമാക്കിയിട്ടുള്ളവരും കുറവല്ല. എന്നാൽ ഗാന്ധിജിയുടെ പഠനം അവരുടേതിൽനിന്നെല്ലാം വളരെ ഭിന്നമായിരുന്നു. കേവലം മനനത്തിനുവേണ്ടിയല്ല ഗാന്ധിജി ഗീതപഠിച്ചതു്. നേരേമറിച്ചു് അതിലെ തത്വങ്ങൾ പ്രവൃത്തിയിൽ കൊണ്ടുവരാൻതന്നെയായിരുന്നു. മേൽസൂചിപ്പിച്ചതുപോലെ ഗീതപഠിക്കുന്നതിനുമുമ്പുതന്നെ അദ്ദേഹം അതിലെ തത്വസരണിയിലൂടെ സഞ്ചരിച്ചുതുടങ്ങിയിരുന്നതാണ്. ആ സരണിക്കനുസരണമായ മാർഗ്ഗോപദേശങ്ങൾ ഗീതയിൽ കാണുവാൻ കഴിഞ്ഞുവെന്നുള്ളതായിരുന്നു അദ്ദേഹത്തെ അതിലേയ്ക്കു ആകർഷിച്ചതു്, അതിനെ പ്രമാണഗ്രന്ഥമായി സ്വീകരിക്കാൻപ്രേരിപ്പിച്ചതും. പ്രവൃത്തിപഥത്തിൽ സംശയങ്ങൾ അങ്കുരിക്കുമ്പോഴെല്ലാം ഒരു പഠിതാവു് നിഘണ്ടുവിനെയെന്നപോലെ ഗാന്ധിജി ഗീതയെ ആശ്രയിച്ചുവന്നു.

ദക്ഷിണാഫ്രിക്കയിലെ സത്യാഗ്രഹകാലത്താണ് ഗാന്ധിജി ഗീതയോടു് ഏററവും അടുത്തതു്. തിയോസഫിയും, ബൈബിളും, രാജയോഗവും, യോഗസൂത്രങ്ങളും അദ്ദേഹം അന്നത്തേയ്ക്കു് പഠിച്ചുകഴിഞ്ഞിരുന്നു. ആത്മീയചിന്താപരമായ ഒരു ജീവിതത്തിനു് അവയെക്കാൾ പററിയ സാമഗ്രികളും പദ്ധതികളും ഒരുവനു് ലഭിക്കേണ്ടതായിട്ടില്ല. എന്നാൽ ഒരു സത്യാഗ്രഹിക്കു് കുറേക്കൂടി കർമ്മാത്മകമായ പദ്ധതികൾ ഉപദേശിക്കുന്ന പ്രമാണഗ്രന്ഥമായിരുന്നു ആവശ്യം. ഗീത തികച്ചും അതുതന്നെയാണെന്നു അദ്ദേഹത്തിനു തോന്നി. അതിനാൽ അവസാനമായി മറെറല്ലാത്തിനും ഉപരിയായി ഗാന്ധിജി ഗീതയെത്തന്നെ സമാശ്രയിച്ചു. ആത്മനിയന്ത്രണം ശത്രുമിത്രങ്ങളിലും സുഖദുഃഖങ്ങളിലും ഭേദബുദ്ധിയില്ലായ്മ, ഫലാകാംക്ഷകൂടാതെ കർമ്മംചെയ്യുക മുതലായി സത്യാഗ്രഹത്തിന്റെ അടിസ്ഥാനതത്വങ്ങൾതന്നെ ഗാന്ധിജി ഗീതയിൽ കണ്ടു. സത്യാഗ്രഹിയുടെ മാനസികഘടനയ്ക്കുള്ള പോഷകസാമഗ്രികൾ ഗീതയുടെ ഓരോ അദ്ധ്യായത്തിലും അദ്ദേഹം ദർശിച്ചു. ഇങ്ങനെ തത്വവും പ്രവൃത്തിയുംതമ്മിൽ സമ്മേളിച്ചു മുന്നോട്ടുപോകുന്ന ഒരു അപൂർവ്വദർശനമാണ് നാം ഗാന്ധിജിയുടെ ഗീതാപഠനത്തെസംബന്ധിച്ചിടത്തോളം സവിശേഷമായി കാണുന്നതു്.

സത്യാഗ്രഹകാലത്തു് ഗീതയുടെ പതിമൂന്നു അദ്ധ്യായങ്ങൾ അദ്ദേഹം ഹൃദിസ്ഥമാക്കി. അതു്, അക്കാലത്തു് അദ്ദേഹത്തിലുണ്ടാക്കിയ പരിവർത്തനത്തെപ്പററി ആത്മകഥയിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:—

"........ഗീത എനിക്കു് തെററാത്ത ഒരു മാർഗ്ഗദർശിയായിത്തീർന്നു; ദിവസവും നോട്ടത്തിനുള്ള ഒരു നിഘണ്ടുവായിത്തീർന്നു. ഇംഗ്ലീഷ് വാക്കുകളിൽ സംശയംവരുമ്പോൾ ഇംഗ്ലീഷ് നിഘണ്ടു നോക്കാറുള്ളതുപോലെ എന്റെ ആന്തരികമായ വൈഷമ്യങ്ങളുടേയും പരീക്ഷണങ്ങളുടേയും ഉടനടിയുള്ള ഉപശാന്തിക്കുവേണ്ടി ഞാൻ ഗീതയാകുന്ന ജീവിതനിയമനിഘണ്ടുവിനെത്തന്നെ അവലംബിച്ചു. 'അപരിഗ്രഹം' 'സമഭാവം' മുതലായ ഗീതയിലെ വാക്കുകൾ എന്നെ അഗാധമായി സ്പർശിച്ചു. എന്നാൽ 'സമഭാവം' എങ്ങനെ ശീലിക്കുകയും അനുസരിക്കുകയും ചെയ്യാമെന്നുള്ളതായി പ്രശ്നം. നമ്മെ അപമാനിക്കുന്നവരേയും സ്നേഹിക്കുന്നവരേയും ഒരേനിലയിൽ കരുതുവാൻ എങ്ങനെ കഴിയും? അതുപോലെതന്നെ ഒരുവനുള്ളതെല്ലാം പരിത്യജിക്കുക (അപരിഗ്രഹം), എങ്ങനെ? ശരീരംതന്നെ ഒരു ഉടമയല്ലേ? അതുപോലെതന്നെ ഭാര്യയും കുഞ്ഞുങ്ങളും? ഈശ്വരനെ പിൻതുടരുന്നതിനു് ഞാൻ ഇതെല്ലാം ഉപേക്ഷിക്കണമെന്നോ? അതേ, അതല്ലാതെ നിവൃത്തിയില്ലെന്നാണ് ഗീത നേരേനൽകിയ ഉത്തരം. (ഞാൻ വിഷമിച്ചു) എന്നാൽ സ്നെൽ എന്ന നിയമജ്ഞന്റെ നീതിശാസ്ത്രതത്വങ്ങൾ ഇവിടെ എന്നെസഹായിച്ചു. ഗീതയുടെ വെളിച്ചത്തിൽ, അദ്ദേഹത്തിന്റെ 'ട്രസ്റ്റി' എന്ന പദത്തിന്റെ ആന്തരാർത്ഥം എനിക്കു സ്ഫുടമായി കാണുവാൻ കഴിഞ്ഞു...... മോക്ഷം അഭിലഷിക്കുന്നവൻ, ഒരു "ട്രസ്റ്റി" യെപ്പോലെ, വലിയ മുതലുകൾ കൈവശമുണ്ടെങ്കിലും അവയുടെ ഒരു പൊടിപോലും തന്റെ സ്വന്തമെന്നു കരുതാതിരിക്കണമെന്നുള്ളതാണ് ഗീതയിലെ 'അപരിഗ്രഹം' എന്ന ആശയത്തിന്റെ പൊരുൾ എന്നു് എനിക്കു മനസ്സിലാക്കുവാൻ സാധിച്ചു. 'അപരിഗ്രഹം' 'സമഭാവം' എന്നിവയിൽ മനോഭാവങ്ങളുടെ മാററം അവശ്യം അന്തർഭവിച്ചിരിക്കുന്നുവെന്നു് എനിക്കു് സസൂക്ഷ്മം മനസ്സിലായി. ഉടനെതന്നെ ഞാൻ ചേർന്നിരുന്ന ഒരു ഇൻഷ്വറൻസ് പോളിസി നിറുത്തലാക്കുവാൻ രവിശങ്കർബായിക്കു് എഴുതി. എന്തുകൊണ്ടെന്നാൽ, എന്റെ ഭാര്യയേയും കുഞ്ഞുങ്ങളേയും, അവരെ എന്നപോലെ എന്നെയും സൃഷ്ടിച്ച ദൈവം രക്ഷിച്ചുകൊള്ളുമെന്നു് എനിക്കു ഉറപ്പുണ്ടായി. എനിക്കു് ഒരു യഥാർത്ഥപിതാവുതന്നെയായിരുന്ന ജ്യേഷ്ഠനു്, അതുവരെയുള്ള എന്റെ സമ്പാദ്യങ്ങൾ നൽകിയിരിക്കുന്നതായും, എന്നാൽ ഭാവിയിൽ എനിക്കു വല്ലതും ഉണ്ടായിരുന്നാൽ തന്നെയും അതെല്ലാം സമുദായനന്മയ്ക്കു വിനിയോഗിക്കേണ്ട പൊതുമുതലായിരിക്കുമെന്നുള്ളതിനാൽ മേലാൽ എന്നിൽനിന്നു ഒന്നും പ്രതീക്ഷിക്കരുതെന്നും വിവരിച്ചു് ഞാൻ ഒരു കത്തയച്ചു."

ഇങ്ങനെയാണ് ഗീത ഗാന്ധിജിയെ സ്വാധീനപ്പെടുത്തിയതു്. സർവ്വസ്വവും ഈശ്വരനിൽ സമർപ്പിച്ചിട്ടു് തന്റെ കർമ്മം ഫലാകാംക്ഷകൂടാതെ ചെയ്യുക എന്നുള്ള ഗീതയിലെ തത്വത്തെ ദിവസവും ഉരുവിടുന്നവർ അസംഖ്യം കണ്ടേക്കാം. എന്നാൽ ഗാന്ധിജിയെപ്പോലെ അതു് ഉടനടി പ്രവൃത്തിപഥത്തിൽ എത്തിച്ചിട്ടുള്ളവർ വിരലിലെണ്ണാൻപോലും കാണുമോ എന്നു സംശയം.

ഫലാകാംക്ഷകൂടാതെ കർമ്മംചെയ്യുക സാദ്ധ്യമാണോ എന്നുള്ള സംശയം ഗാന്ധിജിക്കും ആദ്യകാലത്തു് കലശലായുണ്ടായിരുന്നു. ഫലം വേണ്ടെന്നുവയ്ക്കുകയാണെങ്കിൽ പിന്നെ കർമ്മത്തിന്റെ ആവശ്യമെന്തു? ഈ സംശയം നിവാരണംചെയ്തതു ഗീതയാണ്. ഫലേച്ഛകൂടാതെ കർമ്മംചെയ്യുന്ന ത്യാഗിക്കു കർമ്മഫലംസിദ്ധിക്കുന്നില്ലെന്നുള്ള തെററിദ്ധാരണ ഗീത വ്യക്തമായി പഠിച്ചപ്പോൾ നിശ്ശേഷം മാറി. 'അനാസക്തിയോഗം' എന്ന തന്റെ ഗീതാവ്യാഖ്യാനത്തിൽ ഗാന്ധിജി ഇപ്രകാരം പറഞ്ഞിരിക്കുന്നു:—

"ഫലത്യാഗം എന്നു പറയുന്നതിന്റെ താല്പര്യം ഫലാസക്തിയുടെ അഭാവം എന്നുമാത്രമാണ്. ഫലത്യാഗിക്കു് വാസ്തവത്തിൽ ആയിരംമടങ്ങു ഫലം സിദ്ധിക്കുന്നു. ഗീതയിൽ പറഞ്ഞിരിക്കുന്ന ഫലത്യാഗത്തിൽ അപരിചിതമായ ശ്രദ്ധയുടെ പരീക്ഷയാണുള്ളതു്. ഫലത്തെപ്പററി സദാചിന്തിച്ചുകൊണ്ടിരിക്കുന്നവൻ കർമ്മഭ്രഷ്ട (കർത്തവ്യബോധരഹിത)നായിത്തീരുന്നു. അവൻ ഭീരുവാകയും തന്മൂലം ക്രോധത്തിനു വശംവദനായി അയോഗ്യങ്ങളായ കർമ്മങ്ങളിൽ ഏർപ്പെടുകയും പലതും മാറി മാറി പ്രവർത്തിക്കുകയും ചെയ്യുന്നു."

ഗാന്ധിജിയുടെ കർമ്മപദ്ധതികളുടെയെല്ലാം മൂലതത്വം മേൽകാണിച്ചിരിക്കുന്ന ഉദ്ധരണിയിൽ കാണാം. അദ്ദേഹത്തിന്റെ രാഷ്ട്രീയപ്രവർത്തനങ്ങളുടെ ആരംഭകാലംമുതൽ അവസാനംവരെ കാണുന്ന ചില പ്രത്യേകസ്വഭാവവിശേഷങ്ങൾക്കു് ഗീത എത്രമാത്രം ഉത്തരവാദപ്പെട്ടിരിക്കുന്നുവെന്നുള്ളതിനും ഇതു തെളിവാണ്. പ്രക്ഷോഭജനകങ്ങളായ എത്രഎത്ര രംഗങ്ങൾ ഗാന്ധിജി ദർശിച്ചു. മററാരാണെങ്കിലും കോപംകൊണ്ടു പകരം വീട്ടുവാനും, നൈരാശ്യംകൊണ്ടു പിൻതിരിയുവാനും, വിജയംകൊണ്ടു് മദാന്ധനാകുവാനും ഇടവരുത്തുമായിരുന്നു. പലപല അനുഭവങ്ങൾ ഗാന്ധിജിയുടെ രാഷ്ട്രീയജീവിതത്തിനിടയ്ക്കു് അദ്ദേഹത്തിനുണ്ടായിട്ടുണ്ടു്. എന്നാൽ അവയിലെല്ലാം ഒരേ ഒരു നിലയിലാണ് ആ കർമ്മയോഗിനിന്നതു്. മററുള്ളവർ നിരാധാരരായി വാടിത്തളർന്നു് പിൻതിരിയുന്ന ഘട്ടങ്ങളിൽ ഗാന്ധിജി ഒരു പുഞ്ചിരിയോടെ തന്റെ കൃത്യം തുടർന്നിട്ടുള്ളതായിക്കാണാം. മററുള്ളവർ ക്ഷോഭാവേശംകൊണ്ടു് തന്നെത്താൻ മറന്നു് അട്ടഹസിക്കുമ്പോൾ ഗാന്ധിജി പ്രശാന്തനായി സൗമ്യവചനങ്ങൾ ഉച്ചരിക്കുന്നതു കേൾക്കാം.

"സുഖദുഃഖേ സമേ കൃത്വാ
ലാഭാലാഭൗ ജയാജയൌ" എന്നും
"ദുഃഖേഷ്വനുദ്വിഗ്നമനാഃ
സുഖേഷു വിഗതസ്പൃഹഃ
വീതരാഗഭയക്രോധഃ"

എന്നും മററുമുള്ള വരികളിൽ അന്തർഭവിച്ചിരിക്കുന്ന സ്ഥിതപ്രജ്ഞന്റെ ലക്ഷണങ്ങൾ പൂർണ്ണമായി നേടിക്കൊണ്ടാണ് ഗാന്ധിജി തന്റെ പ്രവൃത്തിപഥത്തിൽ പ്രവേശിച്ചതു്. ഒരു

(ശേഷം പതിനൊന്നാംപേജിൽ)



1940 ജനവരി 4-ാംനു 81-ാമത്തു കാൺഗ്രസ്സിന്റെ രണ്ടാമത്തു സമ്മേളനത്തിന്റെ രണ്ടാംദിവസത്തെ യു. എസ്. സെനററിന്റെയും പ്രതിനിധിസഭയുടേയും സംയുക്തസമ്മേളനത്തിൽ പ്രസിഡന്റ് ട്രൂമൻ തന്റെ വർഷാരംഭസന്ദേശം വായിക്കുന്നു. യൂറോപ്യൻ പുനരുദ്ധാരണപരിപാടിക്കു തുടർന്നുള്ള പിൻതുണയും പിന്നോക്കരാജ്യങ്ങൾക്കു സാങ്കേതികസഹായങ്ങൾ നൽകാനുള്ള നാലാമത്തെ പരിപാടി നടപ്പിലാക്കുവാൻ പിന്തുണയും വ്യവസ്ഥചെയ്യാൻ നിയമമുണ്ടാക്കണമെന്നു് പ്രസിഡന്റ് ആ പ്രസംഗത്തിൽ ശുപാർശചെയ്തിരുന്നു.

Reg: No. 2689 T. 19. Licence No. 427


# 1950 മാർച്ച് 3-ാംതീയതി

## തിരുവിതാംകൂറിലെ പ്രമുഖകേന്ദ്രങ്ങളിൽ

## പ്രദർശനം ആരംഭിക്കുന്നു




AZAD


Printed and published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.